032:1M73:12
F6.1

M73:12 F6.1
A MENON (K.)
havam.
MUL
034829

DOCTRINA·VIM·PROMOVET INSITAM

**Madras University Library.**

Call Number 032:1M73:12 F6·1

Accession Number 34829

Available for loan from

This book should be returned on or before the date last marked below.

| | | | |
|---|---|---|---|
| 30 OCT. 1938 | 22 AUG 1960 | | |
| 11 NOV. 1938 | 18 DEC 1961 | | |
| 31 OCT 1943 | -1 JAN 1962 | | |
| 20 JAN 1944 | 15 JAN 1962 | | |
| 0 JAN 1944 | 29 JAN 1962 | | |
| 16 NOV 1948 | 12 FEB 1962 | | |
| 1949 | 4 JUL 1963 | | |
| -1 NOV 1950 | | | |
| 7 JUN 1953 | | | |
| 25 MAR 1957 | | | |
| 10 OCT 1958 | | | |

# കുമാരസംഭവം.

# കുമാരസംഭവം

ഭാഷ.

## ഒന്നാം ഭാഗം

ഒന്നു മുതൽ എട്ടുവരെ സർഗ്ഗങ്ങൾ.

പരിഭാഷകൻ

കവിതിലകൻ കുണ്ടൂർ നാരായണമേനോൻ ബി. എ.

ഒന്നാം പതിപ്പ് 1,000 പ്രതി.

തൃശ്ശിവപേരൂർ,

വി. സുന്ദരയ്യർ ആൻഡ് സൺസ്സ്.

1101.

Price 12 As.] *Copy Right.* [വില 12 അണ.

34829
032 : 1M73 : 12
F6·1

# മുഖവുര.

മഹാമഹിമശ്രീ പ്രൊഫസ്സർ ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ എം. ഏ. അവൎകൾ തൎജ്ജിമ ചെയ്തിട്ടുള്ള കുമാരസംഭവം ഞാൻ വീണ്ടും തൎജ്ജിമ ചെയ്തതു സാഹസമായി എന്നു പറയുന്നവർ പലരുമുണ്ടാവുമെന്നെനിക്കറിയാം. എന്നാൽ, അദ്ദേഹം തൎജ്ജിമ ചെയ്യുന്നതിന്നു മുമ്പുതന്നെ ഇതിന്റെ ഏതാനും ഭാഗം ഞാൻ തൎജ്ജിമചെയ്തിരുന്നു. പിന്നെ, പാഠ്യപുസ്തകത്തിന്റെ ആവശ്യം പ്രത്യേകം ഉദ്ദേശിച്ചു ശൃംഗാരരസപ്രധാനമായ 4-ം 8-ം സൎഗ്ഗങ്ങൾ അവിടുന്നു തൎജ്ജിമ ചെയ്തിട്ടില്ല. സാധാരണ വായനക്കാൎക്കു ആവശ്യമാകുമെന്നു കരുതി ആ സൎഗ്ഗങ്ങളും, കാളിദാസരുടെ അല്ലെങ്കിലും കാളിദാസരുടെ ആക്കി അച്ചടിച്ചിട്ടുള്ള 9 മുതൽ 17 വരെ സൎഗ്ഗങ്ങളും ഞാൻ തൎജ്ജിമ ചെയ്തിട്ടുണ്ട്. മററ പല മഹാകാവ്യങ്ങളിലും ഉള്ളതുപോലെ ഒരു യമകസൎഗ്ഗം ഇതിലുമുണ്ടായാൽ നന്നായിരിക്കുമെന്നു വിചാരിച്ചു ശബ്ദാലങ്കാരപ്രിയന്മാൎക്കു വേണ്ടി ഒരു സൎഗ്ഗം ഇതിൽ യമകത്തോടുകൂടിയും തൎജ്ജിമ ചെയ്തിട്ടുണ്ട്. മേൽകാണിച്ച കാരണങ്ങൾ ഈ കാൎയ്യത്തിൽ മതിയായ ഒരു സമാധാനമായില്ലെന്നു വിചാരിക്കുന്നവർ 1703-ാം നമ്പ്ര് മൽമൽ ഉള്ള ഈ കാലത്തും ആളുകൾ പരുക്കൻ ഖദർമുണ്ടു നെയ്യുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ടല്ലോ എന്നു വിചാരിച്ചെങ്കിലും എന്റെ സാഹസത്തെ ക്ഷമിപ്പാനപേക്ഷിക്കുന്നു.

ഈ തർജ്ജിമയുടെ പല ഭാഗവും ക്ഷമയോടുകൂടി പരിശോധിക്കയും പ്രൂഫ് നോക്കുകയും മററും ചെയ്തു മെസേഴ്സ് വള്ളത്തോൾ, കുന്നേഴത്തു പരമുമേനോൻ, കെ. വി. രാഘവൻനായർ ഇവരോടും, ഉദ്യോഗസംബന്ധമായും മററും പല ജോലികളും ഉള്ളതിന്നിടക്കു് ഇതിന്നു പ്രൌഢമായ ഒരു അവതാരിക എഴുതിത്തന്ന ബ്രഹ്മശ്രീ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകളോടും എനിക്കുള്ള കൃതജ്ഞതയെക്കൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

തൃശ്ശിവപേരൂർ,
24—1—1101

ഗ്രന്ഥകർത്താവ്.

# അവതാരിക.

ആധുനികന്മാരായ കേരളീയമഹാകവികളിൽ അത്യന്തം മാന്യമായ ഒരു സ്ഥാനത്തെ അലങ്കരിക്കുന്ന ശ്രീമാൻ കവിതിലകൻ കുണ്ടൂർ നാരായണമേനോൻ ബി.എ. അദ്ദേഹത്തിന്റെ രഘുവംശം, മേഘസന്ദേശം, മാളവികാഗ്നിമിത്രം, ഈ കാളിദാസകൃതികളുടെ മലയാളതൎജ്ജിമകളാൽ തനിക്കുള്ള അന്യാദൃശമായ ഭാഷാന്തരോന്നയനപാടവത്തെ ഇതിനു മുൻപുതന്നെ സഹൃദയസമക്ഷം പ്രകടീകരിച്ചിട്ടുണ്ടല്ലോ. ഇപ്പോളിതാ കാളിദാസകവിചക്രവൎത്തിയുടെ മറെറാരു കൃതിയായ കുമാരസംഭവത്തിന്റെ മലയാളതൎജ്ജമയും അദ്ദേഹം പ്രസിദ്ധപ്പെടുത്തി കേരളീയരുടെ വാചാമഗോചരമായ കൃതജ്ഞതയ്ക്കു വീണ്ടും പാത്രീഭവിച്ചിരിക്കുന്നു. കവികുലത്തിൽ അസ്മാദൃശന്മാരുടെ 'കാരണവ'രായ ഈ മഹാകവിക്കു കാളിദാസരോടുള്ള ഭക്തിയും മാതൃഭാഷയോടുള്ള സ്നേഹവും എത്രമാത്രമെന്നു പരിച്ഛേദിക്കുവാൻ പ്രയാസമുണ്ട്.

കുമാരസംഭവമഹാകാവ്യം പതിനേഴുസൎഗ്ഗവും ശ്രീമാൻ നാരായണമേനോൻ തൎജ്ജിമചെയ്തു രണ്ടു പുസ്തകങ്ങളായി പ്രകാശനം ചെയ്തിരിക്കുന്നു. ആദ്യത്തെ പുസ്തകത്തിൽ ഒന്നു മുതൽ എട്ടുവരേയും, രണ്ടാമത്തേതിൽ ഒൻപതു മുതൽ പതിനേഴുവരേയും സൎഗ്ഗങ്ങളാണ് അടങ്ങിയിരിക്കുന്നതു്. ആദ്യത്തെ ഏഴു സൎഗ്ഗങ്ങൾ മാത്രമേ കാളിദാസർ നിൎമ്മിച്ചിട്ടുള്ളു എന്നും അതല്ലാ 'രതോത്സവ'വൎണ്ണനമായ എട്ടാം സൎഗ്ഗവും കാളിദാസകൃതിതന്നെയെന്നും അതു

മല്ല ഒൻപതു മുതൽ പതിനേഴുവരെയുള്ള സർഗ്ഗങ്ങളുംകൂടി ആ കവിതന്നെയാണു രചിച്ചതെന്നും സഹൃദയന്മാരുടെ ഇടയിൽ കുമാരസംഭവത്തിൻെറ കർത്തൃത്വത്തെപ്പററി പലപ്രകാരത്തിൽ അഭിപ്രായമുണ്ടു്. ഒന്നു മുതൽ എട്ടുവരെ സർഗ്ഗങ്ങൾ കാളിദാസകൃതിയെന്നും ഒൻപതു മുതൽ സർഗ്ഗങ്ങൾ അനന്തരകാലികനായ ഏതോ ഒരു കവി പട്ടുനൂലിനോടു വാഴനാരിൻെറ മാതിരിയിൽ ഏച്ചുകെട്ടീട്ടുള്ളതാണെന്നുമത്രേ എൻെറ പക്ഷം. ഭട്ടോജിദീക്ഷിതർ സിദ്ധാന്തകൌമുദിയിൽ കുമാരസംഭവം എട്ടാം സർഗ്ഗത്തിലെ "ശാർവരസ്യതമസോ നിഷിദ്ധയേ" എന്ന പാദം കാളിദാസകൃതമെന്നു മുക്തകണ്ഠം ഘോഷിക്കുന്നു. ഉജ്ജ്വലദത്താചാര്യർ ഉണാദിവൃത്തിയിൽ ഭേരിശബ്ദം ഹ്രസ്വാന്തമായും പ്രയോഗിക്കാമെന്നു കാണിക്കുവാൻ "രവഃ പ്രഗത്ഭാഹതഭേരിസംഭവഃ" എന്നു കുമാരസംഭവം പതിന്നാലാം സർഗ്ഗത്തിൽനിന്നു് ഒരു പാദം ഉദ്ധരിച്ചു് "ഇതി കുമാരസംഭവഃ" എന്നു പറയുന്നുണ്ടെങ്കിലും അതു കാളിദാസരുടേതാണെന്നു പ്രസ്താവിക്കുന്നില്ല. ഈ പ്രമാണങ്ങളെല്ലാം അധികം എൻെറ അനുമാനത്തെ സഹായിക്കുന്നതു സഹൃദയന്മാരുടെ അനുഭവംതന്നെയാണു്.

"പ്രിയാങ്കപാളീവ വിമർദ്ദഹൃദ്യാ
ന കാളിദാസാദപരസ്യ വാണീ"

എന്നാണല്ലോ അഭിയുക്തവചനം. ആ അനന്യസുലഭമായ വിമർദ്ദഹൃദ്യത അഥവാ ചർവ്വണക്ഷമത്വം ഒന്നു മുതൽ എട്ടുവരെ സർഗ്ഗങ്ങളിൽ പരിപൂർണ്ണമായും ഒൻപതു മുതല്ക്കുള്ള സർഗ്ഗങ്ങളിൽ ശുദ്ധമേ ശൂന്യമായുമത്രേ കാണുന്നതു്.

"സ്ഥിതാഃ ക്ഷണം പക്ഷ്മസു താഡിതാധരാഃ" ഇത്യാദി പദ്യങ്ങളുടെ കനിഷ്ഠസഹോദരത്വത്തിന് അൎഹതയുള്ള ഒരൊററ ശ്ലോകംപോലും ഒൻപതു മുതലുള്ള സൎഗ്ഗങ്ങളിലില്ല. ഒൻപതാം സൎഗ്ഗത്തിലെ

"സുകാന്തകാന്താമണിതാനുകാരഃ"

മുതലായുള്ള പദ്യങ്ങൾ വായിക്കുമ്പോൾ

"അപ്രശസ്താഃ പദന്യാസാ
ജനനീരാഗഹേതവഃ
സന്ത്യേതേ ബഹുലാലാപാഃ
കവയോ ബാലകാ ഇവ"

എന്ന ത്രിവിക്രമഭട്ടന്റെ കുകവി വൎണ്ണനത്തിനുള്ള ഉദാഹരണങ്ങളത്രേ നമ്മുടെ ദൃഷ്ടിക്കുവിഷയീഭവിക്കുന്നതു്. ഹൃദയാലുക്കളെക്കൊണ്ടു ശിരഃകമ്പനം ചെയ്യിക്കത്തക്ക ഒരു ഉപമയോ അൎത്ഥാന്തരന്യാസമോ സ്വഭാവോക്തിപോലുമോ ആ ഉത്തരഭാഗത്തിൽ എങ്ങുമില്ല.

"ശാസനം പശുപതേസ്സ കുമാരഃ
സ്വീചകാര ശിരസാ വിനതേന;
സൎവ്വഥൈവ പിതൃഭക്തിരതാനാ-
മേഷ എവ പരമഃ ഖലു ലാഭഃ"

ഇത്യാദിപദ്യങ്ങൾ എത്രമാത്രം രസനിഷ്യന്ദികളാണെന്നു നിൎമ്മത്സരന്മാർ വിധിക്കട്ടേ. താരാനാഥതൎക്കവാചസ്പതിയുടെ കാലംമുതൽ പല പണ്ഡിതന്മാരും ഒൻപതുമുതൽ പതിനേഴുവരെ സൎഗ്ഗങ്ങളുടെ കൎത്തൃത്വം കാളിദാസനുടെ തലയ്ക്കുവെച്ചു കെട്ടുവാൻ പരിശ്രമിച്ചിട്ടുണ്ടെങ്കിലും ആ പരിശ്രമം മുഴുവൻ ഇന്നുവരെയും പരാജയത്തിൽതന്നെയാ

ണു കലാശിച്ചിട്ടുള്ളതു്. ഉജ്ജ്വലഭത്തനാൽ സ്മൃതനായ കവിയും പ്രാചീനനാണെന്നു സമ്മതിക്കാമെന്നല്ലാതെ കുമാരസംഭവം ഒന്നുമുതൽ പതിനേഴുവരെ സർഗ്ഗങ്ങളുടേയും നിർമ്മാതാവു ഒരാളാണെന്നു പറഞ്ഞാൽ സഹൃദയന്മാൎക്കു് അതു് ഒരിക്കലും അംഗീകരിക്കുവാൻ സാധിക്കുന്നതല്ല.

ശ്രീമാൻ നാരായണമേനോൻ ആദ്യന്തം ഈ കാവ്യം തർജ്ജിമചെയ്തതു് ഏതായാലും ഉചിതമായി എന്നാണു് എനിക്കു തോന്നുന്നതു്. ഒന്നുമുതൽ മൂന്നുവരെയും അഞ്ചുമുതൽ ഏഴുവരെയും സർഗ്ഗങ്ങൾ പരേതനായ മഹാപണ്ഡിതർ പ്രൊഫസ്സർ എ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ അവർകളുടെ തർജ്ജിമമൂലം കേരളീയൎക്കു പരിചിതമായിട്ടുണ്ടല്ലോ. ഏഴാം സർഗ്ഗത്തിന്റെ അവസാനത്തിൽ പാൎവ്വതീപരമേശ്വരന്മാരുടെ വിവാഹത്തോളമേ കഥ ചെല്ലുന്നുള്ളു. "തസ്മിൻവിപ്രകൃതാഃ കാലേ താരകേണ ദിവൌകസഃ" എന്ന രണ്ടാംസർഗ്ഗത്തിലെ പ്രാരംഭപദ്യത്തിൽ ഗർഭിതമായ ഇതിവൃത്തം താരകന്റെ വധംകൊണ്ടേ നിർവ്വഹണദശയെ പ്രാപിക്കുകയുള്ളു. അതിനാൽ കാവ്യത്തിന്റെ നാമധേയം കുമാരസംഭവം എന്നാണെങ്കിലും താരകവധം വരെയുള്ള ശിവപുരാണാന്തൎഗ്ഗതമായ കഥതന്നെയാണു് അതിൽ വൎണ്ണനീയമായിട്ടുള്ളതു്. കാളിദാസനു് ആ ഗ്രന്ഥം സമ്പൂൎണ്ണമാക്കുവാൻ ഇടവന്നിരുന്നു എങ്കിൽ അദ്ദേഹം അങ്ങിനെയല്ലാതെ ചെയ്യുമായിരുന്നിരിക്കുകയുമില്ല. ആ കൃത്യമാണു് അനന്തരകാലികനെന്നു ഞാൻ മുൻപു സൂചിപ്പിച്ച കവി അനുഷ്ഠിക്കുകയുണ്ടായതു്. അദ്ദേഹത്തിന്റെ കവിതയ്ക്കുള്ള ദോഷങ്ങൾ മൂലത്തിലാണു നാം പ്രത്യക്ഷമായി കാണുന്നതു്. ദോഷ

യിൽ അവ കുണ്ടൂരിൻെറ നിസൎഗ്ഗസുന്ദരമായ വാഗ്ധോരണിയിൽ മജ്ജിച്ചുപോകുകതന്നെ ചെയ്യുന്നു. 'കോമപ്പനും', 'കണ്ണനും' എഴുതിയ കാവ്യകലാകുശലനായ ആ മഹാകവിയുടെ സന്ദൎഭശുദ്ധമായ ശബ്ദപ്രയോഗചാതുൎയ്യം ഈ തൎജ്ജിമയിൽ എവിടെയും ഒന്നുപോലെ പ്രതിഫലിക്കുന്നുണ്ട്.

"യോദ്ധും മദേന മിമിളുഃ കകുഭാമധീശാ
ബാണാന്ധകാരിതദിഗംബര ഗൎഭമേത്യ"

എന്ന പതിനേഴാംസൎഗ്ഗം ഒന്നാമത്തെ ശ്ലോകത്തിൻെറ ഉത്തരാൎദ്ധം

"പാരിന്നിറങ്ങി മദമാൎന്നു ദിഗീശരന്ത്രും
കോരിച്ചൊരിഞ്ഞിരുൾനിറഞ്ഞ രണാങ്കണത്തിൽ"

എന്നു തൎജ്ജിമചെയ്യാൽ അതെങ്ങനെയാണു മൂലത്തേക്കാൾ മനോഹരമാകാതെയും സഹൃദയന്മാൎക്ക് ആസ്വാദ്യമാകാതെയും ഇരിക്കുന്നതു്!

"ആരോഹണാൎത്ഥം നവയൌവനേന
കാമസ്യസോപാനമിവ പ്രയുക്തം."

എന്ന പദ്യാൎദ്ധം,

"കാമനു കേറുവതിന്നായ് നവയൌവനം നി-
സ്സീമപ്രഭം പണിതുവെച്ചൊരു കോണിപോലെ."

എന്നാത്രേ കുണ്ടൂർ തൎജ്ജിമ ചെയ്തിരിക്കുന്നതു്.

"സ്തനദ്വയം വൈ പ്രവൃദ്ധേ തഥാ മുനേ!
യഥാ ന സൂത്രം കില മദ്ധ്യഗം ഭവേൽ"

എന്ന ശിവപുരാണപദ്യാൎദ്ധം കാളിദാസർ

"അന്യോന്യമുൽപീഡയദുൽപലാക്ഷ്യാഃ
സ്തനദ്വയം പാണ്ഡു തഥാ പ്രവൃദ്ധം.

മദ്ധ്യേ യഥാ ശ്യാമമുഖസ്യ തസ്യ
മൃണാളസൂത്രാന്തരമപ്യലഭ്യം"

എന്നു വിവൎത്തനം ചെയ്തു. കണ്ടൂർ അതു

"പീലിപ്പൂതുക്കുഴലിയാൾക്കൊഴിയാത്തിരക്കു
ശീലിച്ചു കൊങ്കകൾ വിളൎത്തുവളൎന്നു വന്നു
നീലിച്ചുനല്ല മുഖമാണൊരു നേൎത്ത നീൎത്താർ
നൂലിന്നു പോലുമിടയിൽ പഴുതേകിടാതെ"

എന്നു തൎജ്ജമ ചെയ്യുമ്പോൾ മൂലമോ ഭാഷാന്തരമോ നല്ല തെന്നു തീൎച്ചപ്പെടുത്തുവാൻ പ്രയാസമായിത്തീരുന്നു.

"മൂലോകമേന്തുമുപമാനപദാൎത്ഥമെല്ലാം
ചേലോടു വേണ്ടപടിതാൻ വിഷമിച്ചിണക്കി
ആ ലോകശില്പി പണിതാനൊരുമിച്ചു സൌന്ദ-
ൎയ്യാലോകനത്തിനവളെദ്ദൃഢമെന്നു തോന്നും"

"പരിചൊടവൾ മിഴിച്ചു മൂൎച്ഛമാറി-
പ്പുരമവധാനപരത്വമാൎന്നു നേത്രം;
പിരിയുക പണിയാം പ്രിയൻ മിഴിത്തീ-
പ്പൊരിയിലെരിഞ്ഞതറിഞ്ഞതില്ല തന്വി"

ഇത്യാദി പദ്യങ്ങളുടെ ഒഴുക്കു ഹൃദയംഗമമായിരിക്കുന്നു. ആദ്യത്തെ പദ്യത്തിൽ 'യഥാപ്രദേശം വിനിവേശിതേന' എന്ന ഭാഗത്തിൻെറ തൎജ്ജമയ്ക്കു സ്ഫുടത പോരാ എന്നുള്ള വസ്തുത ഞാൻ ഇവിടെ വിസ്മരിക്കുന്നില്ല.

"തുഷാരസംഘാതശിലാഃ ഖുരാഗ്രൈ-
സ്സമുല്ലിഖൻ ദൎപ്പകലഃ കകുദ്മാൻ
ദൃഷ്ടഃ കഥഞ്ചിദ്ഗവയൈൎവ്വിവിഗ്നൈ-
രസോഢസിംഹധ്വനിരുന്നനാദ"

എന്ന പദ്യം അതിലെ പദധാടിവിടാതെ

"ക്രുദ്ധിച്ചസിംഹനിനദാൽ, കടമാന്നു പേടി
വദ്ധിച്ചിട്ടും വലിയ മുക്കുറയും മുഴക്കി
എത്തിദ്ദിലാഘനഹിമങ്ങൾ പിളന്നു ക്രൂററം
കുത്തിക്കളിച്ച ചുരമാന്തി മദിച്ച ക്രൂററൻ"

എന്നു തജ്ജിമ ചെയ്യുവാൻ ഇന്നു കുഞ്ഞുരിനെ കഴിച്ചാൽ വേറെയാരെങ്കിലുമുണ്ടോ എന്നു സംശയമാണു്.

"അപ്യപ്രസിദ്ധം യശസേഹിപുംസാ-
മനന്യസാധാരണമേവകമ്മ."

എന്ന മൂലം മലയാളത്തിലാക്കുമ്പോൾ

"ചെററാകിലും താൻ പുകൾവരുപാരിൽ
മററാക്കുമൊക്കാപ്പണിതന്നെയല്ലോ",

എന്നു രൂപാന്തരപ്പെടുന്നു. ദ്രാവിഡ പദങ്ങൾ കുഞ്ഞുരിനെപ്പോലെ സ്വാധീനമില്ലാത്ത ഒരു കവിക്കു് ഈ 'പച്ച മലയാള' തജ്ജിമ ഒരിക്കലും സാദ്ധ്യമല്ലെന്നു പറയേണ്ടതില്ലല്ലോ.

"കശ്ചീപ്സിതാത്ഥസ്ഥിരനിശ്ചയം മനഃ
പയശ്ചാനിമ്നാഭിമുഖം പ്രതിപദയൽ"

എന്ന മൂലം

"തിരിപ്പതാരൊന്നിലുറച്ചൊരുള്ളവും
ശരിക്കു കീഴ്പോട്ടൊഴുകുന്ന വെള്ളവും",

എന്നു തജ്ജിമ ചെയ്യുവാൻ എത്രമാത്രം സാമത്ഥ്യം വേണമെന്നു സഹൃദയന്മാർ ആലോചിച്ചു നോക്കേണ്ടതാണു്.

ഇനിയും ഉദാഹരണങ്ങൾ പകത്തി ഈ അവതാരിക ദീഘിപ്പിക്കണമെന്നു വിചാരിക്കുന്നില്ല. ധാന്യധ്വ

ന്തിനന്മാരായ ലോകമഹാകവികളിൽ പ്രഥമസ്ഥാനത്തെ സവ്വസമ്മതമായി അഹിക്കുന്ന കാളിദാസകവിചക്രവ ത്തിയുടെ കൃതികളിൽ ഉത്തമോത്തമമായ കുമാരസംഭവം അത്ഥത്തിനു വലിയ ചോച്ച്യയും വിഭൂയും വരാതെ മറെറാ രു ഭാഷയിൽ വിവത്തനം ചെയ്ക എന്നതു് എതു് അനുഗൃ ഹീതനായ കവിക്കും എത്രയോ ശ്രമസാദ്ധ്യമായ ഒരു കൃത്യ മാണെന്നുള്ളതു ഭാഷാന്തരപഥത്തിൽ സഞ്ചരിക്കുവാനിട വന്നിട്ടുള്ള എല്ലാ സഹൃദയന്മാക്കും അറിവുള്ളതാണു്. ആ കൃത്യം ഇത്ര വിസ്മയാവഹമായ വിധത്തിൽ നിവ്വഹി ച്ച നമ്മുടെ വൃദ്ധകവി കുണ്ടൂരിനെ എതെല്ലാം പ്രകാരത്തി ലാണു് അഭിനന്ദിക്കുക! എത്ര കണ്ടു് അഭിനന്ദിച്ചാലാണു മതിയാകുക!

വിശിഷ്ടമായ ഈ ഭാഷാകുമാരസംഭവത്തിനു സ കല സൌഭാഗ്യങ്ങളെയും ഹൃദയംഗമമായി ആശംസി ച്ചുകൊണ്ടു വിരമിക്കുന്നു. കണ്ണൂരുന്തുങ്ങളായ എതാനും ചില യതിഭംഗങ്ങൾ കാണുന്നതു് അടുത്ത പതിപ്പിൽ മാററണമെന്നു് എനിക്കു നിബ്ബന്ധപൂവ്വമായ അപേക്ഷ യുണ്ടു്.

തിരുവനന്തപുരം,<br>1925 സപ്തമ്പർ 1-ാംനു- } ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ.

# ശുദ്ധിപത്രം.

| ഭാഗം | പദ്യം | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 10 | 48 | പ്രിയ, | പ്രിയം |
| 12 | 58 | ദേവാച്ച് | ദേയാച്ച്ര |
| 26 | 63 | തിതൻ | രതിയൻ |
| 28 | 6 | നീരോടു | നീരോട്ട |
| 31 | 28 | ചെയ്യതിതെന്നു | വെയ്യനിതെന്നു |
| 34 | 39 | പുണന്നു | പുണന്നൂ |
| 53 | 4 | ഭ്രമരാംഘ്രി | പതഗാംഘ്രി |
| 56 | 17 | ജന്തുക്കളിഞ്ഞതങ്ങി | ജന്തുക്കളിണങ്ങി |
| 60 | 37 | കിട്ടുന്നു നിൻ | കിട്ടുന്നിതി നിൻ |
| ,, | 39 | കരിപ്പൊരീ | കരിച്ചൊരീ |
| 62 | 49 | വിലഃസം | വിലാസനം |
| 64 | 66 | കേഴിപ്പിതിടക്കിടങ്ങി വൾ | കേഴിച്ചിതിടങ്ങിടങ്ങിവൾ |
| 80 | 48 | ൈരീതി | ൈരിതി |
| 82 | 60 | ഇന്നൂ | ഇന്നു |
| 85 | 72 | യോഗമാന്നു | യോഗമാന്ന |
| 92 | 12 | പതിവ്രത | പതിവ്രതാ |
| 95 | 30 | ള്ളാനാളു | ള്ളതാളു |
| 96 | 33 | ചിന്നൂര | ചിന്നൂര |

## പാഠാന്തരം.

സൎഗ്ഗം 2 ശ്ലോകം 61 ഉത്തരാൎദ്ധം

വാനോർ ബന്ദികൾതൻവേണി-താനോജസ്സാലഴിക്കുമേ.

സൎഗ്ഗം 5 ശ്ലോകം 49 ഉത്തരാൎദ്ധം.

വളഞ്ഞരോമങ്ങളണിഞ്ഞു വിഭ്രമം
വിളഞ്ഞൊരീ നിന്മിഴിയിൽപ്പെടാത്തവൻ

സൎഗ്ഗം 6 ശ്ലോകം 84

ഓൎത്തിതാ മുനിയുരക്കെ മുഖമത്ത-
ത്താഴ്ത്തിയച്ഛനരികത്തമമ്മന്നാൾ
വൃത്തിയായ് മുഴവനെണ്ണി കുളിത്താ-
രൊത്തിടുന്നൊരിതളദ്രികുമാരി.

സൎഗ്ഗം 8 ശ്ലോകം 20 ഉത്തരാൎദ്ധം.

ദേവദേവനു മയൊത്തു മാനമോ
ന്നാവസിച്ചിതഗരാജമന്ദിരേ

സൎഗ്ഗം 8 ശ്ലോകം 71.

ശുഭ്രചന്ദ്രിക സുരദ്രുമാംശുകേ
ചേൎത്തിടും വലിയ രൂപസംശയം
തീൎത്തിടുന്നിതളലച്ഛചണ്ഡി, ചെ-
ന്നെത്തിവീശിയ വിലോലമാരുതൻ

UNIVERSITY

# കുമാരസംഭവം

## ഒന്നാം സൎഗ്ഗം

നില്ക്കുന്നു ദൈവതശുഭാത്മകനായ് വടക്കു
നല്ക്കുന്നുകൾക്കരചനായ ഹിമാലയാഖ്യൻ
മേല്ക്കും കിഴക്കുമതിരാഴികളായ്, കടല്ക്കു
മേല്ക്കുള്ളിലുള്ളളവിനൊത്തൊരു കോലുപോലെ. 1

പയ്ക്കുട്ടിയാക്കിയിവനെ ക്കറവിൽപ്പടുതച-
മൊക്കുന്ന മേരുവൊട്ടുമൊത്ത,ചലങ്ങളെല്ലാം
പാർക്കും മരുന്നു മണിയും പൃഥു ധേനുവാക്കി
നില്ക്കുന്ന മേദിനിയിൽനിന്നു കറന്നു മുന്നം. 2

ഉന്നിദ്രകാന്തിയണിയും മണിദയാറയുള്ളി-
ക്കുന്നിന്നു മഞ്ഞഴകകററിയതില്ല തെല്ലും
ഒന്നിച്ച നന്മകളിൽ മുങ്ങുമൊരൊററദോഷം
ചന്ദ്രന്നു രശ്മികളിലങ്കമതെന്നപോലെ. 3

നന്നായ് ചുകന്ന നിറമെന്നുമകാലസന്ധ്യ-
യെന്നാവിധം മുകിൽനിരയ്ക്കു നിരക്കെ നൽകി,
സ്വർന്നാരിമാർക്കരിയ വിഭ്രമഭൂഷകൾക്കു
ചേർന്നാമനോല മുടിയാലെയിവൻ വഹിപ്പൂ. 4

കൊന്നാനതൻ നിണമണിഞ്ഞുപതിഞ്ഞ കാൽ മാ-
ഞ്ഞെന്നാലുമിപ്പുതിയ മഞ്ഞൊഴുകുന്ന കുന്നിൽ
നന്നായ് നഖങ്ങൾ വിതറും പുതുമുത്തു ചിന്നി-
ടുന്നാവഴിക്കു മൃഗവൈരിയെ വേടർ തേടി. 5

ഇക്കുന്നിനുള്ളൊരടിവാരമതിങ്കൽ, മീതേ
നില്ക്കും മുകിൽപ്പരിഷതൻ നിഴലാന്ന സിദ്ധർ
വാഴ്ക്കുന്നു പേമഴകൾ പെയ്കയുഴന്നുടൻ വൈ-
ലൊക്കുന്ന ശൃംഗനിരയേറി വസിച്ചിടുന്നു. 6

വർണ്ണങ്ങൾ ചേർത്തു മനയോലരസത്തിനാൽതൻ
വർണ്ണം തുടുത്തു ഗജബിന്ദുകളോടൊത്തിതിങ്കൽ
തിണ്ണന്നു ഭൂർജ്ജതരുചർമ്മമനംഗപത്രം
വിണ്ണാർന്നപെണ്ണിനെഴുതാൻ തരമായെഴുന്നു. 7

സ്ഥാനത്തു വേണുസുഷിരങ്ങളിലിഗ്ഗിരീന്ദ്രൻ-
താനദ്രിമുഖമരുത്തുനിറച്ചിടുമ്പോൾ
ഗാനത്തിനായ് തുനിയുമശ്വമുഖക്കു താന-
ദാനത്തിനേൽപ്പെടുകയോ സഹായമെന്നു തോന്നും. 8

ഊന്നിത്തരിപ്പുകളവാൻ ചരളദ്രുമത്തിൽ
ചെന്നിച്ചുപോലെ കവിളാനയുരസ്സയാലെ
ഉന്നിദ്രമാം പുതുമണത്തൊടൊലിച്ച പാലി-
ക്കുന്നിന്റെ താഴ്വരകളെസ്സുരഭീകരിപ്പൂ. 9

കുട്ടാളു കാർകുഴലിയായ് കുതുകം കലൎന്ന
കാട്ടാളർകൾക്കിരവിലിങ്ങു ഗുഹാഗൃഹാന്തേ
മുട്ടാതഭാസ്സിയലുമോഷധിജാലമെണ്ണ
വിട്ടാളിടും രതിവിളക്കുകളായിടുന്നു. 10

വായ്ക്കുന്ന മഞ്ഞു ശിലയായ് വിലസും വഴിയ്ക്കു
വെയ്ക്കുന്ന കാൽവിരലടിയ്ക്കുഴലോറിയാലും
ഇക്കുന്നിലശ്വമുഖിമാൎക്കു പതുക്കെയത്രേ
പോകു,ന്നതസ്തനനിതംബഭരാൎത്തിമൂലം 11

പാലിപ്പതുണ്ടിനനിൽനിന്നു ദിവാഭയത്താൽ
പ്പോലെ ഗുഹയ്ക്കുടിയുമല്ലിനെയിഗ്ഗിരീന്ദ്രൻ
കോലുന്നു വേഴ്ചയധമങ്കലുമാശ്രയിച്ചെ-
ന്നാലുന്നതന്നു ദൃഢമുത്തമനിൽക്കണക്കേ 12

വാലാട്ടലിൽ പലയിടത്തിലുമിന്ദുരശ്മി
ജാലാമലാഭചിതമാം ചലചാമരത്താൽ
ചേലാംപടിക്കു ശരിയാക്കുവതുണ്ടിവന്റെ
ശൈലാധിരാജപദമാച്ചമരീമൃഗങ്ങൾ 13

പ്രാണപ്രിയൻ പുടവ ചെന്നു പിടിച്ചഴിക്കെ
നാണം വളൎന്ന ചെറുകിന്നരിമാൎക്കിതിങ്കൽ
താണഗ്ഗുഹാമുഖമടച്ചു യദൃച്ഛയായി
ക്കാണപ്പെടുന്ന മുകിൽതാൻ മറയായിടുന്നു. 14

വാനാറവന്നിക്ക്ണമണിഞ്ഞി,ഹ ദേവതാരം
താനാട്ടി, മെയ്യണിമയിൽപ്പുതുപിഞ്ഛരമൊക്കെ
നാനാവിധങ്ങളിലുലപ്പൊരു തെന്നൽ, നായാ-
ടാനായിറങ്ങിയുടൽ വാടിയ വേടരേൽപ്പൂ. 15

ചൊല്പൊങ്ങുമേഴു മുനിവര്യർ പറിച്ചു ബാക്കി
മേല്പൊയ്കതോറുമിതിലേടലർ നില്പതെല്ലാം
കീഴ്പ്പോട്ടു താണ വഴിയേ വരുമംശുമാലി
മേല്പോട്ടുപോം കരമുയർത്തി വിടർത്തിടുന്നു. 16

ഉണ്ടാമഖാംഗമിവനിൽ,പ്പരമൂഴിതാങ്ങാൻ
വേണ്ടബ്ബലത്തികവുമെന്നു വിരിഞ്ചദേവൻ
കണ്ടാ,ദ്യമേ വിലപെടും മഖഭാഗമേകി-
ക്കൊണ്ടാദരാലിവനു നൽകി നഗാധിപത്യം 17

മേനാഖ്യയാ,ൾപ്പിതൃമനസ്സുതയായ്,മുനിക്കും
മാനാർഹയാം സതി തനിക്കനുരൂപയെന്നായ്
താനാസ്സുമേരുസഖനാഗമവേദി സൽസ്സ-
ന്താനാർത്ഥമായവളെ വേട്ടു വിധിപ്രകാരം. 18

കാലക്രമത്തിലവർ ചേർന്നഥ തൽഗുണാനു-
കൂലസ്മരക്കളികളങ്ങു തുടങ്ങിയപ്പോൾ
ശൈലപ്രമാണിയുടെയാ നവയൗവനത്തി-
നാലത്ഭുതാഭപൊഴിയും പ്രിയ ഗർഭമാർന്നു. 19

നാനാനഗച്ഛിറകു വജ്രി കയത്തരക്കെ_
ത്താനാളുവോരശനിയേററഴലാന്നിടാത്തോൻ
ആ നാഗകന്യകഠം വരിച്ചെഴുമാഴിമിത്രം
മൈനാകമാം മകനെ മാനിനി മേന പെററു. 20

താതൻ പഴിച്ചപറയെസ്സതി ദക്ഷപുത്രി
മൈ, തന്റെ യോഗശിഖിയിൽസ്സതി ഭസ്മമാക്കി,
ആതങ്കമററഥ പുനജ്ജനനത്തിനെത്തി
ശ്രീതങ്കുവോരവളി,ലീശ്വരപൂർവ്വപത്നി. 21

അപ്പവ്വതാധിപതി യോഗബലം കലന്ന
തല്പത്നിയിങ്കലുളവാക്കി ശുഭാംഗിയാളെ
നല്ലഭ്യുതിക്കു തുടരും നവനീതിയിങ്കൽ
കെല്പുററ യത്നമിഹ ലക്ഷ്മിയെയെന്നപോലെ. 22

ദിക്കാകവേ തെളിവിയന്നിതു, പൂഴിയെന്ന്യേ
നൽക്കാററുവീശി, മലർപെയ്തു, മുഴങ്ങി ശംഖം,
നേക്കാച്ചരാചരശരീരികളിൽ പ്രമോദം
ചേൎക്കാൻ തദുത്ഭവദിനം വഴിയായിവന്നു. 23

അദല്പതരാമലമഹസ്സു ചുഴന്നുദിച്ചോ_
രപ്പൈതലാൽജ്ജനനിയന്നധികം വിളങ്ങി
ക്ഷിപ്രം വിദൂരവരഭൂമി, നവാബ്ദശബ്ദാ_
ലുൽഭിന്നമാം മണിഗണക്കതിരാൽക്കണക്കേ. 24

ഈവണ്ണമിന്ദുകലപോലെയുദിച്ചു പുഷ്ടി-
യാവണ്ണമെയ്യിനു ദിനംപ്രതി കൂട്ടപോളിൽ
തൂവെണ്ണിലാവിനു പുതുക്കലയാൽക്കണക്കെ
ലാവണ്യവായ്പിനു വളച്ചു വളം കൊടുത്തു. 25

മുമ്പായവൾക്കരിയ പാർവ്വതിയെന്ന നാമ-
മമ്പാൽക്കുലോചിതമെടുത്തവർ കൂറോടിട്ടു
ന്നോൽമ്പാശു മേന ‘ഉമ’യെന്നു തടുത്ത മൂലം
പിമ്പാണു പത്മമുഖിക്കാളുമയെന്ന പേരും. 26

ഗോത്രപ്രമാണി സുതരുള്ളവനെങ്കിലും ത-
ന്നേത്രം തദാ മതിവരാതവളിൽപ്പതിഞ്ഞു
ചിത്രപ്രസൂനനിധിയാം മധുവിൻെറ വണ്ടിൻ-
ഗോത്രത്തിനുൾക്കൊതിവിടാത്തതു മാവിലല്ലോ. 27

ശ്രീയേറിടും ശിഖ വിളക്കിനുപോലെ; മൂന്നായ്
പോയിടുമച്ഛനദി ദേവവഴിക്കുപോലെ,
പ്രായേണ പണ്ഡിതനു നന്മൊഴിപോലനല്പ-
മായേകി ശുദ്ധിയവനായവൾ കാന്തിവായ്പും. 28

ഗംഗാതടത്തറകൾ, പാവകൾ, പന്തിവറ്റിൽ
ബ് ഭ്രാഗാത്തുലാഭമൂടിയാൾ കൊതിയാർന്നപോലെ
ചങ്ങാതിമാരൊടൊരുമിച്ചു കളിച്ചുമോദം
മങ്ങാതെ മുഗ്ദ്ധമുഖിയാൾ ചെറുനാൾ കഴിച്ചാൾ.

അന്നം ശരത്തിലമരപ്പുഴയിൽക്കണക്കേ
തന്നംശു രാത്രിയിൽ മഹൌഷധിയിൽക്കണക്കേ
അന്നാമ്മവായ്ച്ചവളിൽ വന്നിതു മുൻപിറപ്പി-
ലാർന്നോരുവിദ്യ വെളിവായുപദേശകാലേ. 30

കെട്ടാത്ത പണ്ടമുടൽവല്ലിയിലാസവപ്പേർ
കിട്ടാത്തതായൊരു മരുന്നു മദംവളർപ്പാൻ,
ഇഷ്ടാസ്ത്രമംഗജനു പൂക്കളൊഴിഞ്ഞു, ബാല്യം
വിട്ടാത്തമാം വരവയസ്സവളന്നിയന്നാൾ. 31

ചൈലാൽ വിരിഞ്ഞ വനജം മിഴിയൊന്നുഴിച്ചി-
ലാലാന്ന ചിത്ര,മിവയൊത്തു തദീയഗാത്രം
ചേലാർന്ന നല്ലവയവങ്ങൾ തിരിഞ്ഞു വേണ്ട-
പോലാഭതിങ്ങി വിലസീ നവയൌവനത്താൽ 32

ഊന്നീട്ടുയർന്നൊരു പുരോനഖമേറെ രാഗം
ചോന്നീട്ടുമാറു നടകൊണ്ടു തദംഘ്രി രണ്ടും
ചേന്നീടുവോരിടമതിൽ, സ്ഥലപത്മമെന്നു
തോന്നീടുമാറു പടരും പുതുശോഭ വീശി. 33

ലീലാവിലാസഗതിയാത്തരുണിക്കു വേണ്ട-
പോലാശു ചെന്നു വശമാക്കി മരാളജാലം
കാലാർന്ന നൂപുരകളധ്വനി കിട്ടുവാനൽ-
ള്ളലാശ കൈവരികയാൽ സ്വയമെന്നുതോന്നും. 34

ശ്രീവായ് ച്ചുരുണ്ടു,യരമേ തടികൂടി,യേറെ-
യാവാതെ നീണ്ടൊരു കണങ്കഴൽ തീർത്തശേഷം
ലാവണ്യമങ്ങതിനുമേൽ പണിവാൻ വിരിഞ്ച-
ദേവന്നു തെണ്ടുവതിന്നോടണമെന്നുതോന്നും. 35

ഹസ്തീന്ദ്രഹസ്തമതികൎക്കശമാ,ഭ വാഴ്ത്തി-
ത്തൊത്തിടിലും, കദളിയിൽക്കുളിർകാണുമെന്നും,
ഒത്തിലവസ്തുവശാൽഗ്ഗിരിപുത്രിതൻെറ
ചീർത്തീട്ടമത്തുടയിണക്കുപമാനമാവാൻ. 36

മാഹാത്മ്യമേറുമവൾതൻെറ നിതംബകാന്തി-
യൂഹിച്ചുതന്നെയിതുകൊണ്ടറിയേണ്ടതത്രേ:
സ്നേഹിച്ചു പിമ്പത്തു മഹേശനൊരന്യനാരി-
ക്കൂഹിച്ചിടാപ്പടിയെഴും മടിയിൽക്കരേറീ. 37

നേർക്കാക്കരിങ്കുഴലിയിൽ കുഴിയുന്ന നാഭി
പുക്കാഭയാന്റു ചെറുതാം പുതുരോമവല്ലി
നില്ക്കാതുടുപ്പുടവ വിട്ടുയരും, കരത്തു
തൽക്കാഞ്ചിചേർന്ന നടുനായകരശ്മിപോലേ. 38

ത്തുമദ്ധ്യദേശമതിലാശു കൃശോദരിക്കാ-
ശ്രീമദ്വലിത്രയമിണങ്ങി വിളങ്ങിയേറ്റം
കാമന്നുകേറുവതിനായ് നവയൌവനം നി-
സ്സീമപ്രഭം പണിതുവെച്ചൊരു കോണിപോലെ. 39

പീലിപ്പൂളുകുഴലിയാൾക്കൊഴിയാത്തിരക്കു
ശീലിച്ച കൊങ്കകൾ വിളുത്തു വളൎന്നു വന്നു പെരുത്തു
നീലിച്ച നല്ല മുഖമാൎന്നൊ,രു നേൎത്ത നീൎത്താൎ-
നൂലിന്നു പോലുമിടയിൽപ്പഴുതേകിടാതെ. 40

നെന്മേനിവാകമലരിന്നു മൃദുത്വമേകു-
ന്നമ്മേനി നീക്കുമിവൾതന്നുടെ കൈകൾ നൂനം
നന്മേനിയാൾക്കെഴുമതാജ്ജിതനായ മാരൻ
ചെമ്മ നിജാരിഹരനിൽഗ്ഗളപാശമാക്കി. 41

ആമുഗ്ദ്ധകാന്തി മുലചേൎത്ത കഴുത്തു, നേര-
റ്റാമുത്തുമാലയിവ ചേൎന്നൊരുപോലെ തമ്മിൽ
ശ്രീമുററമേററിടുകകൊണ്ടവ രണ്ടുമാൎന്നു
സൌമുഖ്യമോടരിയഭൂഷണഭൂഷ്യഭാവം. 42

സൌരഭ്യമിന്ദുവൊടു ചേരുകിലി,ല്ലതിന്നു-
ള്ളോരാപ്രകാശമികവേ,ടലർ ചേരിലില്ലാ
ആ രണ്ടിലെസ്സുഖവുമൊപ്പമുമാമുഖത്തിൽ
സ്വൈരം സദാ ചപലയാം മലർമാതു നേടി. 43

ഒന്നിച്ചു മുത്തു പവിഴത്തൊടിണങ്ങിയെന്നാൽ,
ചെന്നിച്ഛപോലെ തളിരാശ്മലർ ചേൎന്നുവെന്നാൽ,
കുന്നിച്ച ചെഞ്ചൊടിയണിപ്പൂളുപുഞ്ചിരിശ്രീ
കുന്നിൻകുമാരി ചൊരിയുന്നതിനൊട്ടടുക്കും. 44

ചേലാന്ന നല്ലമൃതൊഴുക്കുന്ന നാദമൊത്തു-
ള്ളാലാപമാ മധുരഭാഷിണി ചെയ്തിടുമ്പോൾ
മാലാളുകൾക്കധികമാസ്ഥയിലൊച്ച നൽകി-
പോലാകവേ ശ്രുതിപിഴച്ചൊരു വീണപോലെ. 45

നേരാറ കാററാടിയിലാടിയ നീലനീരി-
ത്താരൊത്തു നീണ്ട മിഴി ചേരുമധീരനോട്ടം
സാരംഗിയോടവൾ ശരിക്കു പഠിച്ചതോ പോയ്
സ്സാരംഗിതാനവളിൽനിന്നു പഠിച്ചതാമോ? 46

ചേലേറി നീണ്ടു വിലസും പുരികം മഷിക്കോ-
ലാലേ ശരിക്കെഴുതിവെച്ച വിധം വിളങ്ങി
നീലേക്ഷണക്കെഴുമതിൻ കളികണ്ടു മാരൻ
മാലേറി വില്ലൊളിയിലുള്ള മദം കളഞ്ഞു. 47

കാലിസ്സു ലജ്ജ കലരും കരളിൽക്കുറച്ചെ-
ന്നാ,ലിക്കലാദ്രിമകൾ തൻകരിക്കുന്തൽ കാണ്കെ
മേലിൽപ്പെടാപ്പടി ദൃഢം വിലകെട്ട തന്റെ
വാലിൽ പ്രിയംചമരി കൈവിട്ടുമായിരുന്നു. 48

മൂലോകമേന്തു മുപമാനപദാർത്ഥമെല്ലാം
ചേലോടു വേണ്ടപടിതാൻ വിഷമിച്ചിണക്കി
ആ ലോകശില്പി പണിതാനൊരുമിച്ചു സൌന്ദ-
ര്യാലോകനത്തിനവളെദൃഢമെന്നു തോന്നും. 49

പഞ്ചാരനേർമൊഴിയെ നാരദനാം ത്രിലോക-
സഞ്ചാരി താതസവിധേ ബത കണ്ടൊരിക്കൽ
തഞ്ചൊത്തമെയ് പകുതി കാമമൊടേകി വേൾക്കും
പഞ്ചായുധാരിയിവളെദ്ദൃഢമെന്നു ചൊന്നാൻ. 50

പ്രായാപ്തിതിങ്കലുമതോർത്തവൾതന്നെയന്യ-
പ്രേയാനു നല്കുവതിനായ്ക്കരുതീല താതൻ;
ശ്രീയാൎന്ന മന്ത്രപരിപൂതഹവിസ്സു വാങ്ങാൻ
തീയാ,ണതിന്നു മറുദേവത ചേരുകില്ലാ. 51

ചുററി ഗിരീശ്വരനപേക്ഷ വരായ്കയാലേ
പററീല പുത്രിയെ മഹേശ്വരനായ്ക്കൊടുപ്പാൻ
ചെററിഹിതാൎത്ഥമതിലും മടിയാമപേക്ഷ
തെററിടിലുള്ള കുറവോൎത്തു, ബുധൎക്കിവണ്ണം. 52

പേരാളുമസ്സതി പുരാ പെരിയോരു ദക്ഷ-
വൈരാൽ വരാംഗിയുടൽ ചുട്ടൊരു ശേഷമീശൻ
ദാരാന്തരം തരമൊടും തിരയാതെ തീരെ
വൈരാഗിയായ്പ്പരണവാഞ്ഛ വെടിഞ്ഞു വാണാൻ.

കസ്തൂരി, കിന്നരകളദ്ധ്വനി, ഗംഗനീർചേ-
ൎത്തദ്ദേവതാരമിവയൊത്തു ഹിമാദ്രിയിങ്കൽ
പാരത്തൊരു സാനുവിലണഞ്ഞൊരു തോലുടുത്തു
പാൎത്തു തപസ്സിനു യതേന്ദ്രിയനഗ്ഗിരീശൻ. 53

ചാലേ നമേരുമലർ ചൂടിനനുത്ത ഭൂർജ്ജ-
ത്തോലേറെമോദമൊടുടുത്തു ഗണങ്ങളപ്പോൾ
മേലേ വരും പുതുമനോലയണിഞ്ഞു കൂടി
ശൈലേയമാർന്നു വിലസുന്ന ശിലാതലത്തിൽ. 54

ക്രുദ്ധിച്ചു*സിംഹനിനദാൽ, കടമാനു പേടി
വർദ്ധിച്ചിടും വലിയ മുക്കറയും മുഴക്കി
എത്തിശ്ശിലാഫലനഹിമങ്ങൾ പിളർന്നു കൂററം!
കുത്തിക്കളിച്ചു, ചുരമാന്തി മദിച്ചു കൂററൻ. 55

നന്നായിടും ചിറകൊടും നിജമൂർത്തിയെട്ടി-
ലൊന്നായിടും ശിഖി പിനാകി പരം വളർത്തി
ചേർന്നാത്തപഃഫലമെവന്നുമുടൻ കൊടുപ്പോ-
നന്നാചരിച്ചു തപ,മെന്തു ഫലം കൊതിച്ചോ? 56

ദേവാർച്ച്യനാമവനു പൂജകൾ ചെയ്യ്വഗേന്ദ്ര,-
നാവായ്ച സൽഗ്ഗുണമണിപ്രിയപുത്രിയാളേ
സേവാർത്ഥമാളികളൊടൊത്തു തദാ ശിവനു-
ള്ളാവാസദേശമതിലേയ്ക്കു പറഞ്ഞയച്ചു. 58

കോലും തപസ്സിനവൾ നല്ലനുകൂലയല്ലെ-
ന്നാലും തദീയഭജനം വിഭു സമ്മതിച്ചു
ചേലുള്ള വേണ്ടവഴിയുള്ളിളകാനെഴുമ്പോൾ
പോലും കുലുക്കമെവനി,ല്ലവനാണു ധീരൻ. 59

ബാലിമലരു പറിച്ചും വേദി നിത്യം തുടച്ചും
ജലമൊടുനിയമാൎത്ഥം ദൎഭ താനേ കൊണ്ടുവന്നും
ചലമിഴിയവൾ ശുശ്രൂഷിച്ചുതേ ശൎവ്വനെ,ത്തൽ-
ത്തലയണിശശിതുകം, രശ്മിയാൽ ഖേദമാററി. 60

ഒന്നാം സൎഗ്ഗം കഴിഞ്ഞു.

## രണ്ടാം സൎഗ്ഗം.

അക്കാലത്താത്താരകന്റെ
മുഷ്ക്കാലത്തൽ മുഴക്കുവോർ
പുഷ്ക്കരാവാസലോകത്തു
പുക്കാർ ശക്രാദി ദേവകൾ. 1

മാലാൽ മുഖം വാടിയോക്കാ
നാലാനനനുദിച്ചതേ
ചോലലക്കററ പൊയ്ക്കൾക്കു
കാലത്തക്കൻ കണക്കിനേ. 2

വക്ത്രം നാലൊത്ത വാഗ്ദേവി
ഭൎത്താവാം വിശപസൃക്കിനെ
സാൎത്ഥവാക്കാൽത്തദാ*f*മൎത്ത്യ-
സാൎത്ഥം വാഴ്ത്തിപ്പുകഴ്ത്തിനാർ:— 3

"മൂന്നായ് ഗുണം തിരിച്ചിടാൻ
മൂന്നായ് മൂൎത്തികളെങ്കിലും
ഒന്നായ് സൃഷ്ടിക്കു മുമ്പൊക്കെ
നിന്ന നിന്നെത്തൊഴുന്നുതേ. 4

വ്യൎത്ഥമാകാത്ത വമ്പൊത്ത
വിത്തു വെള്ളത്തിൽ നട്ടു നീ
ഇത്രിലോകത്തെയുണ്ടാക്കി-
ത്തീൎത്തതോൎത്താലതാണുപോൽ. 5

മൂന്നവസ്ഥകളാൽശ്ശക്തി-
യാന്നോന്നൊന്നായെഴുന്ന നീ
എന്നും സ്ഥിതി ലയം സൃഷ്ടി-
യെന്നുള്ളതിനു കാരണം. 6

ആണു പെണ്ണെന്നു രണ്ടായി
വാണു സൃഷ്ടി കൊതിച്ച നീ
കാണും ജഗത്തിനാ രണ്ടാ-
ളാണു പോലച്ഛനമ്മമാർ. 7

കാലകണക്കു കൊണ്ടാത്ത-
പോലെ രാപ്പകൽ തീർത്തു നീ
കോലും നിൻ സ്വപ്നബോധങ്ങ-
ളിലോകാന്തോദയങ്ങൾപോൽ. 8

ജഗദീശൻ നിരീശൻ നീ
ജഗദ്യോനിയയോനി നീ
ജഗദന്തൻ നിരന്തൻ നീ
ജഗദാദിയനാദി നീ. 9

തന്നെത്താൻതന്നെയറിവോൻ
തന്നെത്താൻതന്നെ തീർക്കുവോൻ
പിന്നെ വമ്പാന്നു നീ തന്നിൽ
തന്നെ ചെന്നു ലയിക്കുവോൻ. 10

നേർത്തും, കനത്തും, കൊച്ചായും,
ചീർത്തൊ,ലിച്ചു, മുറച്ചു മേ
പാർത്തും, മറഞ്ഞും, നീ, യങ്ങ_
ണ്ണൊത്തപോലെ വിഭൂതികൾ. 11

ആരംഭം പ്രണവം, ചൊല്ലാൻ
സ്വരം മൂന്നു, മഖം തൊഴിൽ,
ചേരും ഫലം വാനി,മട്ടാം
ഗീരുകൾക്കുത്ഭവം ഭവാൻ. 12

പുരുഷാർത്ഥദ കർമ്മം തി_
ത്തരുളുന്നോരു മായ നീ
വെറുതേ സാക്ഷിയായ് നില്ക്കു-
വോരാപ്പുരുഷനും ഭവാൻ. 13

നീ പിതാവു പിതൃക്കൾക്കും
നീ ദേവൻ ദേവകൾക്കുമേ
നീ വിധാതൃവിധാതാവു
നീ പരൻതാൻ പരത്തിനും. 14

നീതന്നെ ഹവ്യം ഹോതാവും,
നീതാൻ ഭോക്താവു ഭോജ്യവും,
നീതാൻ വേദ്യം വേദിതാവും,
ധ്യാതാവും ധ്യേയവും ഭവാൻ. 15

നേരായുള്ളിൽപ്പുരം തട്ടു-
വോരാ,ത്തൽസ്തുതി കേൾക്കയാൽ
പാരം പ്രസന്നൻ വേധസ്സു
പറഞ്ഞാനേവമുത്തരം. 16

നാലാനനങ്ങളാൽ വേണ്ട-
പോലാദ്യകവി ചൊൽകയാൽ
നാലാം ശബ്ദപ്രവൃത്തിക്ക-
ക്കാലമാന്നു കൃതാൎത്ഥത. 17

"തോലിതട്ടാക്കരുത്താൽ തൻ
ജോലി നോക്കുന്ന ഭവ്യരേ!
മാലില്ലല്ലി! നിങ്ങളെന്തി-
ക്കാലമൊന്നിച്ചു പോരുവാൻ. 18

പൂരാ പേവം പ്രകാശം കൈ-
വരാതിത്താപമുഖങ്ങളോ
നിറം മഞ്ഞാൽക്കെട്ടും താര-
നിരപോലാ,യിതെങ്ങിനേ? 19

ഹാ! രശ്മി മഴവില്ലിന്നു
പോരാതിന്ദ്രന്റെയിപ്പവി
പോരാന്നു മൂച്ച് തിരെ പ്പോ-
യോരാ മട്ടിന്നു കാണ്മൂത. 20

വീമ്പു വൈരി വിട്ടം വീൎയ്യം
മുമ്പുള്ളിപ്പാശി പാശവും
വമ്പു മന്ത്രത്തിനാൽ വിട്ട
പാമ്പുതൻ ദൈന്യമാൎന്നതേ. 21

തമ്പാണി ഗദയില്ലാഞ്ഞു
കൊമ്പാഞ്ഞ തരുപോലെയായ്
ഇമ്പമററ റിയിപ്പൂ തോ-
ററമ്പരപ്പു കുബേരനും. 22

കഷ്ടം പാരിൽ വരച്ചാ,ഭ
വിട്ട നേരററ ഭണ്ഡിതിൽ
കെട്ട തീക്കൊള്ളിതൻ മോശ-
മട്ടു കാട്ടുന്നു കാലനും. 23

ചിത്രമാദിത്യരും പാൎത്താ-
ലത്ര വീതപ്രതാപരായ്
ചിത്രത്തിൽച്ചേൎത്ത മട്ടാ,യ്യാൽ
നേത്രത്തിന്നേകിടാതെയായ്. 24

ഇടറം ഗതിയാൽ ദേവഗ-
ത്തടവോളുന്നു കാററുകൾ
സ്സുടം നീർ, പോക്കിൽ വിഘ്നം,പിൻ-
നടയാലെന്ന മാതിരി. 25

തുങ്ങും ചിടശശിക്കീറു
താങ്ങുന്നോരു ശിരസ്സുകൾ
ഇങ്ങു രുദ്രക്കു മുൾംഗ്ഗർവ്വ-
മങ്ങും മട്ടറിയിപ്പതേ. 26

ഉണ്ടാകുമപവാദത്താ-
ലുത്സർഗ്ഗത്തിന്നെഴും വിധം
പദഭ്രംശം ഭവാന്മാക്കു
പററിയോ പ്രബലാരിയാൽ. 27

ഒന്നിച്ചിങ്ങെന്നപേക്ഷിപ്പാൻ
വന്നിതോത്തുക വത്സരേ!
എന്നിൽ സൃഷ്ടിക്കൽതാൻ ലോകം
മൂന്നിനും രക്ഷ നിങ്ങളിൽ.” 28

നേരിട്ടു തെന്നലാട്ടീടും
നീരിത്താരൊത്ത കണ്ണുകൾ
ഓരായിരത്താൽഗ്ഗുരുവെ
പ്രേരിപ്പിച്ചാൻ തദാ ഹരി. 29

ഹരിക്കതന്നായിരത്തി-
ലേറം നേത്രദ്വയേക്ഷണം
ഗുരു, പത്മജനോടപ്പോൾ
കരം കൂപ്പിപ്പറഞ്ഞുതേ:— 30

"ശരിയൂഹം, പദഭ്രംശ-
മരി ചേർത്തു പരം പ്രഭോ!
അരിയോരഖിലാത്മാവ-
തറിയാതാകുമോ ഭവാൻ. 31.

ത്വദ്വരത്തിൻ കരുത്താൽത്താൻ
മത്തനായ്ത്തീർന്നു താരകൻ
ദൈത്യോത്തമൻ, ധൂമകേതു-
വൊത്തിലോകത്രയാർത്തിദൻ. 32

പൊയ്ത്താർ വിടർത്തുവാനെത്ര
മാത്രം വേണമതിൽപ്പരം
മിത്രനു ചൂടു പാടില്ലാ
മത്തദൈത്യന്റെ മന്ദിരെ. 33

ഇന്ദുവോ കലയെല്ലാം പോ-
ന്നെന്നും തത്സേവ ചെയ്വുതേ
ചന്ദ്രചൂഡനണിഞ്ഞുള്ള-
തൊന്നൊട്ടപ്പില കേവലം. 34

ആ ശ്ശുഭത്തോപ്പു, പൂപോമെ-
ന്നാശ്ശു പേടിച്ചൊഴിപ്പവൻ
ആശുഗൻ തത്സകാശത്തിൽ
വീശുന്നു വിശറിപ്പടി. 35

ചട്ടററ പൂ വളർത്തുഴം-
വിട്ടങ്ങൊത്താറൃതുക്കളും
തോട്ടക്കാർ മട്ട മുട്ടാത-
ദ്ദ്വേട്ടയെസ്സേവചെയ്വൃതേ. 36

പേർത്തും തൻ തിരുമൽക്കാഴ്ച-
യ്യേറ്റാത്തുള്ളോ രത്നമാകവേ
എത്തുന്ന വിളവും പാർത്തു
കാത്തുകൊാടുവൂ ജലാധിപൻ. 37

പടത്തുമണിനാളങ്ങടം
പെട്ടം വാസുകിതൊട്ടവർ
കെട്ടാവിളക്കായ്ത്തത്സേവ
വിടാതിരവു ചെയ്വൃതേ. 38

സ്വന്തമാംവഴിയീ വൃത്ര-
ഹന്താവും കാര്യഗൌരവാൽ
സന്താനഭൂഷയാൽ നിത്യം
സന്തോഷിപ്പിപ്പു ദൈത്യനേ. 39

ഈമട്ടായിട്ടുമലകാ-
ക്കേമൻ കീഴ്മേൽ മറിപ്പതേ
ഹേമത്താൽത്താനടക്കേണം
സാമം പററില്ല ദുഷ്ടരിൽ. 40

പാട്ടിൽക്കനിഞ്ഞു ദേവസ്ത്രീ
പൊട്ടിക്കും തളിരുള്ളവ
വെട്ടിവീഴ്ചയറിഞ്ഞാരി-
ച്ചേട്ടയാൽ കല്പകങ്ങളും. 41

ഉറങ്ങിടുമ്പോഴും ശ്വാസാഭ
മരുത്തേല്പിപ്പു ദൈത്യനിൽ
സുരബന്ദി, തരിക്കണ്ണീർ
ചൊരിയും ചാമരങ്ങളാൽ. 42

സൂരാശ്വത്തിൻ കുളമ്പോററ
മേരുശൃംഗമടത്തിവൻ
വീരൻ കളിക്കുന്നാക്കുന്നു
സ്വൈരം തന്റെ പുരങ്ങളിൽ. 43

ദിക്കുംഭിമദദുഷ്ടാംബു
നില്ക്കുന്നു ബാക്കി ഗംഗയിൽ
ചിക്കും പൊന്താർച്ചെടിസ്ഥാനം
തൽക്കുളംതന്നെ സാമ്പ്രതം. 44

ദാനവേന്ദ്രാഗമപ്പേടി
യാനമാർഗ്ഗമടക്കയാൽ
വാനവർക്കുഴി കണ്ടുണ്ടാം
മാനസത്തെളിവററതേ. 45

വഴിക്കഗ്നിമുഖേ യജ്വാ
പൊഴിക്കും ഹവ്യവും ബലാൽ
കഴിക്കാതെല്ലു മായാവി
മിഴിക്കും ഞങ്ങൾ കാണ്കവേ. 46

ചിരാർജ്ജിതേന്ദ്രസൽക്കീർത്തി
ചാരുമെയ്യാർന്ന മാതിരി
ചേരുമുച്ചൈശ്രവസ്സെന്നു-
ള്ളാരത്നം കൊണ്ടുപോയവൻ. 47

സാരോപായങ്ങളെല്ലാമ-
ക്രൂരനിൽത്തീരെനിഷ്ഫലം
ദകവും സന്നിയിലാ വിഷ-
മേകമൌഷധമാംവിധം 48

ജയാശയേതിലിങ്ങ,ഗ്നി
മയമാ വിഷ്ണുചക്രവും
സ്വയം പതക്കമെന്നാമ-
ട്ടിയന്നു തൽഗളേ വിഭോ! 49

കെല്പുള്ളൈരാവതം തോല്ക്കും
നല്പെരുങ്കരികൾക്കഹോ
അപ്പുഷ്കലാവർത്താഭ്രങ്ങൾ
വപ്രക്രീഡപഠിക്കുവാൻ. 50

തച്ഛാന്തിക്കതിന്നാൽ ഞങ്ങ-
ളിച്ഛിപ്പൂ സൈന്യനാഥനെ
മായാബന്ധഘ്നധൎമ്മത്തെ
മുമുക്ഷുക്കൾ കണക്കിനേ. 51

സുരസേനാനിയവനായ്
സുരേന്ദ്രൻ ജയലക്ഷ്മിയെ
തരത്തിൽബ്ബന്ദിയെപ്പോലെ
തരസാ വീണ്ടെടുക്കുമേ." 52

വ്യാഴത്തിൻ വാക്കു നിൎത്തീട-
മ്പോഴജൻ മൊഴിതൂകിനാൻ
മുഴങ്ങുമിടി തീൎന്നുണ്ടാം
മഴയേക്കാൾ മനോഹരം:— 53

"ക്രമത്തിൽ കൈവരുത്താമി-
ക്കാമം തെല്ലു പൊറുക്കുവിൻ
മമ സൃഷ്ടിപ്പുണിക്കായി
ശ്രമം ഞാൻ ചെയ്വതില്ലിതിൽ. 54

വമ്പെന്നാൽ വായ്ച്ചവൻതന്നെ
വധിച്ചീടുക വയ്യുമേ
വിഷവൃക്ഷത്തെയും വെച്ചു
വളൎത്തോൻ വെട്ടിവീഴ്ത്തൊലാ. 55

വരമാദ്യമിതാദൈത്യ-
വരനർത്ഥിച്ചതേകിനേൻ
വരത്താൽ, പ്പാരെരിപ്പാൻ ത-
ക്കൊരത്തപ മടക്കി ഞാൻ. 56

പോരാടാൻ പോരുവോരാരേ-
ല്ലോരാപ്പോരാളിയോടഹോ
പുരാരിത്തമ്പുരാൻ വേട്ടു
പിറക്കും പുത്രനെന്നിയേ. 57

പരാത്മാവിരുളറ്റുള്ളോൻ
പരമപ്പരമേശ്വരൻ
തരമല്ലറിവാനിങ്ങും
ഹരവമ്പാ ഹരിക്കുമേ. 58

ഉലപ്പിനുമയാൽ യോഗ-
ബലമുള്ളീശമാനസം
കാലേ നിങ്ങളയസ്കാന്ത-
ത്താലേ ലോഹത്തെയാംവിധം. 59

രണ്ടുപേരുടെ വീര്യത്തെ
രണ്ടുപേർതാൻ വഹിച്ചിടും
അവളീശൻെറ, യെൻേറ ത-
ച്ചുവൻതൻ മൂർത്തിയാം ജലം. 60

സൂനാസ്ത്രശത്രുതൻ സൂനു
സേനാപത്യം വഹിച്ചുടൻ
വാനോർബന്ദികചം വീഴ്ത്തു-
വാ,നോജസ്സാലഴിക്കുമേ." 61

ആ വിശ്വയോനി സുരരോ-
ടേവമോതി മറഞ്ഞുതേ
ദേവവൃന്ദവുമക്കാര്യം
ചെയ്വാനായ്വാനിലെത്തിനാർ. 62

അതിനായെറെയുഴവം
മതിയാലെ പുരന്ദരൻ
മതിമാനുടനോർത്താനാ-
രതിതൻ പ്രാണനാഥനേ. 63

തലചടുലമിഴിഭ്രൂവല്ലിയൊത്തുള്ള വില്ലാ-
വിലസി രതിവളപ്പാടാന്തൻ തോളിലേന്തി
നലമൊടു മധുഹസ്തംചേർത്ത ചൂതാസ്ത്രമൊത്തോൻ
വലരിപുവെ വണങ്ങി പോയ് ത്തദാ പുഷ്പവില്ലൻ.

രണ്ടാംസർഗ്ഗം കഴിഞ്ഞു.

## മൂന്നാം സൎഗ്ഗം.

ഒന്നിച്ചു വാനോരെ വെടിഞ്ഞവങ്ക-
ലിന്ദ്രൻെറ കണ്ണായിരവും പതിഞ്ഞു
തന്നാശ്രിതങ്കൽ പ്രഭുവിന്നു കാൎയ്യ-
ത്തിന്നൊത്തുതാൻ ഗൌരവഭേദമുണ്ടാം. 1

ശരിക്കു സിംഹാസനമോടടുത്തി-
ങ്ങിരിക്കുകെന്നിന്ദ്രനിടം കൊടുക്കെ
ശിരസ്സിനാലേററു വിഭുപ്രസാദം
മുറയ്ക്കു മന്ദം മലരമ്പനോതി:— 2

"കല്പിക്കുകാൎയ്യംഭേദമറിഞ്ഞോരങ്ങി
മൂപ്പാരിലെന്തൊന്നിവനാലെ വേണ്ടു
ഇപ്പോൾ സ്മരിച്ചീയരുളും പ്രസാദം-
കായ്യിക്കുമാകല്പന ഞാൻ കൊതിപ്പൂ. 3

ഘോരവ്രതത്താൽത്തവ നാടു കയ്യ-
ക്കേറാനൊരുമ്പെട്ടൊരരാതിയാരോ
തീരെത്തരംകെട്ടവനിത്തൊടുത്തു-
ള്ളോരെൻെറ വില്ലിൻ വശമായ്വശായി. 4

മേലാ സഹിപ്പാൻ ഭവമെന്നു മുക്തി-
ക്കേലാശയാം നിൻെറ വിരോധിയേവൻ
ലോലാക്ഷി തൻ ഭ്രൂവിലസൽക്കടാക്ഷ-
ലീലാവലയ്ക്കുള്ളിൽ വലഞ്ഞിടേണ്ടു? 5

ആ രാഗദ്ഭൂതൻവഴി ഞാൻ തവാരി-
മാരായ നീതിജ്ഞരിലേതവന്റെ
സ്സാരാൎത്ഥധൎമ്മങ്ങളുടക്കണം; വൻ-
നിരോടുമാററിന്റെ തടങ്ങൾപോലെ. 6

സതിവ്രതം മൂലമസാദ്ധ്യയേത്തു
മതിപ്രമുഗ്ദ്ധാനന മുക്തലജ്ജം
അതിപ്രിയത്തോടുമണഞ്ഞു പുൽകാൻ
കൊതിപ്പു നിൻ ചഞ്ചലമായ ചിത്തം. 7

സ്ഫുടം ഭവാൻ കാലു പിടിക്കെ മാനം
വിടാത്തതാരാ മടവാൎക്കു കാമിൻ?
ഉടൽക്കജസ്രം ശരണം തളിച്ചേ-
ക്കിടസ്സൂയാകുംപടിയാടൽചെപ്പൻ. 8

കൊടുക്ക വജ്രത്തിനു വിശ്രമം ഞാൻ
തൊടുക്കുമമ്പാൽപ്പുറകേത്തു ദൈത്യൻ
ചൊടിക്കിളക്കംവരുമാറു നല്ലാർ
ചൊടിക്കിലും തോററു നടുങ്ങിടേണ്ടു? 9

ശരങ്ങൾ പൂവെങ്കിലുമെന്തു കൂട്ടി-
ന്നൊരാൾ വസന്തം മതി, നീ കനിഞ്ഞാൽ
കരൾക്കു ധൈൎയ്യം കളവൻ പിനാക-
ധരന്നു മേ പുല്ലിവനന്യധന്വി." 10

വാനോർവരൻ കാൽ തുടയിമ്മൽനിന്നു
താണോരു പീഠത്തിലണച്ചു പിന്നെ
താനോർത്ത കാര്യത്തിനു ശക്തനെന്നു
താനോതുമ,ത്താർശരനോടുരച്ചു:— 12

"ഉണ്ടിമിടുക്കൊക്കയുമങ്ങു തോഴ!
രണ്ടിങ്ങു ശസ്ത്രം പവിയും ഭവാനും
കുണ്ഠം തപോവീരരിൽ വജ്രമങ്ങേ-
ക്കൊണ്ടോനടക്കും മമ കാര്യമെങ്ങും. 12

തൽപ്പൌരുഷജ്ഞൻ ഗുരുകാര്യമീ ഞാ-
നേല്പിപ്പതേ മത്സമനാം ഭവാനെ
ഇപ്പാരെടുക്കുന്നതു നോക്കിയല്ലോ
തല്പത്തിനായ് ശ്ശേഷനെയാക്കി കൃഷ്ണൻ. 13

പൂരാരിയിൽസ്സായകമേല്ക്കുമെന്നു
പറഞ്ഞ നീ:യറമകഴിഞ്ഞു കാര്യം
അരാതിവാണ്ണും ക്രതുഭക്കളകറ്റംക്ക-
ള്ളോരാഗ്രഹം കേളിതുതന്നെയല്ലോ? 14

സേനാനി വേണം ശിവസൂനുവായി-
ത്താ,നാദിതേയക്കടലിൽജ്ജയിപ്പാൻ
സൂനാസ്ത്രമേ പറവതിന്നു തമ്പു-
രാനാമൂഢൻ തീവ്രതപസ്സു ചെയ്വൂ. 15

ഘരാശ സദൃപ്തമെഴുന്നൊരബ്ഭൂ-
ധരാധിപക്കുഞ്ഞിൽ വരാൻ ശ്രമിക്കു
പുരാരിവീര്യത്തെ വഹിക്കുവാൻ മ-
റ്റൊരാളുമില്ലെന്നരുളി വിരിഞ്ചൻ. 16

ദേവൻ തപം ചെയ്യുഴമദ്രിമേൽത്തൽ
സേവയ്ക്കു ശൈലാത്മജ താതവാക്കാൽ
മേവുന്നുവെന്നാർ സുരനാരിവൃന്ദ;-
മാവർഗ്ഗ,മൊക്കും മമ ചാരവർഗ്ഗം. 17

സാധിക്കുകെന്നാൽ സുരകാര്യമന്യ-
സാദ്ധ്യം സഖേ! കാര്യമിതെങ്കിലുംതാൻ
ഒത്തീടണം നിൻ തുണ നേക്കിതിങ്കൽ
വിത്തിൻമുളയ്ക്കുംബുകണം കണക്കേ. 18

പററാതവാസ്ത്രത്തിനൊഴിഞ്ഞു പാരനാ-
ക്കേററാടലാററാൻ സ്മര! നീ കൃതാർത്ഥൻ
ചെററാകിലും താൻ, പുകഠംവേരു പാരിൽ
മററാക്കുമൊക്കാപ്പുണിതന്നെയല്ലോ. 19

പ്രാർത്ഥിപ്പതീ ഞങ്ങൾ, ജഗത്ത്രയാവ-
ശ്യാർത്ഥം പ്രയത്നം, പണി വില്ലിനാലെ
കൃത്യം പരംക്രൂരവുമല്ല നന്നി-
നത്യന്തമമ്പോ! ഭവദീയവീര്യം. 20

പോയി ക്ഷണിക്കേണ്ട, വന്നും തുണപ്പാ-
നായി സ്വയം തോഴനിവൻ വസന്തം
'തീയിന്നു തേരൊന്നു തെളിക്ക നീ'യെ-
ന്നായി സ്സഖേ! വായുവൊടാരുരപ്പൂ." 21

ഏററാജ്ഞമാലപ്പടിമൌലിയാല-
ന്നേററാസ്സുമാസ്ത്രൻെറ പുറത്തു ശക്രൻ
തെററന്നു വിണ്ണാനയെയാട്ടി നൽപ്പാ-
ടേററാക്കരത്താൽ തെളിവാന്നു തട്ടി. 22

അത്തോഴനും വല്ലഭയും വിഷാദ-
മൊത്തോത്തു പിന്നാലെ നടന്നു വീരൻ
ചത്തിടിലും ചെയ്വതിതെന്നുറച്ചോ-
നെത്തി ഹിമക്കുന്നിൽ മൃഡാശ്രമത്തിൽ. 23

അക്കാടെഴും സംയമിമാർ മുനീന്ദ്ര-
ക്കൊക്കെസ്സമാധിക്കൊരു വൈരിയായി
പൂക്കാർമ്മുകന്നുള്ളഭിമാനമാരോൻ
ന്നേക്കാ നിജാംഗം മധുവങ്ങു കാട്ടി. 24

ശ്രീദാശ നോക്കിസ്സമയത്തെ ലംഘി-
ച്ചാദിത്യനന്നാശു പുറപ്പെടുമ്പോൾ
വാതത്തെ വീശീ ബത ദക്ഷിണാശ
ഹാ! തൻ മുഖത്താൽ നെടുവീർപ്പുപോലേ. 25

തളിർത്തുടൻ പൂത്തു കടയ്ക്കലോളം
തെളിഞ്ഞശോകങ്ങളശേഷമപ്പോൾ
കളസ്വനാഢ്യത്തളയിട്ടു കാലാ_
ലിളങ്കുരംഗാക്ഷി തൊടാതെതന്നെ. 26.

കാമം തളിർച്ചെഞ്ചിറകങ്ങു ചേർത്താ_
ശ്രീമൽപ്പുതുച്ചൂതശരത്തിലപ്പോൾ
കേമൻ, നിരത്തി മധു വണ്ടിനത്തെ_
ക്കാമന്റെ നാമാക്ഷരപങ്ക്തിപോലെ. 27

കണക്കിലേറം നിറമാർന്നു കൊന്ന_
മണം പുലർത്താഞ്ഞഴലാർന്നു ലോകം
ഗുണങ്ങളൊക്കെത്തികയുന്ന സൃഷ്ടി_
ക്കിണങ്ങിടാ പത്മഭവപ്രവൃത്തി. 28

സ്ഫുടം പലാശപ്പുതുമൊട്ടു തിങ്കൾ_
ക്കിടാവൊടൊത്തും പെരികെത്തുടുത്തും
ഉടൻ, വനശ്രീക്കു വസന്തയോഗാൽ_
പ്പെട്ടും നഖപ്പാടുകൾപോലെ മിന്നി. 29

ശ്രീമൽ ദ്വിരേഫാഞ്ജനമൊത്തു ചേർത്തി_
ത്തോമന്മുഖത്തിൽത്തിലകം മധുശ്രീ
ആമുഗ്ദ്ധബാലാർക്കകരാഭരാഗാ_
ലാമാന്തളിർച്ചുണ്ടുമലങ്കരിച്ചു. 30

മുരൾപ്പുതുപ്പൂമ്പൊടിയേററ നോക്കാൻ
തരപ്പടാക്കണ്ണോട്ടു മാൻ മദത്താൽ
മരുത്തു തൻ നേക്കില വീണെഴും മ–
ർമ്മരത്തൊടൊത്തോരു വനത്തിലോടി. 31

കണ്ഠം പരം മാന്തളിർ തിന്നു ശുദ്ധി–
പൂണ്ടുച്ചമായാൺകുയിലങ്ങു പാടി
വേണ്ടാത്ത മാനം വനിതയ്ക്കുകാരം
തണ്ടാർശരച്ചൊല്ലതുതന്നെയായി. 32

മഞ്ഞേററ മിന്നി ചൊടി; കുങ്കുമശ്രീ
മാഞ്ഞേററവും മഞ്ജുമുഖം വിളർത്തു;
അംഗങ്ങളിൽക്കിന്നരിമാർക്കു പത്ര–
ഭംഗങ്ങൾ മഞ്ഞുംപടി വേപ്പു പൊങ്ങി. 33

അക്കാട്ടിൽ വാഴും മുനിമാർ വസന്ത–
മോർക്കാതകാലത്തിലണഞ്ഞു കാൺകെ
വായ്ക്കും വികാരത്തിന്നു കീഴടങ്ങാ–
തുൾക്കാമ്പടക്കാൻ വളരെക്കുഴങ്ങി. 34

ചെന്നങ്ങു പൂവില്ലു കുലച്ചു തന്റെ
തന്വംഗിമാരും മദനൻ കടക്കെ
ദ്വന്ദ്വങ്ങൾ വല്ലാത്തനുരാഗവായ്പിൻ
ചിഹ്നങ്ങൾ തൻചേഷ്ടകൾകൊണ്ടു കാട്ടി. 35

വെമ്പാതെ മോന്തി മധു വണ്ടു, ചെന്താർ-
പ്പൊൻപാത്രമൊന്നിൽ പ്രിയയോടുകൂടെ
കൊമ്പാൽ, തൊടുമ്പോൾ മിഴി ചിമ്മിടുന്ന
മാമ്പേടയെക്കൃഷ്ണമൃഗം ചൊറിഞ്ഞു. 36

നല്കി കവിൾകൊണ്ടു സരോജഗന്ധം
തൂകുന്ന തണ്ണീർ പിടി കൊമ്പനപ്പോൾ
കോകം സ്വദാരങ്ങളെയർദ്ധഭുക്ത-
മാകും ബിസത്താൽബ്ബത! സൽക്കരിച്ചു. 37

വേർത്തൊട്ടു പത്രാവലി വീർത്തു മദ്യ-
മത്താലെ നേത്രങ്ങളുലഞ്ഞ മട്ടിൽ
പാർത്താ മുഖത്തെ പ്രിയ പാടിടുമ്പോൾ
പേർത്തും തദാ കിംപുരുഷൻ മുകർന്നാൻ. 38

കളപ്പുതുപ്പൂങ്കുലയാം സ്തനത്തോ-
ടിളന്തളിർച്ചെഞ്ചൊടി ചേർന്ന വല്ലി
പുളച്ചു കൈച്ചില്ലകളാൽപ്പുണർന്നു
വിളഞ്ഞരാഗാൽ വരപാദപത്തെ. 39

അന്നപ്സരോഗീതികൾ കേട്ടുമീശ-
നാത്മാനുസന്ധാനപരത്വമാർന്നു
ആത്മേശ്വരക്കുള്ളതിധീരമാമു-
ള്ളാട്ടുന്നതിന്നില്ലൊരുവിഘ്നമെങ്ങും. 40

ഇടങ്കരത്തണ്ടിണിഹേമവേത്ര-
ത്തൊടാഗ്ഗൃഹദ്വാരമണഞ്ഞു നന്ദി
അടക്കി ഭൂതങ്ങളെ മൂക്കിനററ-
ത്തുടൻ തദാ കൈവിരൽ വെച്ചു നില്പാൽ. 41

ആടില വൃക്ഷം, ഭ്രമരാണ്ഡജങ്ങളും
പാടീ,ലനങ്ങില മൃഗങ്ങളെങ്ങും
കാടീവിധം ചിത്രപടംകണക്കായ്
കൂടീ തദാ ഹന്ത തദാജ്ഞയാലേ. 42

ശുക്രൻെറപോലങ്ങിനെ യാത്രയിങ്ക-
ലുഗ്രൻെറയദൃഷ്ടിയൊഴിച്ചു മാരൻ
തിക്കും നമേരുദ്രുമശാഖ ചേന്നു
നില്ക്കും ഹരദ്ധ്യാനനിലത്തിലെത്തി. 43

ചാരുപ്പുലിത്തോലുവിരിച്ചു ദേവ-
ദാരുത്തറയ്ക്കൽ കരളുംനേക്കടക്കി
ചേരുന്നതായ്ക്കണ്ടു മൃതിയ്ക്കടുത്തോൻ
ശ്രീരുദ്രനാം ത്ര്യംബകനെസ്സ്മരാസ്ത്രൻ. 44

വീരാസനം ചേ,ന്നുടൽ നി,ന്നനക്കം
ചേരാതെ തോളും താണിരുകയ്യുമങ്കേ
ദന്നരായ്മലത്തിപ്പുളഫുല്ലപത്മ-
ത്താരാംവിധം ചേത്തരുളീടുവോനെ,. 45

കാതായിണങ്ങും ദ്വിഗുണാക്ഷമാല്യം
വാതാശബദ്ധച്ചിട, കണ്ഠഭാസ്സാൽ
ന്നീലാഭമായ്ക്കെട്ടിയ കൃഷ്ണസാര-
പ്പൂതാജിനക്കീറിവ ചേരുവോനെ, 46

ഭ്രൂലാസ്യമില്ലാതെയകമ്പപക്ഷ്മ-
മാലാഢ്യമാം കണ്ണുകളൊട്ടു ചിമ്മി
ചേലാളുമഗ്രാചലദൃഷ്ടി മൂക്കിൻ-
മേലായി മൂന്നും ബത ചേൎക്കുവോനെ, 47

വൃഷ്ടിക്കൊരുങ്ങാമുകിൽപോലെ,യോളം
വിട്ടിങ്ങിണങ്ങും കയമെന്നപോലെ
ആട്ടുന്നകാററററ വിളക്കുപോലു-
ല്പെട്ടുള്ള വായുക്കളെടക്കുവോനെ, 48

ശിരസ്സിൽനിന്നഗ്നിയുദിച്ചു കാളി-
ല്പുരം കപാലാക്ഷിവഴിക്കു പൊങ്ങി
സ്ഫുരൽബ്ബിസാഭച്ചെറുതിങ്കളിന്റെ
കരപ്രകാശം കുറവാക്കുവോനെ, 49

മനം, നവദ്വാരമടച്ചു ഹൃത്തി-
ലനന്തരം ചേൎത്തു സമാധിയാലെ
അനശ്വരാത്മാവിനെയങ്ങു തന്നി-
ലനല്പമോദത്തൊടു കാണുവോനെ. 50

ഉൾക്കാമ്പിനാൽക്കൂടെയധൃഷ്യനാമാ-
ത്തിക്കണ്ണനെക്കാമനടുത്തു കാണ്കെ
തൽക്കാൎമ്മുകാസ്ത്രങ്ങൾ തളൎന്ന കയ്യിൽ
നില്ലാതുടൻ വീണതറിഞ്ഞതില്ല. 51

കെട്ടിപ്പിടിക്കാം കുസുമാസ്ത്രവീൎയ്യം
പൊട്ടിപ്പൊടിക്കുംപടി മെയ്‌വിലാസം
കാട്ടിപ്പുട്ടക്ഷ്മാധരപുത്രിയപ്പോൾ
കാട്ടിൽപ്പെട്ടും ദേവികൾ ചേൎന്നുചെന്നാൾ. 52

ചോപ്പൊത്തശോകം രുചി ചീൎത്ത മുക്താ-
കല്ലോപമാഭപ്പൂത്തസിന്ധുവാരം
നല്ലൊന്നൊളിക്കൊന്നയുമാം വസന്ത-
പുഷ്പോത്തമപ്പണ്ടമണിഞ്ഞിടുന്നാൾ, 53

ബാലാംശുമാലിയ്ക്കെതിർച്ചോപ്പണിപ്പൂ-
ഞ്ചേലാഢ്യയായും മുലയാൽക്കുനിഞ്ഞും
ചേലായ്ത്തളിൎപ്പൂങ്കുല ചേൎന്നു ചാഞ്ഞ
ലീലാഗതാഢ്യക്കൊടിപോലെഴുന്നാൾ, 54

വില്ലിന്റെ വേറിട്ടൊരു ഞാണു മാരൻ
നല്ലോരിടം കണ്ടതിൽ വെച്ചതെന്നായ്
ചൊല്ലാവതാം കേസരദാമകാഞ്ചി-
നില്ലാഞ്ഞു കയ്യാലിടയിൽപ്പിടിപ്പോൾ. 55

നീലാളി, നിശ്വാസമണം കൊതിക്ക-
യാലാൎത്തുടുക്കും ചൊടിയോടടുക്കെ
ലോലാക്ഷിയായ് സംഭ്രമമാൎന്നിടക്കു
ലീലാംബുജത്താലതിനെത്തടുപ്പോൾ. 56

രതിക്കുമേ നാണമണച്ചു, മപ്പാ-
ൎവ്വതിക്കെഴും മോഹനകാന്തി കാണ്കെ
കൊതിച്ചു വീണ്ടും കുസുമേഷു, ധൈൎയ്യം
മതിച്ചുകൂട്ടും മൃഡനെജ്ജയിപ്പാൻ. 57

ആൎത്താദരം ഗൌരിയണഞ്ഞു ഭാവി-
ഭൎത്താവിനുള്ളോരുടജപ്പടിക്കൽ;
ഉൾത്താരിലപ്പോൾപ്പരചിൽപ്രകാശം
പാൎത്താശു നിൎത്തി പുരവൈരി യോഗം. 58

പേരാൎന്ന ശേഷൻ പടമായിരത്താൽ
പ്പാരാൎത്തി ചീൎക്കുംപടി താങ്ങിനില്ക്കു
നേരായ് മരുത്തിൻ തടവങ്ങൊഴിച്ചു
വീരാസനം വിട്ടു മൃഡൻ പതുക്കെ. 59

സേവയ്ക്കു കാക്കുന്നിതു ഗൌരിയെന്നായ്
ദേവാംഘ്രി വന്ദിച്ചറിയിച്ചു നന്ദി
ഭ്രൂവാൽക്കൊടുത്താജ്ഞയുമേററകത്തു
പോവാനവൾക്കന്നനുവാദമേകി. 60

താനേ പറിച്ചുള്ള ലസദ്വസന്ത-
സൂനപ്രവാളങ്ങൾ മൃഡാംഘ്രിമൂലേ
മീനാക്ഷിയാൾക്കുള്ളിരുതോഴിമാരും
മാനിച്ചുചേർത്തു പ്രണിപാതപൂർവ്വം. 61

കൊന്നപ്പൂത്തുപ്പൂവസിതാളകത്തിൽ
നിന്നും മൃദുച്ചെന്തളിർ കാതിൽനിന്നും
ഊൎന്നീടുവോരാ നിജമൌലി താഴ്ത്തി-
ച്ചെന്നീശനെശ്ശൈലജയും നമിച്ചാൾ. 62

‘നേരാ,യ്വരൻ ചേരുകനന്യഭാക്കാ-
യാരാൽ നിന’ക്കെന്നരുളി ഗിരിശൻ
പേരാളുവോരീശ്വരർ ചൊന്ന വാക്കിൽ
ച്ചേരാ ദൃഢം തെററൊരു തെല്ലുപോലും. 63

സുമാസ്ത്രനും, കാലമിതെന്നു, തീയായ്
ഭ്രമാലടുക്കും ശലഭത്തൊടൊത്തോൻ
ഉമാസമക്ഷം ഹരലാക്കിലെയ്യാൻ
ക്രമാല്ശരം ഞാണിലണച്ചു വീണ്ടും. 64

കടുത്ത വെലത്തു ശരിക്കുണക്കി-
യെടുത്ത ഗംഗാംബുജബീജമാല്യം
അടുത്തു പിന്നെശ്ശിവതാപസന്നായ്
തുടുത്തകയ്യാ,ലുമ കാഴ്ചവെച്ചു. 65

മുക്കണ്ണനപ്പോഴതു വാങ്ങുവാനായ്
തൃക്കയ്യു നീട്ടി പ്രണയിപ്രിയത്വാൽ
ചിക്കന്നമോഘം നിജമോഹനാസ്ത്രം
പൂക്കാൎമ്മുകൻ നേൎക്കു തൊടുത്തു വില്ലിൽ. 66

ഉടൻ മൃഡൻ ചന്ദ്രനുദിച്ചു കണ്ട
കടൽപ്പടിയ്ക്കുള്ളൊരു തെല്ലുലഞ്ഞോൻ
ചൊടിത്തുടുപ്പേറുമുമാമുഖത്തു
നടത്തി നേരേ നയനങ്ങൾ മൂന്നും. 67

പൂക്കും കടമ്പിൻചെടിതൻ വിലാസം
വായ്ക്കും വപുസ്സാൎന്നുമയും തദാനീം
ചിക്കുന്ന നാണത്തിലുഴന്നെഴും ക-
ണ്ണാകും നിജാമുഗ്ദ്ധമുഖം തിരിച്ചാൾ. 68

മുക്കണ്ണനുൾക്ഷോഭമതാ വശിത്വാൽ
ചിക്കെന്നു വീണ്ടും ബലമായടക്കി
ഉൾക്കാമ്പുറയ്ക്കാഞ്ഞതിനുള്ള ഹേതു
നോക്കാൻ നടത്തീ നയനങ്ങൾ ചുററും. 69

വലങ്കടക്കണ്ണണിമുഷ്ടിയായി
വളച്ചിടങ്കാൽ ചുമലൊട്ടു താഴ്ത്തി
കുലച്ച പൂവില്ലൊടുമെയ്ത്തിനോങ്ങും
നിലയ്ക്കു കണ്ടാൻ സ്മരനെ ത്രിനേത്രൻ. 70

പെട്ടും സമാധിരതടവോൎത്തു കോപി-
ച്ചിട്ടുന്നൊരാഭ്രൂകുടിഭീഷണൻെറ
കൊട്ടുംനിടാലാക്ഷിപുടത്തിൽനിന്നു
പൊട്ടുന്നനെപ്പൊങ്ങിയ വഹ്നി ചാടീ. 71

അടക്കു,കിക്കോപമടക്കു,കെന്നായ്
സ്ഫുടം സുരപ്രാൎത്ഥന കേൾക്കവേതാൻ
പടൎന്നു പൊങ്ങും ഹരനേത്രവഹ്നി
കടന്നു കാമന്നുടൽ ചാമ്പലാക്കി. 72

മെത്തീടുവോരിന്ദ്രിയവൃത്തിയൊക്കെ
നിൎത്തിക്കെടുത്താ ക്രിയ ചേൎത്ത മോഹം
അത്തീവ്രവൈധവ്യജമാൽ മറപ്പാ-
നെത്തിക്കുറച്ചാ രതിയെത്തുണച്ചു. 73

ഹരൻ വ്രതസ്ഥൻ വ്രതവിഘ്നമാശു
മരത്തെ വജ്രാഗ്നികണക്കെ നീക്കി
മറഞ്ഞു, നല്ലാരൊടകന്നിരിപ്പാ-
നുറച്ചു ഭൂതങ്ങളൊടൊത്തു ദേവൻ. 74

കുന്നിൻെറ കുഞ്ഞുമധികോന്നതതാതവാഞ്ഛ-
യൊന്നിച്ചു തന്നഴകു നിഷ്ഫലമെന്നുറച്ചോൾ
അന്നുള്ളഴന്നു സഖി കണ്ടതിലേറെലജ്ജ-
യാൎന്നങ്ങുപോയൊരുവിധം ഭവനത്തിലേക്കായ്. 75

കുളിർമല, ഹരകോപപ്പേടിയാൽക്കണ്ണടഞ്ഞുപോം-
ത്തളിർ തളരുവൊരാത്മൽപ്പുത്രിയെക്കയ്യിലേന്തി
നളിനിയെ നിജകൊമ്പിൽച്ചേർത്തവിണ്ണാനപോലേ
വെളിവിൽ വഴിയെ മണ്ടി വെമ്പലാൽ മേനിനീണ്ടാൻ.

മൂന്നാം സർഗ്ഗം കഴിഞ്ഞു.

## നാലാം സർഗ്ഗം.

രതിയഥ ഗതി, മോഹമൊന്നുതാനാ-
യതിവിവശത്വമൊട്ടും കിടന്നിടുമ്പോൾ
പുതിയൊരു വിധവാത്വതീവ്രയാൽ ചേ-
ർപ്പതിനവളെബ്ഭൃത ചെന്നുണർത്തി ദൈവം. 1

പരിചൊടവൾ മിഴിച്ചു, മൂർച്ഛ മാറി-
പ്പുരമവധാനപരത്വമാർന്ന നേത്രം;
പിരിയുക പണിയാം പ്രിയൻ മിഴിത്തീ-
പ്പൊരിയിലെരിഞ്ഞതറിഞ്ഞതില്ല തന്വി. 2

'പരകസുസമ! നീയിരിപ്പിതോ'യെ-
ന്നരമുരചെയ്യെഴുന്നേല്ക്കുമക്കൃശാംഗി
പുരുഷവടിവൊടൊത്തു പാർത്തു നേരേ
പുരഹരകോപമഹാനലന്റെ ഭസ്മം. 3

പുനരവൾ ഭുവി വീണു പൂഴി ചേരും
സ്തനമൊടുമേററമഴിഞ്ഞ കുന്തലോടും
വനമതിനഴലൊപ്പമേകിയെന്നി-
നിനവെഴുമാറു കിടന്നുരുണ്ടു കേണാൾ:— 4

“കരകവിയുമൊരാഭയാൽ വിലാസി-
ക്കുരപെരിയൊരുപമാനമാം ത്വദംഗം
പരമിതുവിധമായ്, ഇരിപ്പു ഞാൻ; സ്ത്രീ
നിര നിതരാം കഠിനത്വമാർന്നിടുന്നോർ. 5

പ്രണയമുടനൊഴിച്ചു, ജീവിതംതേ,
പണയനിലയ്ക്കെഴു മെന്നെ വിട്ടയേ നി
അണയവകവൊരു പത്മിനിജലംപോ_
ലണയുവതേതൊരു ദിക്കിലാണിദാനീം. 6

ഒരുപിഴയിവളോടു ചെയ്യുതില്ല-
ഞ്ഞൊരു ലവവും സ്മര! നിന്നൊടിങ്ങു ഞാനും;
വരുവതിനു വൃഥാ മടിപ്പതെന്തി_
പ്പുരുതരമാലൊടു കേഴുമെൻറനേരെ. 7

സുലളിതതരകാഞ്ചികൊണ്ടു ഗോത്ര-
സ്ഖലിതവശാൽ സ്മര! കെട്ടിയോരു കെട്ടോ
ചലമിഴികളിലല്ലിവീഴുമാറ_
ല്ലലകൃതതാഡനമോ നിനപ്പതുണ്ടോ?. 8

'പെട്ടുമിവനുടെയുള്ളിൽ നീയു'മെന്നൊ_
ന്നൊടു പറയും പ്രിയവാക്കു ഭോഷ്ക്കുതന്നെ
മടുമലർശരനങ്ങനംഗ,നംഗ_
ത്തൊടു രതിയെങ്ങിനെ വാഴുമല്ലയെങ്കിൽ. 9

ധവ! നവപരലോകവാസിയാകും
തവ വഴിയേ തരസാ വരും ദൃഢം ഞാൻ
ധ്രുവമജനിഹ ലോകരെച്ചതിച്ചാ_
നെവനിനിമൃത്തിഹ ദേഹികൾക്കു ചേപ്പാൻ. 10

ഇരവിലിരുളെഴും വഴിക്കു പോകും
വരമൊഴിമാരിടി കേട്ടു ഞെട്ടിടുമ്പോൾ
വിരവിലവരെയാ വരാലയാ-
ന്തരഭുവി ചേർപ്പതിനാരു നിശ്ശ പോയാൽ. 11

മിഴിയരുണിമയാർന്നുരുട്ടിയേററം
മൊഴിയിടറീടിന വാരുണീമദത്താൽ
വഴിയുമഴകെഴും വരാംഗിമാർക്ക-
ഞ്ഞൊഴിയുവോരിയുലകിങ്കലില്ല കാര്യം. 12

തനു ബത കഥയായ് സുഹൃത്തി,നിങ്ങെ-
ന്തിനു വിഫലോദയമേവമിന്നിയെന്നായ്
തനുത, ബഹുളമററിരിക്കിലും താ-
നനുപമമാലൊടുമിന്നു വിട്ടിടുന്നു. 13

അരുണഹരിതചാരുവൃന്തമാർന്നി-
ങ്ങുരുസുഖദക്കുയിലൊച്ചയൊത്തുകൂടി
അരുളുക പുളച്ചൂതപുഷ്പമാർക്കാ-
ണൊരു വരസായകമാവതിങ്ങു മേലിൽ. 14

തെളിവൊടു തവവില്ലിനേറെനാളായ്
വിളിപെടുമാർഗ്ഗുണകൃത്യമേററിരുന്നോർ
വെളിവിലഴൽ മുഴക്കുമെന്നൊടൊത്തി-
യളിനികരം കരയുന്നുവെന്നു തോന്നും. 15

അതിരുചിരവപുസ്സൊടൊത്തണിയ്ക്കു
മതിഭവ! ഭൂതിനിനിപ്പുറഞ്ഞയക്കു
എതിർവിടുവൊരു വാണിയിൽ സ്വതേതാ-
നതിരണയാത്ത മിടുക്കെഴും പികത്തെ. 16

വിരവൊടു ശിരസാ നമിച്ചിരന്നാ-
വിറ വളരുന്നൊരു മെയ്യുണച്ചു പുൽകി
സരസമൊളിവില,ങ്ങനംഗ! ചെയ്യും
സുരതമതോർക്കുമെനിക്കു ശാന്തിയില്ല. 17

രതിചതുര! ഭവാനണിഞ്ഞിതെന്മെ-
യ്യിതിലൃതുവിൻ പുതുസൂനഭൂഷണങ്ങൾ
അതിനെയിത, ധരിച്ചിടുന്നു ഞാൻ നി-
ന്നതിരുചിരാംഗമതിങ്ങു കാണ്മതില്ല. 18

അദയർ വിബുധരോർത്തിതെ,ന്നിടത്തേ-
പ്പദമതിലങ്ങണിരാഗമിട്ടിടുമ്പോൾ
സദയമതു കഴിച്ചുകൊള്ളുവാനായ്
മദന! ഭവാൻ വരികിങ്ങു വൈകിടാതെ. 19

ശലഭവഴിപിടിച്ചു ഞാൻ തവാങ്ക-
സ്ഥലമിനിയും കയറാനിതാ വരുന്നു
മലർശര! ചതുരാമരിജനക്കൺ-
വലകളിലങ്ങു വിഴുന്നതിന്നുമുമ്പേ. 20

'സ്മരനൊടിണപിരിഞ്ഞു ജീവനാന്നി-
ങ്ങരനിമിഷം രതി വാണിതെ'ന്നിവണ്ണം
പരമെഴുമപവാദമിങ്ങുറച്ചൂ
വര! ബത നിൻവഴി നോക്കിയെത്തിയാലും. 21

മരണമണയുമിപ്പൊവാനു, ചെയ്യാൻ
തരമിനിയെന്തു വരാന്ത്യമണ്ഡനത്തെ?
കരളിഹ കരുതാത്ത മട്ട മെയ്യും
സ്മര! തവ ജീവനുമൊന്നുപോലെ പോയി. 22

മടിയിലരിയ വില്ലുവെച്ചു നേക്കാം-
പടി ശരമേന്തി വസന്തനായ് സഹാസം
വെടി പറവതുമോർത്തിടുന്നു വേണ്ടും
വടിവൊടു നീ വിടുമക്കടാക്ഷവും ഞാൻ. 23

മലർമയവരവില്ലിണക്കിടുന്നോ-
നലർശര! തോഴർ വസന്തനെങ്ങു പോയി?
നിലവിടുവൊരു കോപമാന്ന നേത്രാ-
നലവഴി തോഴനുമേകിയോ പിനാകി?" 24

രതിയുടയ വിലാപവാക്കിതെല്ലാം
മതിയിൽ വിഷം പെടുമമ്പുപോലെയേററാൻ
അതിർവിടുമഴലാററിയാശ്വസിപ്പി-
പ്പതിനഥ ചെന്നു വസന്തനന്നു നേരേ. 25

അവനണയെ, മുലയ്ക്കുന്നോളവെഴും മാ-
റവളഥ മാറിലടിച്ചു കേണു പാരം
ജവമൊടഴലടക്കിയാലടങ്ങാ-
തെവനുമെഴും സ്വജനങ്ങൾ നേർക്കണഞ്ഞാൽ. 26

അവളവനോടുരച്ചു മാലൊടും "മാ-
ധവ! തവ തോഴനെഴുന്ന മട്ടു നോക്കു
അവനുടയ കപോതചിത്രഭസ്മം
പവനനടിച്ചു പരം പറന്നിടുന്നു. 27

സ്മര! വരികിനി, മാധവൻ ഭവാനെ-
പ്പരമിഹ പാർത്തിടുവാൻ കൊതിച്ചെഴുന്നു
സ്ഥിരത ദയിതയിൽപ്പെടാത്തൊരിഷ്ടം
നരനലയാ ദൃഢമസ്സുഹൃജ്ജനത്തിൽ. 28

മലരിഷു, ബിസതന്തുഞാണിവണ്ണം
വിലസുവൊരാത്തവ! വില്ലിനുള്ളൊരാജ്ഞ
അലസത കലരാതടുത്തു നിന്നീ-
യുലകിലശേഷമിവൻ നടത്തിയല്ലോ. 29

തവസഖി തിരിയേ വരാ, ഗമിച്ചാൻ
പവനനടിച്ചു കെടും വിളക്കുപോലെ
ഇവളൊരു തിരിപോലതിന്നു, നോക്കു
വിവശതവാച്ചതിയായ്പ്പുകഞ്ഞൊരെന്നെ. 30

സ്മരവധമിതിലെന്നെ വിട്ടയച്ചോ-
നരവധമേ വിധിയിങ്ങു ചെയ്യുതുള്ളൂ;
നിരവധി രസമാർന്നു ചേർന്ന വൃക്ഷം
കരഭിയൊടിച്ചു കൊടിയ്ക്കു വീഴ്ത്തുതന്നേ. 31

പരമിനിയതിനാൽ വസന്തദേവ! നീ-
യരമിഹ ചെയ്യുക ചേർന്ന ബന്ധുകൃത്യം
പരവശതരയാകുമെന്നെ വൈശാ-
നരനിലെരിച്ചു വരാന്തികത്തിലാക്കു. 32

മറയുമിഹ നിലാവു തിങ്കൾ പോയാൽ,
നിറമുടയോരിടിമിന്നൽ കാറു പോയാൽ
വരവഴി വധുവിന്നുമുള്ളതെന്നായ്
പരമറിയുന്നു വിചേതനങ്ങൾപോലും. 33

വിലസിന വരമെയ്യെരിഞ്ഞ ചാരം
മുലയിലണിഞ്ഞണയുന്നു തിയ്യിലീ ഞാൻ
സുലളിതനവപല്ലവങ്ങൾ ചേരും
നിലയിൽ വിരിച്ചു കിടക്കയിൽക്കണക്കേ. 34

ഒഴുകുമഴകൊടങ്ങു സൌമ്യ! ഞങ്ങൾ-
ക്കെഴുമലർമെത്ത പലപ്പൊഴും വിരിച്ചു
തൊഴുതധികമിരക്കുവോരിവൾക്കി-
പ്പൊഴുതൊരു നൽച്ചിത തീർത്തുതന്നിടേണം. 35

ജ്വലനനിലിവൾചേൎന്ന ശേഷമൊന്നു-
ജ്ജ്വലനമതിന്നു വളൎക്ക തെന്നലാലേ
അലർശരനിവളാൽപ്പിരിഞ്ഞിരിക്കി-
ല്ലലകിലരക്ഷണമെന്നറിഞ്ഞവൻ നീ. 36

വിരുതൊടിവ കഴിച്ചു, ചെയ്ക ഞങ്ങൾ-
ക്കൊരു സലിലാഞ്ജലിതാൻ വസന്തമേ! നീ
തരുമതു, തവബന്ധു പങ്കുവെച്ചാ-
തൊരുമയൊടടങ്ങിവളൊത്തു താൻ കുടിക്കും. 37

കുതുകദ,മയിനിൻ സഖിക്കു മാമ്പൂ-
വതുകരുതിട്ടിഹ തൽപ്പിതൃക്രിയക്കായ്
ഇതുപൊഴുതിളകുന്ന പുഷ്പിതാഗ്ര-
പ്പുതുമൃദുമാന്തളിർഗ്ഗുച്ഛമാക്കിടേണം.” 38

മരണമതിനുറച്ചെഴും രതി,ക്കം-
ബരമൊഴിതാൻ കൃപചെയ്തിതപ്പൊഴേററം
പരമുദകമിറങ്ങിടും കയത്തിൽ-
പ്പരവശയാം ശഫരിക്കു വൃഷ്ടിപോലെ. 39

“പതിയുടെ വിരഹം നിനക്കിവണ്ണം
രതി! ചിരകാലമമയേ, ഭവിക്കയില്ലാ
മതിധരമിഴിവഹ്നിയിൽപ്പതംഗ-
സ്ഥിതിയവനെത്തിയതിന്നു ഹേതു കേൾക്കു. 40

സ്മര,നജനുവളൎത്തി പുത്രിതന്നിൽ
പ്പരമനുരാഗ,മതജ്ജ്ഞഭൂവടക്കി
സരസിജശരനെശ്ശപിച്ചു കോപി-
ച്ചര, മതിനിപ്പലമിന്നു വന്നുചേൎന്നു 41

ഹര, നരിയതപസ്സിനാൽത്തെളിഞ്ഞാ-
ധരണിധരോത്തമപുത്രിയാളെ വേൾക്കും
പരമതുസമയം സുഖം ലഭിച്ചി-
സ്മരനു കൊടുത്തിടുമീശ്വരൻ ശരീരം 42

സ്മരനിതുവിധമായ്വിധിച്ചു ശാപ-
ക്കര വിധി, ധൎമ്മനപേക്ഷ ചെയ്ത മൂലം
പരമമൃതൊടു വൈദ്യുതാഗ്നിയേന്തും
സരസർ ജിതേന്ദ്രിയർ, മേഘമാലപോലെ. 43

മനസിജനൊടു മേലിലൊത്തു ചേരും,
തനുവുടൽ കാക്കുകിതോൎത്തു ശോഭനേ! നീ
ഇനനിഹജലമൊക്കയും കുടിച്ചി-
ടിന പുഴ ചേരുമൊഴുക്കു വേനൽ പോയാൽ.”

ഈ വാൎത്തചൊല്ലുമശരീരിവചസ്സുവൾക്കു
ചാവാനുദിച്ച കൊതിയൊന്നു കുറച്ചു വെച്ചു
ആ വാക്കുതന്നെ ബലമായ്മധു താൎത്തി മാ,ലുൾ-
പ്പൂവാടുവോൾക്കു പലസാരവചസ്സിനാലെ. 45

സ്മരവധുവഥ മാലാൽ മൈ ചടച്ചാ വിപത്തിൻ-
കരയണവൊരു കാലം പാൎത്തു പാൎത്തങ്ങു പാൎത്തു
കിരണമഖിലവും പോയമ്പിളിക്കീറു മങ്ങി-
പ്പുരമിഹ പകലെല്ലാം സന്ധ്യയേയെന്നപോലേ. 46

നാലാം സൎഗ്ഗം കഴിഞ്ഞു.

## അഞ്ചാം സൎഗ്ഗം.

പിനാകി നേൎക്കംഗജനെക്കരിക്കയാൽ
മനോരഥം നിഷ്ഫലമായ പാൎവ്വതി
മനസ്സിൽ നിന്ദിച്ചു നിജാംഗഭംഗിയേ-
ത്തനുപ്രടക്ഷോ ദയിതപ്രിയം ഫലം. 1

കുരുത്ത കാന്തിക്കു ഫലം തപസ്സിനാൽ
വരുത്തുവാനുൾക്കൊതി തേടിനാളവൾ
തരത്തിലെന്മ,ട്ടതുവിട്ടു, കിട്ടമാ-
ത്തരത്തിലുള്ളോ, ത്തവനൊത്ത, കാന്തനെ. 2

കടുത്ത കാട്ടിൽത്തപ,മീശനുൾത്തടം
കൊടുത്തു ചെയ്യും മകളെന്നു കേൾക്കയാൽ
തടുത്തു ഗാഢം തഴുകിത്തപസ്വിമ-
ട്ടെടുത്തിടായ്വാനഥ മേന ചൊല്ലിനാൾ:- 3

"ഇരിപ്പു വീട്ടിൽ കുലദൈവതങ്ങൾ, നിൻ
ശരീരമെങ്ങെങ്ങു തപസ്സുതോമനേ!
ശരിക്കു വണ്ടിൻകഴൽ പോലെ, പേലവം
ശിരീഷപുഷ്പം ഭ്രമരാംഘ്രി താങ്ങിടാ." 4

സ്ഥിരേച്ഛയാൎന്നോരവൾ, മേനയിന്നില-
സ്സുരച്ചവാക്കാലിളകീല തെല്ലുമേ
തിരിപ്പതാരൊന്നിലുറച്ചൊരുള്ളവും
ശരിക്കു കീഴ്പോട്ടൊഴുകുന്ന വെള്ളവും? 5

ഒരിക്കലൊപ്പാളിവഴിക്കു, ഏത്തറി-
ഞ്ഞിരിക്കുമോരച്ഛനൊടായ്മനസ്വിനി
ഇരന്നുതൻ കാനനവാഴ്ചയേ,ഫലം-
വരുംവരെത്തീവ്രതപസ്സു ചെയ്യുവാൻ. 6

സുതാഭിലാഷം ശരിയെന്നു മാന്യനാം
പിതാവു പിന്നെത്തെളിവോടയക്കയാൽ
കൃതാർത്ഥയായ്ഗ്ഗൗരി, തദാപ്പ്യതാനതേ-
മുതല്ലെഴും മൈലണി മാടണഞ്ഞുതേ. 7

ഉലഞ്ഞണിച്ചന്ദനമൊക്കെമായ്ച നി-
സ്തൂലാഭഹാരം സ്ഥിരചിത്ത വിട്ടവൾ
മുലത്തിളപ്പാൽപ്പലപിഞ്ഞലാർന്ന വ-
ല്ക്കലം ധരിച്ചാളിളവൈലൊളിപ്രഭം. 8

വിളിപ്പെടും കുന്തൽകണക്കു തന്മുഖേ
വെളിപ്പെടുത്തി ചിടയും വരാഭയേ;
അളിപ്പുളപ്പല്ല,ഇപോലെ പായലിൻ
കളിപ്പകിട്ടും കമലാഭ കൂട്ടമേ. 9

എടുത്തുകെട്ടി, പുളകം പ്രതിക്ഷണം
കൊടുത്തിടും മുപ്പിരിമൌഞ്ജി ദനാൻപിനായ്
കടുത്തൊരാക്കൊപ്പു നടാടെയാർന്നതിൽ
ഉടുത്തു തന്വിക്കരഞ്ഞാണണിസ്ഥലം. 10

അലക്തകച്ഛാരണിയാത്ത ചുണ്ടിലും
മുലകളിക്കുങ്കുമമാന്ന പന്തിലും
നിലച്ച രാഗത്തൊട്ടുമാക്കുശക്ഷതം
കലന്ന കയ്യേന്തി ജപാക്ഷമാലയേ. 11

വിലപ്പെട്ടും മെത്തയിൽ മെയ്യുലയ്ക്കയാ-
ച്ചുലാളകം വിട്ടലരും പൊറാത്തവൾ
തലയ്ക്കുവെയ്ക്കാൻ മൃദുബാഹുവായ്പ്പുരം
നിലത്തു നല്ലാർമണിയാൾ കിടന്നുതേ. 12

വ്രതം കഴിഞ്ഞിങ്ങു തിരിച്ചെടുക്കുവാൻ
വ്രതസ്ഥ രണ്ടിന്നിരുകൂട്ടമേകിനാൾ
ലതയ്ക്കു ചേലൊത്തിയലും വിലാസചേ-
ഷ്ടിതത്തെ,മാനിന്നിളകുന്ന നോട്ടവും. 13

കുടക്കളിർക്കൊങ്കകളാൽപ്പയസ്സു താൻ
കൊടുത്തുമാദേവി വളർത്തി തൈകളേ;
കെടുത്തിടാവല്ലവയോടവൾക്കു മുൻ-
പെടും സുതസ്നേഹമഹോ ഗുഹന്നുമേ. 14

കരത്തിനാൽത്താൻ വരി നൽകിടും മൃഗോൽ-
ക്കരത്തിനെദ്ദേവി കനത്ത കൌതുകാൽ
വരാളിയൊത്തക്ഷി തടക്കി ചേർത്തള-
പ്പൊരാനിലയ്ക്കാക്കിയിണക്കി മേല്ലുമേൽ. 15

പയസ്സിൽ മുങ്ങിജ്ജപഹോമമാൎന്നു തോൽ-
മയപ്പുടം ചാൎത്തിയെഴുന്ന ഗൌരിയെ
സ്വയം മുനിശ്രേഷ്ഠരണഞ്ഞു കാണുവാൻ;
വയസ്സു നോക്കില്ലിഹ ധൎമ്മവൃദ്ധരിൽ. 16

വിരോധിജന്തുക്കളിഞ്ഞങ്ങിയും മരം
വിരുന്നുകാൎക്കിഷ്ടഫലങ്ങളേകിയും
നിരന്നു സാഗ്നിപ്പുതുശാല ചേൎന്നുമേ
പരം പവിത്രത്വമിയന്നിതാവനം. 17

കിടക്കുകില്ലിഷ്ടഫലം തപസ്സിതി-
പ്പടിക്കു ചെയ്യീടുകിലെന്നു കണ്ടവൾ
ഉടൽക്കെഴും മാൎദ്ദവമേതുമോൎത്തിടാ-
തുടൻ തുടങ്ങി കൊടുതായിടും തപം. 18

സ്വയം തപ,സ്സൊട്ടിട പന്തടിക്കിലും
മയങ്ങുവോൾ, ചെയ്തു മുനീന്ദ്രർപോലവേ
മയം ബലം ചേൎന്നെഴുമാ വപുസ്സു പൊൻ-
മയപ്പുതുത്താമരയാലെ തീൎത്തുതേ. 19

അടുത്തു തീ നാലുപുറത്തു മിട്ടതിൻ-
നടുക്കു ചാരുസ്മിതയായ്സ്സുമദ്ധ്യമ
കടുത്ത ചൂടേകുമിനങ്കൽനിന്നു ക-
ണ്ണെടുത്തിടാതങ്ങിനെ വേനൽ പോക്കിനാൾ. 20

ഇവണ്ണമേററാക്കട്ടെസൂര്യരശ്മിയാൽ
സുവണ്ണപത്മാഭ കലൎന്നു തന്മുഖം;
അവർണ്ണ്യമായ് നീണ്ടമിഴിക്കടെക്കതാ-
നവാംകളെ ബാധിച്ചു കറുപ്പു മെല്ലവേ. 21

ഇരന്നിടാതേ തനിയേ വരുന്ന നീർ,
പരന്ന പീയൂഷകരന്റെ രശ്മിയും
മരം കണക്കേ നിജപാരണങ്ങളിലം-
കുരംഗമുഗ്ദ്ധാക്ഷിയെടുത്തു കേവലം. 22

ഇനന്റെ വെയ്ലാ വിറകാൽ വളൎന്ന തീ-
ക്കനൽക്കടുംചൂടിവയാൽത്തപിപ്പവൾ
കനക്കെ നീർ, വേനൽ വിടുമ്പൊൾ വീണതേ-
ററനന്തരംപാലാവിയെയുദ്വമിച്ചതേ. 23

ഒരുക്ഷണം നിന്നിമയിൽച്ചൊടിക്കടി-
ച്ചുരോജകുംഭോപരി വീണു ചൂർണ്ണമായ്,
പരുങ്ങിയാത്തവലി മൂന്നിലും, ചിരാ-
ലിറങ്ങിയാദ്യാംബുകണങ്ങൾ നാഭിയിൽ. 24

വിടാമഴക്കാററകളേററ വീട്ടിൽ മേ-
വിടാതെ കൽമെത്തയൊടൊത്ത തൽത്തപം
തടിന്മയക്കണ്ണു മിഴിച്ചു സാക്ഷിപോ-
ലടുത്തു നിന്നങ്ങിനെ കണ്ടു രാവുകൾ. 52

പനിക്കുളിർക്കാററതിയായടിക്കവേ
തനിച്ചു നീരിൽശ്ശിശിരർത്തുരാത്രികൾ
മുനിവ്രതത്തോ,ടിണവിട്ടകോകിയിൽ
കനിഞ്ഞുകൊണ്ടങ്ങു കഴിച്ചു കൂട്ടിനാൾ. 26

ഉറച്ചു തണ്ടാർമണമാർന്നു രാവിലാ-
വിറച്ചു ചുണ്ടാമിതളാർന്ന തന്മുഖം
വിരിഞ്ഞ കഞ്ജാഭ വരുത്തി, വാരിജം,
ചൊരിഞ്ഞ മഞ്ഞാലെ മുടിഞ്ഞ വാരിയിൽ. 27

തപസ്സിനുള്ളുഗ്രത പൂർണ്ണമായ് ച്യുത-
ദ്രുപത്രമാത്രാശനമാകി,ലങ്ങവൾ
അപഥ്യമെന്നായതുമേ വെടിഞ്ഞു ന-
ല്ലപർണ്ണയെന്നുള്ളൊരു പേരു നേടിനാൾ. 28

വ്രതങ്ങളാലേ ബിസകോമളാംഗി സ-
ന്തതം തദംഗം ബത വാട്ടിയിങ്ങിനെ
അതന്ദ്രമെന്നും കടുകായമാമുനി-
വ്രതങ്ങളെപ്പാരമധഃകരിച്ചുതേ. 29

പലാശദണ്ഡം, പടുവാക്കു, തോൽ, ജടാ-
കലാപ,മാ ബ്രാഹ്മമഹസ്സുമാർന്നൊരാൾ
ചലാക്ഷിതൻ ശാലയണഞ്ഞു പിന്നെ, മൈ-
കലാന്തരാ,ദ്യാശ്രമമെന്നപോലവേ. 30

വരാതിഥിക്കർച്ചന വിഘ്നമേതുമേ
വരാതെ ചെയ്താളെതിരേററ പാർവ്വതി
സ്ഥിരാശയക്കുണ്ടു വിശിഷ്ടനാകിലാ-
ദരാതിരേകം സതതം സമങ്കലും. 31

ക്രമപ്പടിക്കേകിയ പൂജയേററ തൻ
ശ്രമത്തെയാററുംവിധമൊട്ടിരുന്നവൻ
ഉമക്കുനേർക്കുള്ളലയാതെ നോക്കി നൽ-
ക്രമം വിടാതേ പറവാൻ തുടങ്ങിനാൻ:— 32

"ഭൃശം ക്രിയക്കിങ്ങു ലഭിപ്പിതോ സമിൽ-
കുശം, കുളിപ്പാൻ തെളിവെള്ളമില്ലയോ
സ്വശക്തിപോലല്ലി തപസ്സു ചെയ്വു നീ!
കൃശാംഗി, മെയ്യാദിമധർമ്മസാധനം. 33

അലക്തകച്ചോപ്പതിയായകന്നൊരാ
നിലയ്ക്കെഴും നിൻ ചൊടിയൊത്തിടുംപടി
അലംതുടക്കും തളിർ മേല്ക്കുമേലേ നീ
ജലം കൊടുക്കും ചെടി ചേർന്നിടുന്നിതോ? 34

ചലാക്ഷിയാൽ നിന്നുടെ കണ്ണുകൾക്കെഴും
വിലാസമാർന്നു കരസ്ഥദർഭയേ
ബലാൽ വലിക്കും പ്രിയമാൻകുലത്തിലു-
ല്ലലാക്ഷി! നിന്നുൾക്കമലം പ്രസന്നമോ? 35

വരാ സുത്രപത്തിനു പാപവൃത്തിയെ-
ന്നൊരാമതത്തിൽപ്പിഴയില്ല തെല്ലുമേ
വരാംഗി! ശീലം തവ സദ്വ്രതസ്ഥരു-
ർവ്വരാസുരക്കും വഴി കാട്ടിടുന്നുതേ. 36

ഇടുന്ന സപ്തർഷിബലിപ്രസൂനമേ-
ന്തിടുന്ന വാന്നാറണിനീരിലും പരം
കുടുംബമൊത്തദ്രിവരന്നു ശുദ്ധി നൽ-
കിടുന്നു നിൻചരിതം സുശോഭനം. 37

ഇനിക്കുറപ്പായിതുകൊണ്ടു, ധർമ്മമി-
ങ്ങിനിത്രിവർഗ്ഗങ്ങളിലേററമുത്തമം
തനിച്ചുതല്ലേ, കൊതിമററു രണ്ടിലും
ജനിച്ചിടാതങ്ങു വരിച്ചു ഭാവിനി! 38

കരിപ്രിയാണ്ണ, കരുതായ്ക നേക്കുസൽ-
ക്കരിപ്പൊരിയെന്നെയൊരന്യനെന്നിനി
ധരിക്ക നീ സാപ്തപദീനമെന്നുതാ-
നുരപ്പു നല്ലോരുടെ വേഴ്ചയെബ്ബുധർ. 39

ഇതോർത്തു ഞാൻ ഭൂസുരചാപലത്തിനാൽ
കൊതിപ്പു ചോദിപ്പതിനൊന്നു സുവ്രതേ
അതിന്നു നീയുത്തരമെന്നോടോതിടാ-
വതെങ്കിലോതിടണമേ ബഹുക്ഷമേ! 40

കുലം തവാഢ്യൻവിധിതന്റെ, മേനി നി_
സ്തുലാഭം, ഐശ്വര്യസുഖം കരസ്ഥിതം,
അലം നവം യൌവനം, എന്തിനിത്തപ_
സ്ഫലം കൊതിപ്പൂ പറകൊന്നിതിൽപ്പരം. 41

മനസ്വിനിക്കും പുരുദുസ്സഹാർത്തിയാൽ
മനസ്സിനിമട്ടു വരാവതെങ്കിലും
നിനക്കുവോരേതുവഴിക്കുമേ തരം
നിനക്കു കാണ്മീലതിനും കൃശോദരി! 42

ഇതാർത്തിചേരേണ്ടുടലല്ല,വഞ്ചന നിൻ
പിതാവു പാൎക്കുന്ന പുരത്തിലെത്തുമോ?
നതാംഗി! ചേരാ പരഭീതിതേ, ശ്രമി_
പ്പതാരു പാമ്പിൻ മണി ചെന്നെടുക്കുവാൻ? 43

ഉരസ്സു ബാലേ മണി മാററിയെന്തു നി
ധരിക്കുവാൻ വാൎദ്ധകശോഭിവല്ക്കലം
സ്ഫുരിക്കുമന്തിക്കു സുതാരകേന്ദുവൊ_
ത്തിരിക്കെ രാവാരരുണന്നു നൽകിടും? 44

കൊതിപ്പു വാനെങ്കിലതച്ഛനുള്ള നാ_
ടതിൽപ്പെടും നിഷ്ഫലമിപ്പരിശ്രമം
പതിക്കിതെങ്കിൽ,ത്തിരയപ്പെടുന്നതേ
മതിക്കു ചേരും മണി, താൻ തിരഞ്ഞിടാ. 45

ചുട്ടന്നൊരി നിൻനെട്ടവിപ്പ് കാൎയ്യമോ-
തിട്ടന്നുവെന്നാകിലുമുണ്ടു ശങ്കമേ
പെട്ടന്നതേയില്ല നിനക്കു ചേൎന്നൊരാൾ
വിട്ടന്നതാരാണഥ നീ വരിക്കുകിൽ. 46

കതിർത്തലച്ചെഞ്ചിട, പൂവു കാതുവി-
ട്ടതിൽത്തിളങ്ങാത്ത കവിൾത്തടത്തിലായ്
പതിക്കുമാറാക്കിയ നിൻ പെരുപ്പമാം
പതിക്കു പാരം കഠിനം കരൾത്തടം. 47

ചടച്ചു നോൻപാലെ, വിഭൂഷ വേണ്ടദി-
ക്കടച്ചു വെയിലേററു കറുത്ത നിന്നുടൽ
സ്ഫുടം ദിവാചന്ദ്രകലപ്പടിക്കു പാ-
ൎത്തിട്ടുമ്പൊഴരാണിടർ തേടിടാത്തവൻ? 48

കളഞ്ഞു കാലം സുഭഗത്വഗൎവ്വിനാൽ
ഞെളിഞ്ഞു നിൻകാന്തനഹോ വൃഥാ ചിരം,
വളഞ്ഞരോമത്തൊട്ടുമീ വിലാസം
വിളഞ്ഞ കണ്ണിന്നെതിരായ്പൂരാത്തവൻ. 49

വ്രതത്തിനെന്താണിതിനന്ത,മിങ്ങു സ-
ഞ്ചിതം തപസ്സുണ്ടതിൽനിന്നക്കു പാതിയാൽ
ഹിതം വരുത്തു, പറകേവനംഗനാ-
വതംസമേ! നീ വരനായ്വരിപ്പവൻ." 50

കടന്നിവണ്ണം വടു ചൊൽകെയുൾഗ്ഗതം
സ്ഫുടം തനിക്കോതുക വയ്യയെന്നവൾ
അടുത്തെഴും തോഴിയെയപ്പൊഴഞ്ജനം
പെടാത്ത കണ്ണൊന്നു തിരിച്ചു നോക്കിനാൾ. 51

വടുക്കളിൽ ശ്രേഷ്ഠനൊടോതി തോഴി "തേ
കൂട്ടുകളമുൾക്കൌതുകമെങ്കിലോതുവേൻ
കുടഞ്ഞ ചെന്താർപ്പടി മൈ തപസ്സിനെ-
ന്നെടുക്കുവാനീയിവളെന്നു, കേൾക്കണീ. 52

ധനാധിപേന്ദ്രാന്തകപാശിമാരെയി-
ങ്ങനാദരിച്ചീയതിഗർവ്വിയന്നവൾ
മനോജനെച്ചുട്ടൊരരൂപഹാര്യനാം
പിനാകിയേ വേൾപ്പതിനാശ്ശോതിപ്പൂതേ. 53

സ്മരാസ്ത്രമീശങ്കലണഞ്ഞിടാതെയാ-
പ്പുരാരിഹുങ്കാരവശാൽത്തിരിച്ചുടൻ
പുരാ തറച്ചീയിവളാന്തരേ ശമം
വരാതവാട്ടം, മദനൻ മരിക്കിലും. 54

കളത്തു മാരാർത്തിയതേമുതല്ക്കു, കു-
ന്തളത്തെ നെററിക്കുറിയാൽ മുഷിച്ചിവൾ
വളത്ത മഞ്ഞിൻതറ ചേർന്നുമല്ലലുൾ-
ക്കളത്തിലേറിപ്പിതുവിട്ടിൽ വാണുതേ. 55

പിനാകിയേപ്പററിയ പാട്ടുപാടവേ
വനാന്തസംഗീതസഖീജനങ്ങളെ
ഘനാശ്രുവാൽത്തൊണ്ട വിറച്ചെഴും പദ_
ത്തിനാലെ കേഴിപ്പിതിടക്കിടക്കവൾ. 56

അടച്ചു രാപ്പാതി കഴിഞ്ഞു കണ്ണു,ണ_
ന്നുടൻ,'മൂഢ! ത്വൽഗതിയെങ്ങിതെന്നുതാൻ'
സ്ഫുടം വെറും വാക്കു പറഞ്ഞു പുൽകിടും
കടന്നൊരില്ലാത്ത കഴുത്തമർത്തിവൾ. 57

'ശരിക്കു സർവ്വാത്മകനെന്നൃഷീന്ദ്രർ ക_
ണ്ടിരിയ്ക്കുമങ്ങെൻ കരൾ കാണ്മതില്ലയോ'
കുറിച്ചു ചിത്രക്കുളുർതിങ്കൾമൌലിയെ
ക്കുറിച്ചിതോതും ബത മൂഢ ഗൂഢമായ്. 58

ഹിതാർത്ഥമാമീശ്വരലാഭമൊക്കുവാൻ
നതാംഗി വേറേ വഴിതേടി മുട്ടിയോൾ
പിതാവൊടോതിബ്ബത! ഞങ്ങളൊത്തു കാ_
ടിതാന്നു കേടററ തപസ്സു ചെയ്യുവാൻ. 59

വരാംഗി നട്ടിവ്രതസാക്ഷിയായെഴും
മരങ്ങളും വേണ്ട ഫലങ്ങളാന്നുതേ
ഹരാശ്രയം മത്സഖിതൻ മനോരഥം
ചിരാൽത്തുടങ്ങിലമുളയ്ക്കുവാനുമേ. 60

ദുരാപനാശ്ശങ്കര,നാളിമാൎക്കു മാൽ
തരും തപഃക്ഷീണയിലല്ലലാററവാൻ
വരുന്നതെന്നോ? കൃഷിയിങ്കൽ വേനലിൻ
വരൾച്ചയാററാൻ വലവൈരി പോലവേ. 61

മുറയ്ക്കു ഭാവജ്ഞ തുറന്നിടാതവേ
മറച്ചു ഹൎഷം, മദനാഭനോ വടു,
ഉരച്ചു:—“നേരോ പരിഹാസമോയിതെ-
ന്നുരയ്ക്ക”കെന്നായുമയോടുടൻ തദാ. 62

കരാഗ്രഭാഗത്തഥ ചേൎത്തു കൂമ്പിടും
വിരൽത്തലയ്ക്കൽ സ്ഫടികാക്ഷമാലയേ,
കുറച്ചു വാക്കാലെ ഞരുങ്ങിയേറെയോ-
ത്തുരച്ചുരച്ചു ഗിരിരാജനന്ദിനി. 63

“യതീശ്വരൻ നീയിഹ കേട്ടപോലെ താൻ
കൊതിച്ചിടുന്നു വലുതാംപദത്തെ ഞാൻ
അതിന്നുപോലിത്തപമാൎക്കുമാഗ്രഹി-
പ്പതിന്നു വയ്യാത്തൊരവസ്ഥ വേണ്ടുവാൻ”. 64

ഉരച്ചിതാ വൎണ്ണി:— “ധരിച്ചവൻ ശിവൻ
കരൾക്കവെങ്കൽക്കൊതിയെന്തു പിന്നെയും
ഹരന്റെയോരോരശുഭപ്രവൃത്തിയോ-
ത്തൊരല്പവും മേ ഹിതമല്ല നിന്മതം. 65

ദുരാഗ്രഹാഢ്യേ! തവ വേളിനാളിൽ ന-
ല്ലോരാപ്പുതുക്കാപ്പണിയുന്ന നിൻകരം
ഗരാഢ്യസപ്പം വളയാം ഹരൻെറയാ-
ക്കരാവലംബം പ്രഥമം പൊറുക്കുമോ? 66

ക്ഷണം വിചാരിക്കുക നിയ്യുതന്നെ, ചേ-
ന്നിണങ്ങുവാനിന്നിവ രണ്ടുമൊക്കുമോ:—
നിണം പൊഴിക്കും ഗജകൃത്തിയും, പരം
ഗുണംപെടും പൊന്നണിമന്ത്രകോടിയും. 67

വരോരു! ലാക്ഷാരസമാന്നു വാടിടാ-
പ്പുരോദരപ്പൂവു വിടാത്ത നിൻപദം
ശിരോരുഹാഢ്യച്ചുടുകാട്ടിൽ വെയ്ക്കുവാൻ
വിരോധമോതും തവ വൈരിപോലുമേ. 68

ഇതാണയുക്തം പരമിങ്ങു, ചന്ദനം
നിതാന്തമേന്തും തവ പോർകുചങ്ങളിൽ
നതാംഗി! കഷ്ടം! വിഷമാക്ഷമാറണി-
ച്ചിതാശുഭച്ചോരമടച്ചു ചേരുമേ. 69

വരും പരിഹാസമിതാശു, വേട്ടു നീ
പെരും കരിശ്രേഷ്ഠനിലേറിടേണ്ടവൾ
ഒരുങ്ങി വയ്യാത്തെരുതിൻ പുറത്തു ചെ-
ന്നിരുന്നു കാണ്മോരഖിലം ചിരിക്കുമേ. 70

പിണഞ്ഞു ശോച്യസ്ഥിതി രണ്ടുപേൎക്കു തി-
ക്കണെക്കൊട്ടങ്കണ്ണനെയാഗ്രഹിക്കയാൽ
കണക്കിൽ മൃഗേന്ദുകലയ്ക്കുമിന്നു ക-
ണ്ണിണക്കുളൎച്ചന്ദ്രികയാം നിനക്കുമേ. 71

വിരൂപരൂക്ഷാക്ഷ,നറിഞ്ഞതാരു തൽ-
പ്പിറപ്പു, പോക്കറെറാരവൻ ദിഗംബരൻ
ഹരങ്കലൊന്നെങ്കിലുമിങ്ങു കാണുമോ
വരന്നു വേണ്ടും, ഗുണമേണലോചനേ! 72

പ്രശസ്യമല്ലാക്കൊതി കൈവിടേണമേ
പിശാചതെ,ങ്ങെങ്ങുരുപുണ്യമാന്ന നീ
ശ്മശാനശൂലത്തിനു യോഗ്യർ ചെയ്യിടാ
കൃശാംഗി! കേൾ വൈദികയൂപസൽക്രിയ". 73

ഉറച്ചു വിപ്രൻ പ്രതികൂലമായിത-
നുരച്ചതിൽച്ചുണ്ടു വിറച്ചുകൊണ്ടവൾ
സ്ഫുരിച്ചു കോപാൽപ്പുരികം ചുളിച്ചുടൻ
തിരിച്ചിതററങ്ങൾ ചുട്ടത്ത കണ്ണുകൾ. 74

പറഞ്ഞു പിന്നെ:—"ശ്ശിവനെശ്ശരിക്കു നീ
യറിഞ്ഞിടാഞ്ഞതന്നൊടിതോതി നിൎണ്ണയം
പരക്കിണങ്ങാതിഹ ഹേതു പാൎത്തിടാ-
ത്തൊരാമഹൽപ്പോക്കു പഴിപ്പു മൂഢർതാൻ. 75

വരാത്മസിദ്ധിക്കു, ജനം, വിപത്തു കൈ-
വരായ്വതിന്നും തുടരുന്ന മംഗളം
നിരീഹനാ ലോകശരണ്യനാ,ശയാൽ
കരൾക്കു കേടേകിടുവോരതെന്തിനോ? 76

ദരിദ്രനർത്ഥപ്രഭവൻ, ശ്മശാനമാ-
മിരിപ്പിടം ചേർന്നൊരു ലോകനായകൻ
ഒരുഗ്രരൂപൻ ശിവനെന്നുമോതു,മി-
ല്ലൊരുത്തനീശസ്ഥിതി നേർക്കറിഞ്ഞവൻ. 77

വിഭൂഷ ചേർന്നാം,ഫണി ചുററിയുള്ളതാ-
മിഭാജിനം പട്ടിതിലൊന്നുടുത്തുമാം,
കപാലമൊത്താം ശശിചൂടിയിട്ടുമാം,
വപുസ്സു വിശ്വാത്മകനേതു മട്ടുമാം. 78

ഹരൻ തൊടുമ്പോൾ ച്ചിതചേർന്ന ചാമ്പലും
പരം വിശുദ്ധിപ്രദമായിടും ദൃഢം
വിരഞ്ഞതല്ലോ നടനത്തിൽ വീഴവേ
ശിരസ്സുചേർക്കുന്നു ശരിക്കു വാനവർ. 79

ദരിദ്രനായ്ക്കൊള്ളരുതേറവോനു, ദി-
ക്കരിക്കഴുത്തേറി വരുന്ന വാസവൻ
ശിരസ്സണിപ്പൂപ്പൊടിയാൽ, നമിച്ചു കാൽ-
വിരല്ക്കു ചോപ്പേറെ വരുത്തിടുന്നുതേ. 80

മതിക്കു കേടേറിയ നീ കഥിച്ച സ-
മ്മതിക്കുമാറൊന്നു പഴിച്ചിടുമ്പൊഴും
വിധിക്കുമേ കാരണമെന്നു സജ്ജനം
വിധിക്കുവോൻ തൻ കുലമാക്കറിഞ്ഞിടാം. 81

വിവാദമെല്ലാം മതി, തൽസ്വഭാവമി-
ഝൂവാൻ ധരിച്ചുള്ളതുപോലെയാകിലും
അവങ്കലിങ്ങുൾക്കൊതി, കാമചാരിയാ-
യവൻ ഗണിക്കില്ലപവാദമേതുമേ. 82

പൊട്ടുന്നനെത്തോഴി തടുക്കു, ചുണ്ടന-
ക്കിടുന്നു വീണ്ടും പറവാനിതാ വടു
പെടുന്നു പാപം സുജനാപവാദമോ-
തിടുന്നവൎക്കല്ലതു കേൾപ്പവൎക്കുമേ. 83

വിടുന്നു ഞാനിസ്ഥലമല്ലയെങ്കി"ലെ-
ന്നുടൻ ചലിച്ചാളവൾ ഭിന്നവല്ക്കയായ്
അടുത്തു നേരാമുടലാൎന്നു സസ്മിതം
തടുത്തിതപ്പോഴവളെ വൃഷധ്വജൻ. 84

ആയീശദൎശനവശാൽ വിറയാൎന്നു വേൎത്തു
പോയിടുവാൻ പദമുയൎത്തിയ ഗൌരിയപ്പോൾ
പായുമ്പൊൾ മാമല തടഞ്ഞ പരുങ്ങുമാൎപോ-
ലായങ്ങുറച്ചുമരുവീല നടന്നുമില്ലാ. 85

“ഇന്നേമുതൽക്കവനതാംഗി! തപസ്സിനാൽക്കെ-
വന്നോരു ദാസനിവ”നെന്നു ശിവൻ കഥിച്ചേ
ഒന്നായുടൻ നിയമജക്ലമമാശു വിട്ടാൾ
നന്നായ്പ്ഫലിക്കിലഴൽ ത്തന്നസൌഖ്യമല്ലോ. ൮൬

അഞ്ചാം സർഗ്ഗം കഴിഞ്ഞു.

## ആറാം സർഗ്ഗം.

ദേവി ഗൌരിയറിയിച്ചിതു വിശ്വാ-
ത്മാവിനെസ്സഖിവഴിക്കഥ ശ്രദ്ധം
'ഹേ! വിഭോ! ഗിരികുലേശ്വരനാം ദാ-
താവിനോടിവളെ വാങ്ങുക'യെന്നായ് 1

ദൂതതാളിവഴിയോതി മനസ്സാ-
ബ്ഭൂതനാഥനിലണച്ചവൾ നിന്നാൾ
ചൂതവല്ലി പികവാക്കൊട്ടമാരാൽ
പ്രീതയായ്മധുവിലെന്നകണക്കേ. 2

'ആട്ടെ'യെന്നുടനതേറവുമമയെത്താൻ
വിട്ടയച്ചൊരുവിധം സ്മരവൈരി
വാട്ടമറ്റൊളിവിടാത്തൊരു കീർത്തി-
പ്പെട്ട സപ്തമുനിമാരെ നിനച്ചു. 3

ഉല്ലസൽപ്രഭ വിയത്തിൽ വളർത്തി-
ച്ചൊല്ലുനല്പമെഴുമാമുനിവര്യർ
നല്ലരുന്ധതിയൊടൊത്തു മൃഗാങ്ക-
ത്തെല്ലണിഞ്ഞ ഭഗവാനൊടണഞ്ഞു. 4

വക്കണിസ്സുരമരം തിരമേൽത്തൻ
പൂക്കൾ ചേർക്കുമമരാപഗയിങ്കൽ
ദിക്കരീന്ദ്രമദഗന്ധിയൊഴുക്കിൽ-
പ്പുക്കമന്ദസുഖമാണ്ടു കുളിച്ചോർ, 5

പൂണുനൂലിലണിമുത്തുകളും, തോൽപൊ-
ന്നാണു, മാലമണിയാലെ,യിവണ്ണം
കാണുകിൽപ്പെരിയ ഭിക്ഷുനിലയ്ക്കു
വാണുപോരുമമരദ്രുമമൊത്തോർ; 6

പൂട്ടിവിട്ട തുരഗങ്ങളെ നിർത്തി
പാട്ടിലപ്പെരിയ തേക്കൊടി താത്തി
ചോട്ടിൽ നിന്നു വിനയത്തൊടുമൂററ-
പ്പെട്ടിടുന്ന രവി നോക്കി നമിപ്പോർ; 7

കൂററ,നാദികിടി, പാരിതു മുങ്ങാ-
തേററവേ പ്രളയമായ വിപത്തിൽ
തേററമേൽ പിടിപെട്ടും ധരയോടൊ-
ത്തേററമങ്ങരിയ വിശ്രമമേറേറാർ; 8

വീണ്ടുമിങ്ങജനുസൃഷ്ടി കഴിപ്പാൻ
വേണ്ടുവോരു തുണ ചെയ്യുകയാലെ
പണ്ടുതന്നെ വിധിമാരിവരെന്നായ്-
ക്കൊണ്ടു മുൻകഥയറിഞ്ഞവർ ചൊൽവോർ; 9

പണ്ടു ചെയ്തു പരിപൂതതപസ്സാൽ
കണ്ടുകിട്ടുമെതിരററ ഫലത്തെ
ഉണ്ടുകൊണ്ടു മരുവീടുകിലും മു-
ത്താണ്ടുവീണ്ടുമിഹ താപസരായോർ; 10

ആത്തപസ്വികളാം നടുക്കു വരൻതൻ-
കാൽത്തലക്കൽ മിഴി ചേൎത്തൊരു സാദ്ധ്വി
നൽത്തപസ്സിനുടെ സിദ്ധി വപുസ്സോ-
ടൊത്തെഴുംവിധമരുന്ധതി മിന്നി. 11

നണ്ണി മാന്യയവളും മററവർപോലെ-
ന്നണ്ണിരാജമകുടൻ ജഗദീശൻ;
പെണ്ണിതാണിതിതി ഭേദമൊരാൾക്കാ-
രെണ്ണിടും, മഹിതമാൎയ്യരിൽ വൃത്തം. 12

നന്മകൂട്ടമവളെബ്ഭൃത കണ്ടോ-
രമ്മൃഡന്നു കൊതി വേളിയിലേറി
ധൎമ്മകൎമ്മമിഹ ചെയ്വതിൽ നൂനം
ധൎമ്മചാരിണികൾതന്നെ നിദാനം. 13

ആശ, ധൎമ്മവഴിയെങ്കിലുമപ്പോ-
ഴീശനദ്രിജയിലാൎന്നു കാങ്ക്ഷ
ആശു, മുമ്പിഴയിലേററ ഭയംവി-
ട്ടാശയത്തെളിവനംഗനുദിച്ചു. 14

ആദരിച്ചഥ ജഗൽഗ്ഗുരുവോടാ-
യാ,ദമാഢ്യമുനിമാരണിയുന്നോർ
വേദവാദരതരാതി തദാനീം
മോദകണ്ടകിതമാമുടലോടെ. 15

"ഓത്തുചൊല്ലിയതിനും ശുഭഹോമം
ചേൎത്തുമഗ്നിയിൽ നടത്തിയതിനും
കത്തുമുൽക്കടതപസ്സിനുമിന്നി-
ങ്ങൊത്തുചേൎന്ന ഫലമാൎന്നിതു ഞങ്ങൾ. 16

ഹേ! ശശാങ്കശിശുശേഖര! ലോകാ-
ധീശ! നീ ശരിയെ ഞങ്ങളെയിപ്പോൾ
ആശകൾക്കുമതിദൂരെയെഴും നി-
ന്നാശയേ ദയയൊടേറ്റകയാലേ. 17

നീയകത്തളിരിലെത്തി മുറയ്ക്കെ-
ന്നായവൻ കൃതിവരൻ മറവേരേ?
മായമറ്റ തവ ഹൃത്തിലണഞ്ഞാ-
ലായവന്റെ കഥയെന്തു കഥിപ്പൂ! 18

അൎക്കചന്ദ്രരുടെ മേൽനില പണ്ടേ
നേൎക്കുന്തൊന്നമെഴുമിജ്ജനമിപ്പോൾ
തൎക്കമില്ല തിരുവുള്ളമിതേറി-
പ്പാൎക്കയാലതിലുമേറെയുയർന്നു. 19

ഓൎത്തിടുന്നു തവ സൽക്രിയയാൽ വ-
ന്നൊത്തിടും നിലയിൽ ഞങ്ങളെ ഞങ്ങൾ
സത്തമാദരവു ചേൎപ്പിതു വിശ്വാ-
സത്തെ നേൎക്കു നിജനന്മയിലാക്കും. 20

അംഗജാന്തക! കനിഞ്ഞു ഭവാനോ-
ത്തിങ്ങനല്പമുളവാം തെളിവെല്ലാം
ഞങ്ങളെന്തിനറിയിപ്പതു പാർത്താ-
ലങ്ങശേഷജഗദാത്മകനല്ലോ. 21

നേക്കു കണ്ടുമറിവാൻ കഴിയുന്നി-
ലാക്കുമിങ്ങു ഭുവനേശ! ഭവാനെ
ച്ചീക്കുമമ്പൊടകരുൾക്കീത്തവ തത്വം
നേക്കു, ബുദ്ധിവഴി വിട്ടൊഴിവോൻ നീ. 22

വൃത്തിയായുലകുതീക്കുവതോ ചെ-
ന്നാർത്തിയാററി, യതു കാപ്പതുതാനോ
മൂർത്തിയേതു തവ, വിശ്വവിനാശം
ചേർത്തിടുന്നതിനു ചേർന്നതുതാനോ? 23

കത്തിടാ പെരിയൊരക്കൊതിയിപ്പോൾ
നിർത്തിടാമിടവരുന്ന വരസ്സും
ഹൃത്തിലോർത്തപടി ഞങ്ങൾ മുറസ്സി-
ങ്ങെത്തി, യാജ്ഞതരികെ, ന്തിവർ വേണ്ടു? 24

ചീർത്ത ദന്തരുചിയാൽച്ചിടതന്നിൽ
ച്ചേർത്ത ശീതകിരണന്നു തദാനീം
നേർത്ത നൽപ്രഭയെ നന്നെ വളർത്തി-
ട്ടിത്തരം ഗിരിശനുത്തരമോതി:— 25

"സ്വാത്മവേലയിവനില്ലതു വേദാ-
ന്താത്മവേദിവരർ നിങ്ങളറിഞ്ഞോർ
ഇത്ഥമെൻെറ നിലയെന്നറിയാമ-
ന്യാത്മമായ മമ മൂർത്തികളെട്ടാൽ. 26

ഉണ്ടരാതിജിതർ ആ ഇവനോടാ-
യണ്ടർകോൻമുഖർ സുതാത്മമിരപ്പൂ
തൊണ്ട വററിയൊരു ചാതകജാതം
കൊണ്ടലോടൊരു മഴയ്ക്കുകണക്കേ. 27

ആകയാലുമയെ,യുണ്ണിപിറപ്പാൻ
സ്വീകരിപ്പതിനു ഞാൻ കരുതുന്നു
പാകമായരണിയേ യജമാനൻ
ശ്രീകരാഗ്നിയതിനെന്നതുപോലേ. 28

ചെന്നിനിക്കവളെയാക്കുളിർമഞ്ഞും-
കുന്നിനോടരിയ നിങ്ങളിരപ്പിൻ
നന്നിണക്കുവതു നല്ലവരായാൽ
വന്നിടാ പിഴകഠം ചാർച്ചയിലൊന്നും. 29

പാരുപേറി മുടിപൊങ്ങിയുറച്ചു-
ള്ളോരുനില്പുടയ മഞ്ഞണിമാടായ്
ചേരുമിയിവനു ചാർച്ച നിനച്ചാ-
ലാരുമേ കുറവതിൽക്കരുതിടാ. 30

കന്യകാർത്ഥമവനോടു ഭവാന്മാ-
രിന്നതോതുകിതി ചൊൽവതയുക്തം
മാന്യമായൊരു നടപ്പു ബുധർക്കി-
ദ്ധന്യർനിങ്ങളുരുളും പടിയല്ലോ. 31

ആര്യ ചൊല്ലുഴമരുന്ധതിയാളും
സ്ഥൈര്യമോടിതിനിറങ്ങണമിപ്പോൾ
കാര്യമായ്ത്തുണപുരന്ധ്രികൾ ചെയ്യേ
കാര്യമിവക ശരിക്കു നടക്കൂ. 32

ആകയാലിതു ശരിക്കു നടത്താ-
നായ് നഗേന്ദ്രനഗരിക്കു നടപ്പിൻ
പാർക്കുമെന്നെയിനി നേർക്കു മഹാകോ-
ശ്യാഖ്യയിപ്പുഴ പതിക്കുമിടത്തിൽ." 33

കേളികേട്ട വരയോഗികൾമുമ്പൻ
വേളിചെയ്യതിനിവണ്ണമുറക്കേ
ആളിടുംത്രപ ഗൃഹസ്ഥതയോർത്ത-
ന്നാളിലുള്ളതജപുത്രർ കളഞ്ഞു. 34

ഏററു കാര്യമുടനന്നെഴുന്നേററു
മാററുകൂട്ടമൊളിവീശുമൃഷീശർ
മുററുമിഷ്ടമൊടു മുമ്പു പറഞ്ഞോ-
രാററുവക്കു ഭഗവാനുമണഞ്ഞു. 35

ആസ്ഥയോടസിതവാളൊളിവാന-
ന്നാസ്ഥലംവിട്ടമൃഷീശ്വരരേറി
സ്വസ്ഥർ ചിത്തജവരോഷധിപൂൎവ്വ-
പ്രസ്ഥമെന്ന ഹിമവൽപ്പുരിചേന്നു. 36

തിണ്ണമദ്ധ്യനദനാട്ട കവന്ന-
ച്ചൂണ്ണമൊന്നു പണിതീൎത്തപടിക്കും
വിണ്ണവൎക്കു മറവീടിനു ചേരും
വണ്ണവും വിലസിയപ്പുരമേററം. 37

ഉത്തമോഷധിവിളക്കണിവപ്രം
മേത്തരം മണിശിലാമയസാലം
ഒത്തവിൺനദി ചുഴന്നിളുമട്ടിൽ
ച്ചിത്തരമ്യമത്തു രക്ഷയിലുംതാൻ. 38

ഋക്ഷസിംഹഭയമററ ഗജം, സ-
ല്ലക്ഷണാശ്വനിരയോ ഗൃഹപെറേറാർ
യക്ഷകിംപുരുഷർ പൌരരിതിൽ, സ്ത്രീ-
യക്ഷയാഭവനദേവതയെങ്ങും. 39

കൊണ്ടൽമാലമുടിമാലകളാം ചൊൽ-
ക്കൊണ്ട മേടകളിൽ മദ്ദളനാദം
വേണ്ടപോലിടിയിൽ നിന്നിഹ താളം-
കൊണ്ടടുത്തവർ തിരിച്ചറിയുന്നു. 40

ആട്ടിട്ടും പടമണിപ്പുതുകൊമ്പും
നീട്ടി നിന്ന പലകല്പമരം താൻ
നാട്ടിൽ നിളെയിഹ വീട്ടിനു വേണ്ടും
നാട്ടിടാക്കൊടികളായ്‌വിലസുന്നു. 41

ഹൃദ്യമാം സ്ഫടികമേടകൾ ചേരും
മർത്ത്യശാലകളിലങ്ങിരവിങ്കൽ
ഉദ്യദൃക്ഷനികരപ്രതിബിംബം
ചോദ്യമററമലർമോടി കൊടുപ്പൂ. 42

വാച്ചതിച്ചെട! വെളിച്ചമുദിച്ചാ
മെച്ചമാം വഴികൾ കാട്ടുമിതിങ്കൽ
തിച്ചു ദ്ദീനതമിസ്രധരിക്കാ-
തായ്‌ച്ചരിച്ചിതഭിസാരികമാരും. 43

യൌവനംവരെ വയസ്സിതിലോർത്താ-
ലേവനും മദനനേ യമനുള്ളു
കൈവരും കലശലായ മയക്കം
കേവലം രതിയിൽ വാടിയുറക്കം. 44

ചെന്തളിർച്ചൊടി വിറച്ചു, ചുളിച്ചുൽ-
ഭ്രാന്തചില്ലികൾ, വിരൽത്തളിരോങ്ങി,
കാന്തമാരിടയവേ കനിവോളം
കാന്തരിങ്ങു കരൾവാടിയിരപ്പൂ. 45

ബന്ധുരാമരമരത്തണൽ ചേർന്നാ-
പ്പാന്ധർ യക്ഷർ വഴിതോറുമുറങ്ങി
ഗന്ധമേന്തിയ പുറം പുത്തുതോപ്പായ്
ഗന്ധമാദനമിതിന്നിയലുന്നു. 46

തിണ്ണമാമണികൾ ദിവ്യർ മുറയ്ക്കി-
വണ്ണമുള്ള ഹിമവൽപ്പുരി കാണ്കെ
വിണ്ണണപ്പതിനെഴും സുകൃതൌഘം
നിർണ്ണയം ചതികളെന്നു നിനച്ചാർ. 47

ദ്വാരപാലർ തലപൊക്കി മിഴിക്കും
നേരമാശു ഗിരി വീടവർ പൂക്കാർ
നേരകന്നെഴുതിയോരെരിതിയായ്
ച്ചോരടിക്കുമിളകാച്ചിടയോടെ. 48

സ്വൈരമഭ്രമതിൽ നിന്നുമിറങ്ങി-
പ്പാരണഞ്ഞഴകിൽ മൂത്തവർ മുമ്പായ്
നിരതിൽഖരകരാവലിപോലെ
പാരമാമണിപരംപര മിന്നി. 49

പേരെഴുന്ന ഗിരി, സാരഗുരുക്കാൽ
നേരെ വെച്ചിളയടിക്കടി താത്തി
ദ്ദൂരെനിന്നു വിമലാർഗ്ഘ്യമൊടർഗ്ഘ്യ-
ന്മാരെ വേഗമെതിരേററഥ ചെന്നു. 50

ദേവതാരനെടുകയ്യുകൾ, കാവി-
ശ്രീവളന്ന ചൊടി,യുന്നതി പിന്നെ
കേവലം ശിലയുരസ്സു,ടലിൻമ-
ട്ടേവമായെഴുമവൻ ഹിമവാൻതാൻ. 51

സല്ക്കരിച്ചു ശരിയായ്യഥ താൻതാൻ
നേക്ട്ടെത്തു വഴികാട്ടി നഗേന്ദ്രൻ
തൽക്കരിങ്കുഴലിമാർ മരുവീടും
ദിക്കണച്ചു ശുഭവൃത്തരെ വേഗം. 52

ചൂരലിട്ട രുചിരാസനമേറി
സ്വൈരമങ്ങരുളുമീശ്വരരോടായ്
ചാരവേ തൊഴുതു താനുമിരുന്ന-
ന്നേരമേവമുരചെയ്തു ഗിരീന്ദ്രൻ. 53

കൊണ്ടലററ മഴ പൂക്കളൊഴിഞ്ഞും
കൊണ്ടലം ജനിതമാം ഫലജാലം
ഉണ്ടലററു കരുതാത്ത വിധത്തിൽ-
ക്കണ്ടു നിങ്ങളുടെ കാഴ്ചയിതിപ്പോൾ. 54

ജ്ഞാനമജ്ഞ,നിളയിൽപ്പെട്ടവോനാ-
വാനു,പൊന്നൊളിയിലിമ്പിനുമൊത്താൽ
ഊനമററിയലുമുന്നതി നേടി
ഞാനഹോ ഭവദനുഗ്രഹമൂലം. 55

ഇന്നുതൊട്ടു പരിശുദ്ധി കൊടുപ്പോ-
നെന്നുവന്നിതുലകിന്നഖിലം ഞാൻ
ചെന്നു വന്ദ്യർ കയറുന്നതുതാനാ-
കുന്നു തീർത്ഥമിതി ലോകർ കഥിപ്പൂ. 56

ഇങ്ങു രണ്ടുവഴി താനുളവായ് ചൊൽ-
പ്പൊങ്ങുമൂഴിസുരരേ, പരിശുദ്ധി
ഗംഗ മൌലിയിൽ വിഴുന്നതിനാലും
നിങ്ങൾ കാൽകഴുകുമംബുവിനാലും. 57

ജംഗമം ഭഗവദാജ്ഞകൾ കേൾപ്പാ-
നംഗമിങ്ങചരമംഘ്രികൾ വെപ്പാൻ
സംഗമറ്റ മമ മെയ്കളിലേവം
തുംഗഭാഗ്യമിഹ നിങ്ങൾ പകുത്തു. 58

വായ്ക്കുമിബ്ഭവദനുഗ്രഹമീമ-
ട്ടേല്ക്കുവോരളവെഴും പരിതോഷം
ദിക്കു പത്തുമൊരുപോലെ നിറഞ്ഞീ
നില്ക്കുമെന്നിലുമൊതുങ്ങുവതില്ലാ. 59

ഇന്നു ഭാസ്വദമലാംശർ ഭവാന്മാർ
വന്നു വാച്ചൊരു തമസ്സുകൾ നീക്കി
എന്നുമെൻഗുഹയിലുള്ളവയ,ല്ലുൾ-
ച്ചേർന്നു നല്ലറിവൊഴിപ്പതുകൂടേ. 60

ചെയ്യതിന്നവിടെയെന്തൊരു കാൎയ്യം?
'ദൈവരുന്നിതു കൊതിക്കിലുമെല്ലാം;
പാവനതപമിവന്നേകിടുവാൻതാൻ
കേവലം വരവി,തില്ല വിവാദം. 61

എവമെങ്കിലുമൊരാജ്ഞ തരേണം
ചെയ്യതിന്നിവന്നു വല്ലതുമിപ്പോൾ
കേവലം പ്രഭുവാടാജ്ഞ ലഭിച്ചേ
സേവകന്നു സുഖമാവുകയുള്ളു. 62

ചൊല്ലു കേൾപ്പൊരിവനി പ്രിയ, വീട്ടിൻ
നല്ലയിക്കുസമ,യിപ്രിയപുത്രി
ചൊല്ലുകാൎയ്യമവിടത്തിതിലാരാൽ?
പുല്ലുപോലെയിവന്നന്യപദാൎത്ഥം." 63

എന്നുരച്ചതു ഗുഹാമുഖമുൾപ്പു-
ക്കന്നു മാറെറാലി മുഴങ്ങു മുഴക്കി
കുന്നുകൾക്കരചനാമൊഴിതാനു-
ങ്ങൊന്നുകൂടിയുരചെയ്യതുപോലെ. 64

'ഭംഗിയിൽപ്പറയുകെ'ന്നുടനേ നി-
സ്സംഗിമാർ മുനികൾ ചൊല്ലുകയാലേ
അംഗിരസ്സു കഥ ചൊൽവതിൽമുമ്പൻ
വൻഗിരീശ്വരനൊടുത്തരമോതി:— 65

“സൽപ്പഥസ്ഥ! തവ ചേൎന്നു നിയി-
ന്നിപ്പറഞ്ഞതുമിതിൽപ്പരമെന്തും
ഒപ്പമുന്നതി മനസ്സിനുമങ്ങ-
ക്കിപ്പട്ടുകൊടുമുടിച്ചൂടകൾക്കും. 66

കള്ളമല്ല ചരവിഷ്ണു ഭവാനെ-
ന്നുള്ള ചൊല്ലിഹ ചരാചരജാലം
ഉള്ളതൊക്കയുമഹോ! തവ കുക്ഷി-
ക്കുള്ളണഞ്ഞു മരുവീടുവതില്ലേ! 67

പററമോ ബിസമൃദുത്തലയാൽപ്പാ-
രേററവാൻ ഫണിവരന്നൊരു നാളും
മുററമങ്ങഹിപുരത്തടിയൂന്നി-
ത്തെററ വിട്ടുതുണചെയ്വതൊഴിഞ്ഞാൽ. 68

നിരധിത്തിരകളിൽത്തടയാസ്സം-
ചാരമാൎന്നമലസന്തതി തിങ്ങി
നേരെ നിൻപുകഴുമാററമഹോ മു-
പ്പാരണപ്പു പരിശുദ്ധി, ഗുണത്താൽ. 69

കണ്ണനുള്ള കഴൽ പെററതിലുണ്ടാം
വണ്ണമേ മഹിമ ഗംഗ വഹിപ്പൂ
നിൎണ്ണയം നെടിയൊരങ്ങയിൽ വീണ്ടും
തിണ്ണമാജ്ജനനമാൎന്നുകൊണ്ടും. 70

നാലുദിക്കുമൊരുപോലുടനേ കി-
ഴ്മേലുമൊക്കെ നിറയും നില കാട്ടി
ചേലുയന്ന വടുവായ് ഹരി പണ്ട-
ന്നേലുമാവടിവിൽ നിന്നിലയെന്നും. 71

യാഗഭാഗമുടയോരൊടു ചേരാൻ
യോഗമാന്നു തവ യോഗ്യതയാലേ
നീ ഗരിഷ്ഠ! കനകാചലശൃംഗാ-
ഭോഗമൊക്കെയിഹ നിഷ്ഫലമാക്കി. 72

വാച്ചനിന്നചരമേനിയിൽ നന്നായ്
വെച്ചഹോ! കഠിനതാഗുണമെല്ലാം
കായ്ച്ചഭക്തിയൊടെടുത്തിതു നീയി-
മ്മെച്ചമാമുടൽബ്ബുധാച്ചനചെയ്വാൻ. 73

കേൾക്ക ഞങ്ങളിഹ വന്നൊരു കാര്യം
നേക്കിന്നറിക നിന്നുടെതന്നേ
തക്കഭാഗ്യവഴി കാട്ടുകയാലേ
തക്കമററ ചില പങ്കിവരെല്ലാം. 74

പേരുകേട്ടൊരണിമാദിയൊടും മ-
ററാരുമെങ്ങുമവകാശികളെന്ന്യേ
ചേരുമീശപരപദത്തെ മൃഗാങ്ക-
ക്കീരമൊത്തു തെളിവോടു ധരിപ്പോൻ, 75

പാരതൊട്ടു, പണി തമ്മിലിണക്കി-
ച്ചേരുവോര നിജ മൂൎത്തികളെട്ടാൽ
തേര വാജിനിരയാൽപ്പൂഃി, പാരെ-
പ്പേരമേ വഴിയെയിങ്ങു വഹിപ്പോൻ, 76

ധ്യാനമാൎന്നരിയ യോഗികൾ തന്നിൽ-
ത്താനടുത്തറിയുവാൻ തിരയുന്നോൻ
ഊനമററ ഭവബാധ ഭവിക്കാ-
സ്ഥാനമാൎന്ന നിലയിൽബ്ബുധർ ചൊൽവോൻ, 77

ശൎമ്മമേററമരുളുന്ന ജഗത്തിൻ-
കൎമ്മസാക്ഷിയവനുണ്ടു വരിപ്പു
സമ്മതേ! സപദി ഞങ്ങൾ വഴിക്കീ
നിൎമ്മലാംഗി തവ നന്ദിനിതന്നെ. 78

നോക്കു നീയവനെ നിന്മകളായി-
ച്ചേൎക്ക നല്ലപൊരുൾ വാക്കൊടുപോലെ
അൎക്ക,മൎത്ഥമവരന്നു കൊടുത്തു-
ള്ളാക്കുമാരിവഴിയില്ലുഴൽ പിന്നെ. 79

ഇച്ചരാചരജഗത്തുകളെല്ലാം
കാച്ചു ഭക്തിയൊടിനിപ്പറയട്ടേ
ഇച്ഛപോലിവളെയംബികയെന്നാ-
യച്ഛനീയുലകിനീശ്വരനല്ലോ. 80

ശൂലിയെത്തൊഴുതു വാനവരെത്തി-
ക്കാലിലൊത്ത പുതു കാന്തി വരുത്തി
മൌലിമുഗ്ദ്ധമണിരശ്മി പരത്തി-
ച്ചേലിവൾക്കു പെരുകട്ടെ പുരത്തിൽ. 81

ഗൌരി നല്ല വധു, നല്കിടുവോൻ നീ
ഭൂരിമോദമൊടിരപ്പവർ ഞങ്ങൾ
പാരിനീശനിഹ ശംഭു വരൻ, നൽ-
പ്പേരിനിത്തവ കുലത്തിനുറച്ചു. 82

ചെയ്യുകില്ല നുതി പൂജകളേല്ക്കേ-
വയ്യുവെന്നൊരു ജഗൽഗ്ഗുരുവിന്നും
നിയ്യുടൻ മകൾവഴിക്കൊരു മാച്ച-
ക്കയ്യു കണ്ടു ഗുരുവാവുക മേലിൽ." 83

ഓർത്തിതാമുനിയുരച്ചു മുഖത്തെ-
ത്താത്തിയച്ഛനരികത്തഗപുത്രി
വൃത്തിയായ് മുഴുവനെണ്ണി കളിത്താ-
രൊത്തിടുന്നിതൾ പരം കരൾ നിർത്തി. 84

പൂർണ്ണകാമനചലം പ്രിയയിൽത്തൻ
കണ്ണയച്ചു; ഗൃഹികൾക്കിഹ പാർത്താൽ
പെണ്ണറിഞ്ഞു പറയുംപടിയല്ലോ
തിണ്ണമാത്മനയമാരുടെ കാര്യം. 85

മാനസേ പതിഹിതത്തെയറിഞ്ഞാ-
മേനയും ഝടിതി സമ്മതമേകി
ന്യൂനമിങ്ങു പതിദേവതമാരാ-
മാനനീയവരരോപ്പതു ചെയ്വൂ. ൪൬

വേണ്ടുമുത്തരമിതാണിതിലെന്നായ്
കണ്ടു വാക്കു മുനി നിർത്തിയ നേരം
വേണ്ടപോലെ ശുഭഭൂഷകൾ ചാർത്തി-
ക്കൊണ്ടുനിന്ന മകളോടവനോതി. ൪൭

"കാമനേ! വരിക ഭിക്ഷ കൊടുത്തേൻ
സോമചൂഡഭഗവാനിഹ നിന്നെ;
ഈ മഹാമുനികളർത്ഥിക,ളൊത്തു
സീമയററ ഗൃഹമേധിഫലം മേ." ൪൮

ഇത്രയൊന്നു മകളോടു പറഞ്ഞാ-
ഗ്ഗോത്രനാഥനൃഷിമാരൊടുരച്ചു:—
"അത്ര നിങ്ങളെ നമിപ്പൂ മുറജ്ജി-
ച്ചിത്രഭാനുനയനപ്രിയ"യെന്നായ്. ൪൯

സാദരോചിതഹിതക്രിയയാലേ
മോദമാർന്നവനെ വാഴ്ത്തി മുനീന്ദ്രർ
ആദിയിൽ ഫലമണഞ്ഞെഴമാശി-
ർവ്വാദമദ്രിതനയയ്ക്കു കൊടുത്തു. ൫൦

താണടിത്തളിരണഞ്ഞു തൊഴുമ്പോൾ
വീണപൊൻപൂത്തുവതംസകമോടും
നാണമോടുമെഴുവോളെ വസിഷ്ഠ-
പ്രാണനാഥ മടികേറിയിരുത്തി. 91

ആ ശ്രുതിജ്ഞയഥ മാൽ, മകൾ പോമെ-
ന്നശ്രുതൂകുമൊരു മേനയിലാററി
വിശ്രുതപ്രിയഗുണം വിവരിപ്പോ-
രാശ്രുതിപ്രിയവചസ്സുകളാലേ. 92

എന്നു വേളിയിനിയെന്നരുൾകെന്നാ-
യൊന്നു ചന്ദ്രധരബന്ധു കഥിക്കേ
മൂന്നുനാൾ കഴികെയെന്നരുളിച്ചെ-
യ്യുന്നു ചീരധരരങ്ങെഴുന്നേററു. 93

അത്തപോനിധികൾ യാത്ര പറഞ്ഞാ-
ച്ചിത്തജാരിയൊടണഞ്ഞഥ വീണ്ടും
വാർത്ത ചൊല്ലി വിട വാങ്ങി വണങ്ങി-
ട്ടാത്തമോദമുടനംബരമേറി. 94

ഹരനുമുമയെ വേൾക്കുവാൻ കൊതിക്കും
കരളൊടു നാളതു പോക്കുവാൻ കുഴങ്ങി;
പരനുടെ കഥയെന്തഹോ! വികാരം
പരമുടനാ വിഭുവിന്നുമാർന്നിതെന്നാൽ. 95

ആറാം സർഗ്ഗം കഴിഞ്ഞു.

## ഏഴാം സൎഗ്ഗം.

സ്ഫുടം വിളങ്ങെസ്സിതപക്ഷമേഴാ-
മിടം തെളിഞ്ഞാത്തിഥിയിൽഗ്ഗിരീന്ദ്രൻ
ത്തുടങ്ങിയേർപ്പാടു സുതാവിവാഹം
നടത്തുവാൻ ബന്ധുജനങ്ങളോടും. 1

പുരസ്ത്രീമാർ വീടുകൾതോറുമിഷ്ടം
പരന്നതിന്നൊക്കയൊരുക്കുകൂട്ടി
പുരം ഗിരിക്കന്നു വിളങ്ങിയന്തഃ-
പുരത്തൊടൊത്തേകകുടുംബമട്ടിൽ. 2

വഴിക്കുമന്ദാരസുമങ്ങൾ ഭംഗ്യാ
പൊഴിച്ചു, പട്ടിൻകൊടി, പൊൻകമാനും
മുഴുക്കെയൊത്താപ്പുരി മററൊരേട-
ത്തെഴുന്ന വിണ്ണെന്ന വിധം വിളങ്ങി. 3

വരാപ്തിനാൽ ചേരുകയാലെ ഗൌരി-
യൊരാളിൽമാത്രം സുതരുള്ളപോലും,
ചിരാലണഞ്ഞാൽ, മൃതിപെട്ടുന്നാൽ
വരാമൊരുൾപ്രീതി പിതാക്കളോർന്നു. 4

നതാംഗിയോരോമടി കേറിയാശി-
സ്സുതാന്തഃമററൊ വിഭൂഷ വാങ്ങി;
സുതാഢ്യരുള്ളദ്രികുലത്തിനപ്പോ-
ഴതായൊരൊററപ്രതിപത്തിപാത്രം. 5

പുത്രപ്രിയാഢ്യോത്തമബന്ധുനാല്ലാർ
തത്ര പ്രിയാലൊത്തവളിൽ ക്രമത്തിൽ
മൈത്രം മുഹൂർത്തത്തിൽ മൃഗാങ്കനൊക്കു_
മുത്രത്തിൽ വേളിപ്പുതുമോടി ചേർത്താർ. 6

സംഫുല്ലശോഭം കറുകക്കിണങ്ങും
ക്കൂമ്പൊട്ടു വെള്ളക്കടുകിട്ടു ചാർത്തി
വെൺപട്ടു തൻപൊക്കിളും മറച്ചുടുത്തൊ_
രമ്പേന്തിനാലും തേച്ചുകുളിക്കു ഗൌരി. 7

വിളങ്ങി വേളിപ്പുതുസായകം പൂ_
ണ്ടിളങ്കുരംഗേക്ഷണയാകുമാരി
വളർക്ഷപക്ഷാദിയിലർക്കഭാസ്സാൽ
വളർന്നിടും വെണ്മതിലേഖപോലെ. 8

മെഴുക്കു പോച്ചൊററിയരച്ചു തേച്ചു
മുഴുക്കെനീക്കിപ്പൊടിമഞ്ഞളും പൂശി
മുഴുക്കളിപ്പട്ടണിഗൌരിയെക്കു_
റൊഴുക്കെഴും നാരികൾ പന്തൽകേററി. 9

വൈഡൂര്യമാം കല്ലു പതിച്ചു ചേലേ_
റിടുംവിധം മുത്തണിയാർന്നതിങ്കൽ
കേടററ വാദ്യത്തൊടു പൊൻകുടാംഭ_
സ്സാടിക്കുളിപ്പിച്ചിതു ഗൌരിയാളെ. 10

അഴുക്കു നീക്കിക്കുളിയാൽ വിശുദ്ധി
മുഴുത്തു വെണ്പട്ടുമുടുത്തു ഗൌരി
മഴക്കു ശേഷം മലരാർന്ന കാശം
തഴച്ച ഭൂവെന്നവിധം വിളങ്ങി. 11

അതിങ്കൽ നിന്നായവളെപ്പുണർന്നു
പതിവ്രതസ്ത്രീകളണച്ചു പിന്നെ
വിതാനശില്പത്തൊടു നാന്മണിത്തു-
ണ്ണതാർന്ന പീഠാന്വിതവേദിമദ്ധ്യം. 12

നല്ലാഭതാനേ പെട്ടവോളെയങ്ങു
നല്ലാർ കിഴക്കോട്ടു തിരിച്ചിരുത്തി
എല്ലാരുമേ തെല്ലിട നോക്കിനിന്നാർ
ചൊല്ലാർന്ന മൈക്കോപ്പരികത്തിരിക്കെ. 13

തോരാൻ പുകച്ചി,ട്ടലരുള്ളിലായ്പ്പ-
ച്ചാരാമതൻ കുന്തലൊരുത്തി കെട്ടി
നേരായ്നിരക്കെക്കറുകക്കുരുന്നൊ-
ത്തോരായിലുപ്പപ്പൂത്തുമാലയാലേ. 14

ഉടൽക്കുടൻ വെള്ളകിൽ തേച്ചു പത്ര-
മിടസ്സു ഗോരോചനയാൽച്ചമസ്സു
സ്ഫുടം മണാളത്തിട്ടണിഞ്ഞു കോകം
പെടുന്ന ഗംഗസ്സുവമാം ഭംഗി താത്തി. 15

വണ്ടാർന്ന തണ്ടാരിനുമിണ്ടൽ, കൊണ്ടൽ
കൊണ്ടാഭപൂണ്ടുള്ള ശശിക്കു മേകി
കണ്ടാൽക്കൊതിക്കും കുറുകുന്തൽ ചാർത്തി-
ക്കൊണ്ടാമുഖശ്രീ കിടയററു മിന്നീ. 16

പാച്ചോററിയാൽ സ്നിഗ്ദ്ധത വിട്ട ഗണ്ഡ
ത്തേച്ചോരു ഗോരോചനയോടിണങ്ങി
തൽച്ചോപ്പുമേററക്ഷികൾ കട്ടു കാതിൽ
വെച്ചോരു തച്ചാരുയവപ്രരോഹം. 17

ആസന്നതാംഗിക്കണിമദ്ധ്യരേഖ-
മാസന്നലാവണ്യഫലാധരോഷ്ഠം
ആളീജനം ചോപ്പണിയെ,ത്തുടിച്ചു-
ന്നാളീടുമേതോ പുരുശോഭ വീശി. 18

വരന്റെ മൌലിച്ചെറുതിങ്കൾ ചേരാ-
യ്കുരട്ടെ കാൽക്കെന്നവരം സഹാസം
ഉരച്ചതിൽച്ചോപ്പണിവോളെ മിണ്ടാ-
തിരുന്നടിച്ചാളുമമാലയാലേ. 19

നീലോല്പലത്താരിതളൊത്തവൾക്കു-
ള്ളാലോലമാം കണ്ണണിവോർകൾ നോക്കി
ചേലോടു ചേർത്താരതിലാഭക്കൂട്ടാ-
നാലോചിയാതേ, മഷി മംഗളാർത്ഥം. 20

നേരററ പൂക്കളും പുതുവല്ലിപോലേ,
താരങ്ങൾ ചേരുന്നൊരു രാത്രിപോലേ,
സ്വൈരം വിഹംഗം പെട്ടമാറപോലേ
പാരം വിളങ്ങീ സതി ഭൂഷയാലേ. 21

ആകല്പമാൎന്നാത്തനു ദൎപ്പണത്തി-
ലാകെപ്പരം നോക്കു മവൾക്കു ചിത്തേ
ശ്രീകണ്ഠനെത്താൻ കൊതിയാ;യണിഞ്ഞാൽ
സ്ത്രീകൾക്കു കാൎയ്യം പതി കാണ്മതല്ലോ. 22

അരച്ച മാംഗല്യമനോലയും കൈ-
വിരൽദ്വയത്താൽത്തൊട്ടു ചാൎത്തുമേന്തി
സ്ഫുരൽപ്രഭം കാതില കാതിലാൎന്ന-
ള്ളൊരക്കുമാരീമുഖമമ്മ പൊക്കി, 23

കാളി,ക്കരുക്കും മുലയൊത്തു നാളിൽ
നാളിൽഗ്ഗിരിക്കുള്ള കുമാരിയാളിൽ
മേളിച്ച വാത്സല്യം കൊതിതന്നെയായ
വേളിപ്പുത്തുപ്പൊട്ടു മകൾക്കു കുത്തി. 24

സ്ഥാനം പിഴച്ചോ,വിരലാലെ ധാത്രി
താനങ്ങുനേക്കൊക്കിട്ടമാറമേന
ആനന്ദബാഷ്പത്തൊടു രോമഹൎഷൽക്കൊ-
ള്ളാണ്ടിന്നിക്കൊന്നഥ കൈക്കസ്സു കെട്ടി. 25

രാകാശരൽത്തുന്നിശപോലെ, ഫേന-
ശ്രീകായ്ച്ചിട്ടും പാൽക്കടൽവേലപോലേ
ആകല്പവെണ്പട്ടൊട്ടുമിന്നി, പുത്ത-
നാകും വരാദർശമെടുത്ത ഗൌരി. 26

കുലത്തിടമ്പാകുലദൈവപൂജ
കുലാദ്രിരാജപ്രിയ ചൊന്നപോലേ
നലത്തൊടും ചെയ്തു, നമിച്ചു സാദ്ധ്വീ-
കുലത്തെയെല്ലാം ക്രമമായ്ക്കുമാരി. 27

"വരാനുരാഗത്തികവേല്ക്കുകെ"ന്നാ-
വരാംഗനാവൃന്ദമനുഗ്രഹിച്ചു;
ഹരാർദ്ധമെയ്യാർന്നവളോ മുറയ്ക്കാ-
വരാപ്തിയേയും ബഹുതുഷ്ടമാക്കി. 28

പ്രീതിക്കുമർത്ഥത്തിനുമൊത്തൊരുക്കം
ചെയ്തിട്ടു ബന്ധുക്കളൊടൊത്തിണങ്ങി
ഖ്യാതിപ്പെട്ടും കുന്നു സഭയ്ക്കു ചെന്നു
ഭൂതിപ്രിയൻതൻ വരവങ്ങു കാത്തു. 29

അതാദൃമാം വേളിയിൽ വേണ്ടപോലു-
ള്ളാതാളുപണ്ടം ധനദാദ്രിയിങ്കൽ
പ്രതാപിയാമീശനു കാഴ്ച വെച്ചാർ
കൃതാദരം മാതൃഗണം തദാനീം. 30

സാനന്ദമബ്ഭൂഷ തദാദരത്താൽ
താനൊന്നു തൊട്ടാൻ ഭുവനേശനെന്നാൽ
താനെന്നുമാൻറുള്ള വിഭൂഷണങ്ങൾ-
താനന്നു വേൾപ്പോനണിഭൂഷയായി. 31

ചാരം നരംചന്ദനലേപമായ-
ന്നേരം കപാലം മുടിരത്നമായി
സൈപരം കരിഃത്താലഥ രോചനാങ്ക-
ശ്രീരമ്യമായ്ത്തിന്നിയ പട്ടുമായി. 32

നെററിത്തടത്തിൻ നടുവിൽ ത്രിലോകം
നീററിത്തുടുത്തകനെലൊത്ത ദൃഷ്ടി
പോററിക്കു ചിന്തുരനിലച്ഛ മട്ടു
മാററിത്തിളങ്ങും തിലകത്വമാർന്നു. 33

മാറന്ന മെയ്യാലെയതാതു ദിക്കിൽ
മാറല്ല മററല്ല വിഭൂഷ ചേക്കേ
കാറവണ്ണവോർ മാററിയതില്ല കാന്തി-
യേറന്ന പത്തിപ്പുരത്നമാരും. 34

ഏറിത്തിളക്കം പകലും, ശിശുത്വം
പേറിക്കളങ്കം കലരാത്ത ചന്ദ്രൻ
കേറിക്കളിക്കും മുടിയുള്ളവന്നു
വേറിട്ട ചൂഡാമണിയെന്തിനോത്താൽ. 35

പടുതപമോടത്ഭുതമാക്കു,മേറെ_
ക്കൊടുത്തു വേളിപ്പുതുമോടി നേടി
അടുത്തു തൻഛായയെ നോക്കി, ഭൂത_
മെടുത്തു കാണിച്ചൊരു വാളിലീശൻ. 36

കൈലാസമുൾഭക്തിവശാൽച്ചുരുങ്ങും
പോലായുലിത്തോലണിയും വൃഷത്തിൽ
കാലാരി, കൈ നന്ദി പിടിച്ചു കേറി_
ക്കോലാഹലത്തോടഥ യാത്രയായി. 37

തേരാടിമാതൃക്കൾ ചലാവതംസ_
മാരായ്ഹരൻതൻ പിറകേ ഗമിപ്പോർ
ആരാൽ പ്രഭാരേണു ചുഴന്ന വക്ത്ര_
ത്താരാൽ വിയ,ത്തബ്ജിനിപോലെയാക്കി. 38

പൊന്നിൻനിറം ചേരുമവൾക്കു പിന്നിൽ
മിന്നി കപാലങ്ങളണിഞ്ഞ കാളി
മുന്നിൽപ്പരം മിന്നലയച്ചു വെള്ളി_
ലൊന്നിച്ചു പോം കാർമുകിൽ മാലപോലേ. 39

ഇണങ്ങിയശ്ശർവ്വനു മുമ്പിലപ്പോൾ_
ഗ്ഗണങ്ങൾ ചേർത്താശ്ശുഭവാദ്യഘോഷം
ക്ഷണത്തിൽ വാനോരൊടുയാനശൃംഗ_
മണഞ്ഞു സേവാവസരത്തെയോതി. 40

പിടിച്ചു സൂൎയ്യൻ സുരശില്പി ഭക്തി
തടിച്ചു തീൎത്തോരു നവാതപത്രം
മുടിക്കടുത്താസ്സുരഗംഗ വീഴും-
പടിക്കതിൻ പട്ടുഴകീശനേകീ. 41

സുരാത്മജാഗംഗകൾ ചാമരം ചേ-
ന്നാരാൽശ്ശിവാച്ച്യസ്ഥുടലാൻ ചെന്നു
പേരാളുമാറിൻ നിലവിട്ടനാളു-
മാരാജഹംസകളി ചേൎന്നപോലെ. 42

ചെന്നാദിവേധാവൊരുമിച്ചു വിഷ്ണു
നന്നായ്ജ്ജയിക്കെന്നരുളുന്ന വാക്കാൽ
അന്നാമഹേശൻെറ മഹത്വമേററി
നിന്നൂ, ഹവിസ്സാലനലൻെറ പോലെ. 43

ഒരാൾ തിരിഞ്ഞോരവർ, മുമ്പുപിമ്പും
വരും തരംപോലവരിൽ; ചിലപ്പോൾ,
ശിവൻ ഹരിക്കാദ്ധ്യനവന്നു വിഷ്ണു-
വവൎക്കു വേധാ,വവർ, പൂമകന്നും. 44

ശ്രീവമ്പു കാട്ടാതഥലോകപാല-
ന്മാർ വന്നു ശക്രാദികൾ താഴ്മയോടേ,
ഭാവത്തിനാൽ നന്ദി വിളിച്ചു കാട്ടി-
ദ്ദേവന്നു കൈകൂപ്പിയുടൻ വണങ്ങി. 45

ശിരസ്സിളക്കീട്ടജനേ, വചഃസ്സാൽ
മുരാരിയെ,പ്പുഞ്ചിരിയാൽ വൃഷാവേ,
നിരക്കെ നോക്കാൽസ്സുരരേയുമൊക്കം
തരത്തിലൊക്കെശ്ശിവനാദരിച്ചു. 46

നേരായ് ജയാശിസ്സുകളെച്ചിരിച്ചാ-
മാരാരി സപ്തർഷികളോടുരച്ചു
"പേരാളുമിവേളിമഖം നടത്തേ-
ണ്ടോരായ് ക്ഷണിച്ചോരിഹ നിങ്ങളെ"ന്നായ്. 47

സ്ഫുടം പുരാരിപ്പുകൾ നേർക്കു പാടി-
നടന്ന വിശ്വാവസുമുഖ്യരോടും
ഉടൻ മട്ടത്താർശരവൈരി മാർഗ്ഗം
കടന്നു കുട്ടിക്കുള്ളർതിങ്കൾചൂഡൻ. 48

ഇടയ്ക്കിടെപ്പൊൻമണിയൊച്ചയുണ്ടാം-
പടിക്കു വാനേറി മൃഡന്റെ വാഹം,
തടം പിളർക്കെച്ചെളിപോലെ കാറു
തടഞ്ഞെഴും കൊമ്പു ക[illegible]ഞ്ഞു മണ്ടി. 49

പരക്കു കേറാനരുതാത്തഗേന്ദ്ര-
പുരത്തിലെത്തി ക്ഷണമാവൃഷേന്ദ്രൻ
ഹരന്റെ നോക്കായ സുവർണ്ണസൂത്രം
തരത്തിൽ മുന്നോട്ടു വലിച്ചപോലെ. 50

അതിന്നടുത്തുള്ളൊരിടത്തു, പൌരർ
കൊതിച്ചു കാണ്മാൻ തലപൊക്കി നോക്കേ
ക്ഷിതിക്കിറങ്ങി സ്വശരാങ്കമാൎഗ്ഗ-
മതിങ്കൽനിന്നംബുദനീലകണ്ഠൻ. 51

പൂക്കും മരം ചേൎന്നൊരു തൻതടങ്ങ-
ളൊക്കും സുഹൃദ്ഭൃത്യഗജങ്ങളോടും
ആകുന്നുകൾക്കീശ്വരനീശനെത്താൻ
വാഴ്ത്തും രസത്തോടെതിരേററു ചെന്നു. 52

തടുത്തു നില്ക്കും പടിവാതൽ നീങ്ങി-
യടുത്തമൎത്ത്യാദ്രികുലങ്ങൾ തമ്മിൽ
നടുച്ചിറകെട്ടു മുറിഞ്ഞിരമ്പും
നെടും പ്രവാഹങ്ങൾ കണക്കിണങ്ങി. 53

പരം ധരിത്രീധരനാൎന്നു നാണം
ഹരൻ ത്രിലോകീനമിതൻ നമിക്കേ
ശിരസ്സു മുമ്പേ ഹരവമ്പിനാൽത്താ-
ന്നൊരാസ്സ്വഭാവം ഗിരികണ്ടതില്ലാ. 54

പരം മുഖം പ്രീതിവശാൽത്തെളിഞ്ഞാ-
വരൻെറമുമ്പേ നടകൊണ്ടഗേന്ദ്രൻ
പുരം നയിച്ചാനവനെക്കണങ്കാൽ
വരച്ചു പൂവാം കടവീഥിയൂടേ. 55

കൃത്യാന്തരം വിട്ടു ഹരാഭ കാണ്മാ-
നത്യാഗ്രഹാൽ പൌരവരാംഗിമാരിൽ
തത്ര സ്വമഞ്ചങ്ങളണഞ്ഞിവണ്ണ-
മത്തല്ലിലുണ്ടായ് പല ചേഷ്ടിതങ്ങൾ:- 56

പെട്ടന്നെണീറ്റോടുമൊരുത്തിയൊട്ടു
കെട്ടറ്റ മാല്യം കൊഴിയുന്ന കേശം
ചട്ടറ്റ കൈകൊണ്ടു തടുക്കിലും താൻ
കെട്ടാൻ മറന്നു ജനൽചേരുവോളം. 57

നലത്തൊട്ടും ചോപ്പണിയുന്നൊരംഘ്രി
തലത്തെ വേഃഗന വലിച്ചൊരുത്തി
നിലത്തു നിളെ,ജ്ജനൽ ചേരുവോള,-
മലക്തകം വെമ്പി നടന്നണിഞ്ഞു. 58

വലത്തുകണ്ണഞ്ഞെഴുതീട്ടു മറ്റേ-
തിലത്തിളങ്ങും മഷി മറ്റൊരുത്തി
കലത്തിടാതൊത്തശലാകയും കൈ-
ത്തലത്തിലേന്തിജ്ജനൽചേൎന്നുനിന്നു. 59

പോക്കിൽക്കണെക്കത്തഴിയുന്ന വസ്ത്രം
പൊക്കിൾക്കള ഭൂഷാരുചിചേൎത്ത കയ്യാൽ
ലാക്കിൽപ്പിടിച്ചന്യജനാലചേൎന്നു
നോക്കി,ശരിക്കൊട്ടുമുറുക്കിടാതേ. 60

ഓക്കാതെണ്ണീറേറാടിയടിസ്ഥടിക്കു
മൃക്കാലിടം കോത്തൊരു മുത്തു ചിന്നി
അക്കാലമന്ന്യക്കരഞ്ഞൊണു, ബാക്കി
തൽക്കാൽവിരൽത്തുമ്പണിസൂത്രമായി. 61

ഹന്താത്ഭുതത്താലുലയുന്ന നേത്ര-
കാന്താളിചേന്നും മധു ഗന്ധമാന്നും
കാന്താമുഖശ്രീ ജനൽകൾക്കു തത്ര-
ചെന്താമരപ്പൂവ്വണിമോടി ചേർത്തു. 62

ആട്ടം കൊടിക്കുറ കമാനവും ചേ-
ന്നീടും വഴിക്കെത്തി മൃഗാങ്കചൂഡൻ
മേടസ്സുകൂട്ടി പകലും പ്രകാശം
കേടറെറഴും ചന്ദ്രിക തൂകി വീളേ. 63

ശിവൻെറ മൈ കണ്ണുകളാൽ നുകന്നാ-
സ്സുവേണിമാർ മററഖിലം മറന്നു
അവക്കു ശേഷേന്ദ്രിയവൃത്തി നേത്ര-
പ്രവത്തിയിൽത്തീരെ ലയിച്ചുവെന്നോ? 64

"താരൊത്ത മെയ്യാലുമ,യീഹരാത്ഥം
ഘോരം തപം ചെയ്യൂതു യുക്തമായി
ആരും കൊതിക്കും ഹരദാസ്യവും തൽ-
ദാരങ്ങളാകുംകഥയെന്തു പിന്നെ. 65

ചേർത്തില തമ്മിൽ സ്പൃഹണീയ ശോഭ
ചീർത്തിടുവോരി മിഥുനത്തെയെന്നാൽ
വ്യർത്ഥീഭവിച്ചേനെയിവർക്കു രൂപം
തീർത്തിടുവാൻ ചെയ്യൊരജന്റെ യത്നം. 66

കയർത്തിവൻ കാമശരീരമഗ്നി
മയത്തുടുകണ്ണിലെരിച്ചതല്ലാ
സ്വയം, ശിവാംഗപ്രഭകണ്ടു നാണ-
മിയന്നവൻ തന്നുടൽ വിട്ടു നൂനം. 67

കൊതിച്ചപോലീശ്വരനോടു ചേർച്ച-
യിതിന്നു ഭാഗ്യാലിയലുന്നഗേന്ദ്രൻ
ക്ഷിതിക്കു താങ്ങാം നെടുമൌലി പൊക്കു-
മിതിൽപ്പരം താനിനിയൊന്നു തോഴി”! 68

പുരന്ധ്രിമാർ കാതു കുളുർക്കെയെന്നാ-
പ്പുരത്തിലേവം പറയെ ത്രിനേത്രൻ
ഹരൻ, പൊഴിക്കും മലരംഗഭത്താൽ
പ്പുരംപൊടിച്ചാഗ്ഗിരി വീടണഞ്ഞു. 69

തൽക്കാലമേൽനിന്നു, ശരൽഘനം വി-
ട്ടർക്കൻ കണക്കച്യുതഭത്തഹാസൻ
നേർക്കങ്ങിറങ്ങിഗ്ഗിരിരാജഗേഹം
പുക്കാൻ, വിരിഞ്ചൻ വഴികാട്ടുമീശൻ. 70

ധരാലയം ചേൎന്നു, ഗണങ്ങൾ, സേന്ദ്രർ
സുരാഢ്യർ, സപ്തൎഷിമുഖൎഷിമാരും
ഹരന്റെ പിമ്പേ; പരമോത്തമാൎത്ഥം
പരം മഹാരംഭമതിന്റെപോലേ. 71

തത്രാസനാസ്ഥൻ മുറതെറ്റിടാതാ–
ഗ്ഗോത്രേന്ദ്രനേകുന്നസരത്നമൎഗ്ഘ്യം
അത്തവ്വ വാങ്ങീമധുപൎക്കവും നൽ–
പ്പുത്തൻ ദുകൂലദ്വയവും സമന്ത്രം. 72

വരൻ ദുകൂലാഢ്യനെ വേത്രിമാർ പോയ്
പരം നമിച്ചാവധുവോടണച്ചാർ
നുരച്ചെഴുന്നാഴിയെ വേലയോടു
ശരൽപ്പുതുച്ചന്ദ്രകരങ്ങൾപോലെ. 73

വരാനനേന്ദുപ്രഭ മൂത്തടുത്തു–
ള്ളൊരാൎയ്യയാൽക്കൺകുമുദം വിരിഞ്ഞു
ഹരന്നു ചേതസ്സലിലം തെളിഞ്ഞു
പരം ശരത്താലുലകിന്നുപോലേ. 74

ചേണാൎന്നു തമ്മിൽക്കരുതാതെ ചേൎന്നും
ചേൎന്നാൽബ്ഭയാലാശു തിരിഞ്ഞു പോന്നും
നാണത്തിനാൽ നന്നെ വലഞ്ഞു തമ്മിൽ
ക്കാണാൻ കൊതിക്കുന്ന തദീക്ഷണങ്ങൾ. 75

ഉൾപ്രീതിയാൽ ഗ്ഗൌരിയിൽ വന്നൊളി-
പുഷ്പേഷുവിൻ മുന്നുള്ളയെന്നപോലായ്
ചോപ്പംഗുലിക്കാൎന്നൊരുമാകരത്തെ-
യൎപ്പിക്കെ വാങ്ങി ഹിമവാനൊടീശൻ. 76

ചിക്കന്നു രോമാഞ്ചമുമയ്ക്കു ചീൎത്തു
മുക്കണ്ണനോ കൈവിരലും വിയൎത്തു
തൽക്കയ്യിണക്കം സ്മരവൃത്തിയെത്താൻ
തക്കത്തിലൊപ്പം ബത പങ്കുവെച്ചോ. 77

നേരെവിവാഹത്തിൽ വധൂവരക്കു
നിരസ്തമായുള്ളഴകിൻവിലാസം
ആരന്തികം ചേൎന്നിതിന്നാലെഴുന്നി-
താരണ്ടുപേൎക്കുള്ളഴകെന്തുചൊൽവൂ. 78

കാളിട്ടമഗ്നിക്കു വലത്തുവെച്ചാ-
ക്കാളീമൃഡന്മാരതിയായ് വിളങ്ങി
കേളിപ്പെട്ടും മേരുവെയൊത്തു ചുററി
മേളിക്കുമല്ലും പകലും കണക്കേ. 79

തൊട്ടങ്ങി ചിമ്പുന്നവർ തീയ്ക്കു മൂന്നു
വട്ടം വലംവെച്ചു ഗുരൂക്തിയാലേ
ചുട്ടററലാജം വളരുന്ന തീയി-
ലിട്ടാൾ മുറയ്ക്കാവധു നേൎക്കു പിന്നെ 80

ആലാജധൂമാഞ്ജലി ദേശികാജ്ഞ-
യാലാനനം ചേൎത്തു മുദാ മൃഡാനി;
ലോലാഗ്രമായ് തൽക്കവിൾചേൎന്നുതന്നു
ചേലാൎന്ന കൎണ്ണോല്പലമായ് ക്ഷണാൎദ്ധം. 81

മൂതിൎന്നിവണ്ണം പുകയേററ വക്ത്ര-
മതിൽച്ചുവന്നൊട്ടു വിയൎത്തു ഗണ്ഡം
കുതിൎന്നുപൊങ്ങി മഷി കണ്ണിൽ, വാടീ
സതിക്കു കാതാൎന്ന യവപ്രരോഹം. 82

ഓതീ ദ്വിജൻ കന്യയൊ“ടഗ്നി വത്സേ!
ചെയ്യീടുമീ വേളിവിധിക്കു സാക്ഷി
നീതിക്കു കാന്തൻ ശിവനൊത്തു ചിന്ത
നീ തീരെ വിട്ടിങ്ങിനെ ചെയ്ക ധൎമ്മം.” 83

കാതാൎത്തു കണ്ണോളമുടൻ വിടൎത്തി
ജ്ജാതാദരം തദ്വചനം ഗ്രഹിച്ചു
ഭൂ,തപ്തയാഗ്ഗ്രീഷ്മലിലിന്നാദ്യം
പെയ്യുകളിൎപ്പുമഴയേക്കണക്കേ. 84

കാണിച്ചു കാന്തൻ ധ്രുവനെദ്ധ്രുവൻ ശ-
ൎവ്വാണിക്കതിൽദ്ദേവി പരം ഞെരുങ്ങി
നാണിച്ചു മെല്ലെത്തലപൊക്കിയൊച്ച-
താണിന്ദുതുല്യാനന“കണ്ടു”വെന്നാൾ. 85

അതാതു വേളിക്രിയയാ വിധിജ്ഞ-
നതാന്തമോദം ഗുരു ചെയ്തശേഷം
പിതാമഹൻ തന്റെ പദത്തെ ലോക-
പിതാക്കൾ പോയങ്ങു വണങ്ങി പിന്നെ. 86

ശിവയ്ക്കു 'വീരപ്രസുവാക നീ'യെ-
ന്നിവണ്ണമാശിസ്സരുളി വിരിഞ്ചൻ
ശിവന്നൊരാശിസ്സഥ തോന്നിയില്ല-
ന്നവന്നു വാഗീശ്വരനെങ്കിലും താൻ. 87

അണിഞ്ഞുമിന്നും ചതുരത്തറയ്ക്ക-
ലണഞ്ഞു പൊമ്പീഠമുടൻ കരേറി
ഇണങ്ങി മോദിച്ചവരേററ ബന്ധു-
ഗണങ്ങൾ തൂകും സജലാക്ഷതത്തെ. 88

നിരന്നിതൾത്തുമ്പണിനീരു മുത്തിൻ-
നിറം കൊടുക്കും കമലാതപത്രം
ഹരാംബമാക്കാനെടുനാളദണ്ഡം
കരാംബുജേ ചേർത്തു പിടിച്ചു ലക്ഷ്മി. 89

വാക്കായെഴും ദേവി തരംതിരിച്ചു
വാക്കാലെയന്നമ്മിഥുനത്തെ വാഴ്ത്തി
സംസ്കാരപൂതം മൊഴിയാവരങ്കൽ
തൽക്കാന്തയിൽ പ്രാകൃതവാക്കുമാക്കി. 90

വൃത്തിക്കു നൽസ്സന്ധിയിൽ മാററമാന്നും
ചേൎത്തും രസങ്ങൾക്കഥ, ചേൎന്നരാഗം
തത്രാപ്സരസ്ത്രീകൾ തുടൎന്ന നാട്യം
പാൎത്താർ തെളിഞ്ഞായവർ തെല്ലുനേരം. 91

ഈമട്ടു വേട്ടാഹരനോടു വാഴ്ന്നാർ
കാമം കരംകൂപ്പിയുണൎത്തി പിന്നെ
ആമഞ്ജുമെയ്, ശാപമകന്നു, ചേൎന്ന-
കാമന്നു സേവാവസരം കൊടുപ്പാൻ. 92

ഹരൻ കനിഞ്ഞാസ്മരനാജ്ഞ നല്കി
ശരങ്ങൾ തങ്കൽപ്പെരുമാറുവാനും
തരം വരുമ്പോൾ പ്രഭുവോടു പോയ്ത്താ-
ന്നിരപ്പതപ്പോൾ സ്സഫലീഭവിച്ചു. 93

മതിധരനഥദേവന്മാരെയൊക്കെപ്പിരിച്ചാ-
ക്ഷിതിധരസുതയാൾതൻ കൈപിടിച്ചങ്ങണഞ്ഞു
പുതിയ കനകകുംഭം വെച്ചു പൂവിട്ടണിഞ്ഞാ-
ക്ഷിതിവിരചിതശയ്യാകാന്തമാം കേളിമച്ചിൽ. 94

പുതുവധുവണിനാണം പൂണ്ടു,താൻ പോകുമിന്ദു-
പ്രതിമമുഖമകത്തില്പ്പേൎത്തുമാപ്പാളിയോടും (ൽ-
പ്രതിമൊഴികൾ ചുരുക്കം പതിയിൽ ശ്രദ്ധമായ്ത്ത
പ്പതിനിജ ഗണഗോഷ്ഠിപ്പിട്ടിനാൽ ചേൎത്തു ഹാസം.

ഏഴാം സൎഗ്ഗം കഴിഞ്ഞു.

# എട്ടാം സൎഗ്ഗം.

വേളി തീൎന്നുമവളാൎന്നസാദ്ധ്വസ–
ക്കോളിളക്കമെണ്ണി ഭാവഭംഗിയാൽ
നാളിൽ നാളിൽ നളിനാശുഗന്നു കാ–
ന്താളികാക്ഷനിൽ വളം വളൎത്തിനാൾ. 1

ഉത്തരം പറകയില്ല, കൈപ്പട–
ച്ചേൎത്തവേ കൊതിയെണ്ണിറവ പോകുവാൻ,
മെത്ത ചേൎന്നഥ മുഖം തിരിക്കുമി–
വൃത്തവും രതി ഹരന്നു ചേൎത്തുതേ. 2

കണ്ണടച്ചു കളവായുറങ്ങി മു–
ക്കണ്ണനങ്ങിനെ ചിരിച്ചുണൎന്നതിൽ
തിണ്ണമങ്ങണയെ, മിന്നലേല്ക്കിലാം
വണ്ണമാശു മിഴി ചിമ്മി പാൎവ്വതി. 3

അക്കിശോരശശിശേഖരൻ കരം
പൊക്കിൾ ചേൎക്കെയുടലും വിറച്ചവൾ
നീക്കിയാലുമഥ കുത്തഴിഞ്ഞുപോയ്
നേൎക്കിയന്നൊരണിനീവി താൻ സ്വയം. 4

'ശങ്കവിട്ടൊളിവിലേവമാകെടോ
ശങ്കരങ്ക'ലിതി തോഴി ചൊൽവതും
തിങ്കൾചൂഡനണയെപ്പുരുങ്ങുമ–
പ്പങ്കജാക്ഷി മുഴുവൻ മറക്കുമേ. 5

വല്ലതും പറവതിന്നു ചോദ്യമാ-
വല്ലഭൻ വഴിയെയൊന്നു ചെയ്യുവേ
നല്ല നോക്കിലതു മേററ നല്കിനാൾ
മെല്ലവേ തല കുലുക്കലുത്തരം. 6

ചേല ശങ്കരനഴിക്കെ രണ്ടു ക-
യ്യാലവൻെറ മിഴി പൊത്തിയദ്രിജ
ഫാലനേത്രമടയാഞ്ഞു പാഴിലാം
വേലയോർത്തു വിജനേ കുഴങ്ങിനാൾ. 7

നല്കയില്ല ചൊടി ചുംബനേ, ദൃഢം
പുല്കുവേ വെറുതെ നില്ക്കുമക്കരം
ചെയ്കയില്ലെതിർ; മനോജനെത്തട-
ഞ്ഞാകിലും പ്രഭുവിനിഷ്ടമാ രതം. 8

ചുണ്ടുപൊട്ടരുതു ചുംബനേ, നഖം
കൊണ്ടു മെയ് മുറികവയ്യ,യിങ്ങിനേ
കണ്ടു ചെയ്യു മൃദുലീലയിൽ പ്രിയം
കൊണ്ടു, മററവയിലില്ല, പാർവ്വതി. 9

രാവിലെക്കഥകളോതുവാനക-
പ്പൂവിലോർത്തു കൊതിയാർന്നിതെങ്കിലും
രാവിലേസ്സഖികളോടതോതിയി-
ല്ലാവിലാസിനി വളർന്ന ലജ്ജയാൽ. 10

നോക്കിട്ടുള്ളു മുകുരേ രതിവ്രണം
നോക്കവേ നിജനിഴൽക്കു പിന്നിലായ്
നില്ക്കുമീശനിഴൽ കണ്ടു ഗൗരിയെ-
ന്തൊക്കയോ സ്സുദതി ചെയ്തു ലജ്ജയാൽ. 11

ശൂലി നേർക്കനുഭവിച്ച യൗവനാ-
ച്ചേലിനാൽത്തെളിവിയന്നു തൽപ്രസൂ;
മാലിഹ പ്രസൂവിനാറമമേ വധൂ-
മൌലിമാലകൾ പതിപ്രിയത്തിനാൽ. 12

ഒട്ടനാൾക്കിടയിലീശ്വരൻ പണി-
പ്പെട്ടു പാർവ്വതിയെയൊന്നിണക്കിനാൻ;
കിട്ടുമംഗജരസം പിടിക്കയാൽ
വിട്ടു ദേവി രതിനീരസം ക്രമാൽ. 13

മാരചേഷ്ടവരനെപ്പുണർന്നു വാ-
മോരു നല്ലി മുഖമാഗ്രഹിക്കവേ
ചാരുകാഞ്ചി തൊടുമാവരന്റെ കൈ-
ത്താരുതട്ടൽ വളരെപ്പതുക്കെയായ്. 14

വിപ്രവാസകഥ കേൾക്കിലും ഭയം,
വിപ്രിയം മറയലൊട്ടു നാൾക്കകം,
ഇപ്പടിക്കു, കളിവാക്കു മൊത്തവ-
ക്കൊപ്പമാർന്നു രതി, ഭാവസൂചിതം. 15

അംഗനാമണിയുമങ്ങു ചേച്ച്ക-
ണ്ടംഗജാരിയുമിണങ്ങി തങ്ങളിൽ;
ഗംഗസിന്ധുവെ വിടില്ല, സിന്ധുവും
ഗംഗതൻ മുഖരസൈക്ലോലുപൻ 16

ശിഷ്യയായ് നിധുവനോപദേശമ-
ത്ത്യക്ഷനോടൊളിവിൽ വാങ്ങിയോരുമ
ശിക്ഷിതപ്പുതുരതപ്രയോഗമേ
ദക്ഷിണയ്ക്കു ഗുരുവിന്നു നല്കിനാൾ. 17

ചുണ്ടു തൽപതി കടിച്ചുവിട്ടതായ്
കണ്ടു, നൊന്തു കരവും കുടഞ്ഞവൾ
വീണ്ടുമീശമുടിമുഗ്ദ്ധചന്ദ്രനിൽ
ക്കൊണ്ടുവെച്ചതിനു താപമാററിനാൾ. 18

നെററിചേന്ന മിഴി, ചുംബനങ്ങളിൽ
ചെററിടയ്ക്കുളകചൂണ്ണമേല്ക്കയാൽ
ചോററി, പൂമണമണിപ്രിയാമുഖ-
ക്കാററിനേകി കുതുകാൽപ്പിനാകിയും. 19

ഏവമിന്ദ്രിയസുഖപ്രദങ്ങൾതൻ
സേവനായനുഗൃഹീതകാമനായ്
ദേവദേവനൊരു മാസമംബയൊ-
ത്താവസിച്ചിതഗരാജമന്ദിരേ. 20

നന്ദിനീവിരഹതപ്തനാം കുളുർ-
ക്കുന്നിനോടു വിട വാങ്ങിയീശ്വരൻ
തന്നമേയഗതിയായ കാളയായ്
ചെന്നതാത്തുദിശി കേളിയാടിനാൻ. 21

മേരുചേർന്നു, മരുദാശ്രുവാഹനോ-
ത്തോരുമാസ്യനപുരസ്കൃതൻ കൃതി
ചാരുപൊൻതളിർവിരിപ്പിൽ വാണു വാ-
മോരുവൊത്തിരവിലാരതോത്സുകൻ. 22

ചാരുശൌരി ചരണാങ്കമായ്ത്തെരി-
ച്ചോരു പുത്തനമൃതാർന്ന മന്ദരേ
ചേരുമാത്തടഭുവി പ്രിയാനനാം-
ഭോരുഹാളിയവനന്നു മേവിനാൻ. 23

രാവണാരവഭയാൽക്കുഴത്തണ-
ച്ചാവരാംഗി മുറകെപ്പുണർന്നവൻ
പാവനക്കുളിർനിലാവിൽ മേവിനാൻ
ദേവ,നൊത്ത ധനദോത്തമാദ്രിയിൽ. 24

ചെന്നൊരിക്കൽ മലയാദ്രിമേൽ രമി-
ക്കുന്നൊരീശനു, നിജപ്രിയാക്ലമം
ചന്ദനക്കൊടിയുലച്ചെഴും കുളിർ-
ത്തെന്നൽ ചാടുപടുപോലകററിനാൻ. 25

കഞ്ജതാഡിതവരൻ കരാംബു ചേ_
ൎത്തഞ്ജസാ മിഴിയടച്ച ഭംഗിയിൽ
മഞ്ജുമീനകൃതകാഞ്ചിയായ്ഗ്ഗിരി-
കളഞ്ഞു നാകനദിതന്നിൽ മുങ്ങിനാൾ. 26

ഗൌരിയിൽ,ശ്ശുചി തെളിഞ്ഞു ചൂടുമ-
പ്പാരിജാതമലർ ചേൎത്തു, നന്ദനേ
നേരിടുന്ന,ഹരനപ്പൊളപ്സരോ_
നാരിമാൎക്കു നയനൈകദൃശ്യനായ്. 27

ഉൎവ്വരാത്രിദിവസൎവ്വസൌഖ്യവും
പാൎവ്വതീസഖനിവണ്ണമാൎന്നുടൻ
ശൎവ്വനെത്തിയഥ ഗന്ധമാദനം_
പൎവ്വതത്തിലൊരുനാളിലന്തിയിൽ. 28

ഹേമചാരുശിലചേൎന്ന ചൂടവും
താമരപ്രിയനെയങ്ങു പാൎത്തുടൻ
വാമഹസ്തധൃതധൎമ്മപത്നിയോ_
ടാമഹേശ്വരനിവണ്ണമോതിനാൻ:— 29

"സാരസാഭയരുണത്രിഭാഗമാ_
യോരു നിൻമിഴിയണച്ചപോലിനൻ
പാരമിപ്പകൽ മുടിപ്പു, സംക്ഷയേ
പാരശേഷവു,മജൻകണക്കിനേ. 30

നീക്കണങ്ങളൊട്ട രശ്മി ചേർത്തിടാ-
തക്കനസ്തമിതനായവേളയിൽ
ഓക്ക, നല്ല മഴവില്ലു മാഞ്ഞുപോ-
യൊക്കെ നിൻജനകനിർഝരങ്ങളിൽ. 31

സാപ്പെട്ടം കമലകേസരം ശ്രുചാ
തുപ്പി, നിഷ്ഫലർ ഗളവും തിരിച്ചിതാ
പാപ്പു നീരിലിരുകോക,മീയിവ-
ക്കല്പമന്തരമനല്പമായിതേ. 32

ദന്തി, രാത്രിചരണത്തി,നിന്തലിൻ-
ഗന്ധമാർന്ന പകൽ മേഞ്ഞ ദിക്കിനേ
സന്ത്യജിച്ചിത കുടിച്ചിടുന്നു ക-
ഞ്ജാന്തരത്തിലളി ചേർന്നിടും ജലം. 33

കാണ്ക, പശ്ചിമദിഗന്തലംബിയായ്
തങ്കളപ്രതിമ നീട്ടി വിട്ടിനൻ
തങ്കവൻചിറയിടുന്നിതോ സര-
സ്സിങ്കലീനിലയിലല്പഭാഷിണി! 34

[illegible] വെയിലാറവേ കുള-
ന്നിന്നരിയ കാട്ടുപന്നികൾ
വേറിടാതെ വദനേ ബിസാങ്കുരം
പേറിടുന്നപടി തേറ്റ കാട്ടുവോർ. 35

ഭൂരുഹാഗ്രഭുവി പീലിമണ്ഡലം
ചേരുമാക്കനകകാന്തിയൊത്തവൻ
ചാരുവാ,യ്ക്കുറയുമന്തിവെയ്ലു കാ-
ന്തോരു! മൈലിതിഹ മോന്തിടുന്നിതോ? 36

ചേറപോലിരുൾകിഴക്കി,ന്നൻ ഹരി-
ച്ഛേദമാപ്പൊലിമ പോയ്വെയിൽജ്ജ്വലം,
ചേരുമീനിലയിൽ വാനു നീർകുറ-
ഞ്ഞോരുപൊയ്കയുടെ മട്ടിലായിതേ. 37

മാനണഞ്ഞൊരുടജാങ്കണം, പരം
വേർന്നണഞ്ഞ ചെടി,യഗ്ന്യധേനുവും,
ഊനമററൊരെരിതിയ്യുമാശ്രമ-
സ്ഥാനശോഭയെ വളർത്തിടുന്നു;തേ. 38

നില്പതുണ്ടടയുമംബുജം തെളി-
ഞ്ഞല്പമപ്പുഴുതടച്ചിടാതെതാൻ
ഷൾപ്പദത്തിനു രസാൽക്കടന്നതിൽ
പാർപ്പതിന്നിടകൊടുത്തിടുംപടി. 39

കട്ടരശ്മിവിടുമർക്കനാൽത്തുട-
ത്തചിട്ടു തട്ടി വരുണാശ നില്പുതേ
കാട്ടുമല്ലിയൊടു ചെമ്പരത്തിയാം
പൊട്ടുതൊട്ട ചെറുകന്യ പോലവേ. 40

സ്വൈരമാഭ ശിഖി ചേൎക്കുമൎക്കനെ-
ച്ചേരുമംശു നുകരും മഹൎഷികൾ
തേരണിക്കളഹയസ്വരത്തിലാ-
സ്സാര,സാമമറയാൽ സ്തുതിപ്പുതേ. 41

തണ്ടുലച്ച് സട, കർണ്ണചാമരം
കൊണ്ടുരഞ്ഞ മിഴി, താഴമാസ്യവും,
പൂണ്ട വാജിയെഴുമൎക്കനൊഴിയിൽ
കൊണ്ടുവെച്ചു പകൽ, അസ്തമെത്തിനാൻ. 42

ഭാസ്കരൻ മറയെ മങ്ങി വാനു,വ-
മ്പൊക്കുവോരുടയ മട്ടിതെപ്പൊഴും,
നോക്കുദിപ്പതവരെങ്ങു മിന്നുമ-
ദ്ദിക്കു മങ്ങുമവർ വിട്ടിടുന്നിടം. 43

അസ്തമിക്കുമളവച്ച്യനൎക്കനൊ-
ത്തസ്തശൈലമണയുന്നു സന്ധ്യയും;
സാദ്ധ്വി,തന്നെയുദയേ പുരസ്കരി-
ച്ചോൎത്തൊരാളെ വിടുമോ വിപത്തിലും. 44

അഭ്രകോടികളി,ലൂത,പീതവും,
ചോപ്പുമൊത്തഴകു കാങ്കെ കാൎകചേ!
ചേൎപ്പിതോ നിറമിവൎക്കു സന്ധ്യ, നി
പാൎപ്പതിന്നു, ചലതൂലികാഞ്ചലാൽ? 45

നൽക്കുരുന്നണിമരങ്ങളും, കേസരി-
യ്യോക്കുമപ്പുടകളും, ധാതുമാട്ടുകളും
അക്കു,നിഗ്ഗിരിയിലുള്ളിവയ്ക്കു തൻ-
ചോക്കുമന്തിവെയിൽ പങ്കുവെച്ചിതോ? 46

അദ്രിരാജതനയേ! തപസ്വിമാർ
തീർത്ഥതോയകലിതാർഗ്ഘ്യരാദരാൽ
അത്ര ശ്രദ്ധമിത സന്ധ്യകണ്ടു ഗാ-
യത്രി ശുദ്ധിപുലരാൻ ജപിപ്പുതേ. 47

ആകയാലിവനു,മന്തിയൂക്കുവാൻ
പോകുവാനിട തരേണമേ ക്ഷണം
പാകമായ്സ്സുവചനേ! വിനോദമി-
ങ്ങേകുമീ വിരുതെഴുന്ന തോഴിമാർ.” 48

ചെല്ലു ചെഞ്ചൊടി ചുളിച്ചു, വല്ലഭ-
ച്ചൊല്ലുകേട്ട നില കാട്ടിടാതുടൻ
ചൊല്ലിനാളു ചിലതു ദേവിയന്തികേ
ചെല്ലുമാ വിജയയോടഹേതുകം. 49

വേണ്ടുമന്തിവിധി മന്ത്രമോതു മു-
ത്താണ്ടു ചെയ്തു ഹരനും ചിരിച്ചുടൻ
വീണ്ടുമെത്തി, മൊഴിവി,ട്ടസൂയയും-
ക്കൊണ്ടുമേവുമുമയോടു ചൊല്ലിനാൻ: — 50

"നീ കയക്കൊല, നമിച്ചു സന്ധ്യയെ-
ക്കൈകൾ കൂപ്പിയനിമിത്തകോപനേ!
കോകമൊത്തു, സഹധർമ്മചാരിയായ്
വാഴ്കയാണിവനതോർമ്മ വിട്ടിതോ? 51

വേണ്ടപോലെ പിതൃസൃഷ്ടി ചെയ്യുജൻ
പണ്ടുവിട്ട തനുതന്നെ, മാനിനി!
രണ്ടു സന്ധ്യകളു,മാകയാലെനി-
ക്കുണ്ടു കേളവയിലാദരം പരം. 52

ചിന്തിടുന്നൊരിരുളിൽക്കുഴഞ്ഞുപോ-
രന്തി കാങ്ക ഗിരിരാജനന്ദിനി
വൻതമാലമൊരുവക്കിലാന്നെഴും
കാന്തധാതുരസസിന്ധുപോലവേ. 53

ചാരുരക്തവരപോലെ ബാക്കിയായ്
ത്തീരുമന്തിവെയിലാന്ന ദിക്കിതാ
ചേരുമാറിണമൊട്ടും തിരിച്ചേറി-
ഞ്ഞോരു വാളെഴുമടക്കളംവിധം. 54

രാപ്പകൽക്കിടയിലുള്ളൊരന്തിവെ-
ലിപ്പടിക്കു കനകാദ്രിമാർഗ്ഗവേ
അല്പമല്ല തടവറവ കൂരിരു-
ട്ടുല്പലാക്ഷി! നിറയുന്നിതെങ്ങുമേ. 55

പോകവയ്യ വഴി മുട്ടി കണ്ണുകഠം-
ക്കാകവേ സുദതി! പത്തുദിക്കിലും
ലോകമിങ്ങിരുഠം ചുഴന്നു ഗംഗ-
ന്മാർകണക്കു മരുവുന്നു രാത്രിയിൽ. 56

ചിത്ത, നല്ലതു, ജു, വക്രവും, ഛരി-
ഞ്ഞാത്തതും, ചരവുമല്ലിലൊപ്പമായ്;
ചിത്തഭേദമറിയിച്ചിടാത്ത വ-
ല്ലാത്തഃസത്തിനുടെ വൃദ്ധി നിന്ദ്യമേ. 57

ശീതഭാനുവുയരുന്നു രാവിലി-
ജ്ജാതമാമിരുളകററവാൻ ദൃഢം
ശ്വേതപത്മമുഖി! പൂർവ്വദിങ്മുഖം
കേതകപ്പൊടിയണിഞ്ഞപോലെയായ്. 58

മന്ദരം മറയുമിന്ദുവൊത്തു കാ-
ണുന്നു താരകഠം കലൎന്ന രാത്രിയെ
പിന്നിൽ ഞാൻ ചെവികൊട്ടുകെയൊളിമാർ
ചേൎന്നരയ്ക്കുവൊരു നിന്നെയാംവിധം. 59

നിർഗ്ഗമത്തടവുപോയ് കിഴക്കു വ-
ന്നൽഗ്ഗമിച്ചിത സചന്ദ്രികാസ്മിതം
ആഗ്രഹിപ്പൊരു നിശയ്ക്കു തിങ്കഠം ത-
ദ്വിഗ്രഹസ്യമറിയിച്ചിടുന്നതേ. 60

പാകചാരുഫലിനീഫലപ്രഭൻ
പൊയ്കയിൽ പ്രതിമ ചേർപ്പൊരീശ്ശശി
ശോകമാർന്നിണപിരിഞ്ഞ കന്നെഴും
കോകയുഗ്മനില കാട്ടിടുന്നുതേ. 61

കോമളപ്പുതുയവാങ്കുരാഭമി-
സ്സോമരശ്മിയവതംസമാക്കുവാൻ
താമരാക്ഷി! തവ, കൈനഖങ്ങളാൽ
ത്തൂമയോടിഹ മുറിച്ചെടുത്തിടാം. 62

തിങ്കളും, കൂന്തൽ വിരലാൽക്കണക്കെ, നി-
ശ്ശങ്കമിങ്ങിരുളൊതുക്കി രശ്മിയാൽ,
പങ്കജാക്ഷിയടയും നിശാമുഖ-
ത്തിങ്കലുൾക്കൊതിയൊടുമ്മവെയ്ക്കയോ! 63

വാന,മൊട്ടിരുൾ നിലാവിലാററ പ-
ത്മാനനേ! വിലസിടുന്നു കാൺക നീ
ആനചാടിയ കലക്കമെററെഴും
മാനസോത്തമസരസ്സുപോലവേ. 64

ലാച്ഛസിപ്പു നിജരാഗമുക്തനായ്
ശ്രീലശുദ്ധതനുവായ് ദ്വിജാധിപൻ
കാലദോഷജവികാരമേറെ നി-
ല്ലീലയേ, പ്രകൃതിശുദ്ധനിൽപ്രിയേ! 65

ഇന്ദുരശ്മിയിതുയന്ന ദിക്കിലെ-
ത്തുന്നു രാവിലിരുൾ താണ ദിക്കിലും
വന്നുചേരുമിഹ നന്മതിന്മകൾ-
ക്കെന്നുമേ ഗതിയതാതിനൊത്തുതാൻ. 66

ചന്ദ്രകാന്തിയിലലിഞ്ഞു വീണിടും
ചന്ദ്രകാന്തജലബിന്ദുവാൽഗ്ഗിരി
തന്നിതംബതരുചേന്ന മൈലിനെ
തന്വി കാങ്കസമയത്തുണത്തിനാൻ. 67

സൈ്വരമിശ്ശശി,കരങ്ങൾ നീട്ടി മ-
ന്ദാരദാരുശിഖരങ്ങളിൽ സ്വയം
പാരമുൾപ്രിയമിയന്നു കോക്കയോ
ഹാരമിപ്പൊഴവികല്പസുന്ദരി! 68

താന്നുമൊട്ടിടമുയന്നുമുള്ളൊരി-
ക്കുന്നു ചേന്നിരുൾകലന്ന ചന്ദ്രിക
ഇന്നു ദന്തികളണിഞ്ഞ ഭൂതിയൊ-
ക്കുന്നു നോക്കുകരവിന്ദലോചനേ! 69

പാരമാത്തിയൊടു പൂനിലാവിതി-
ന്നേരമത്രവളരെക്കുടിക്കയാൽ
സൈ്വരമുക്തമധുപാരവത്തൊടും
കൈരവം കടവരേ ഛിരിഞ്ഞുതേ. 70

ശുദ്ധചന്ദ്രിക സുരദ്ദ ചേൎന്നേഴും
വസ്ത്രമേകുവൊരു രൂപസംശയം
എത്തിയത്തരുവുലച്ചു മാരുതൻ
വ്യക്തമാംപടി ദൃഢീകരിപ്പതേ. 71

ചാരുവൃക്ഷദളഭിന്നമായി, വി-
ണ്ണോരു പൂക്കളുടെ മട്ടു, ചോട്ടിലായ്
ചേരുമീ മുറിനിലാവെട്ടത്തു കാ-
ന്തോരു! നിൻെറ കുറുകുന്തൽകെട്ടിടാം. 72

മുഗ്ദ്ധയാം തരളയോഗതാരയായ്-
ശ്ശുദ്ധചന്ദ്രമുഖി! ചേൎന്നിതിശ്ശശി;
സാദ്ധ്വസാൽ വിറപെടും നവോഢയാം
സാദ്ധ്വിയോടു വരനെന്നപോലവേ. 73

തന്വി! നല്ല ശരകാണ്ഡപാണ്ഡുവായ്
മിന്നിടുന്ന തവ ഗണ്ഡമണ്ഡലേ
ചിന്നിടും ശശികരാങ്കുരം മുള-
യ്ക്കുന്നിതോ മതിയെ നിയ്യു നോക്കവേ. 74

കാന്തകല്പതരുമാദ്ധ്വി, യംശുമൽ-
ക്കാന്തരക്തമണിഭാജനത്തിലായ്
ഏന്തിനിന്നരികിൽ വന്നു നില്പതേ
. ഗന്ധമാദനവനാധിദേവത. 75

ആർദ്രകേസരസുഗന്ധി നിന്മുഖം
മത്തരക്തനയനം സ്വതേ ശുഭേ!
അത്ര ചേർന്നിവകളെന്നിയേ ഗുണം
മദ്യമെന്തിഹ തരും വിലാസിനി! 76

ഭക്തിമാന്ദ്യമഥവാƒളിമാരിലെ-
ന്നോർത്തു വാങ്ങുകി,തനംഗദീപനം"
ഇത്യുദാരമുരചെയ്തു ശങ്കരൻ
മദ്യമദ്രിതനയയ്ക്കു നൽകിനാൻ. 77

മദ്യസേവയതിനാൽ മനോജ്ഞമാ-
യദ്രിനന്ദിനി വികാരമാർന്നുതേ
ഒത്ത നല്ല വിധിയോഗവൈഭവാൽ
അത്ര മാവു സഹകാരമാംവിധം. 78

നാണമാററി മുട്ടമെത്തമേൽക്കിട-
ത്തേണമെന്നു കരുതിസ്സുരാഗരായ്
വാണ വല്ലഭനു,മാമദത്തിനും
ശോണപത്മമുഖി പാട്ടിലായ് ക്ഷണാൽ. 79

വേർത്തു, വാക്കിടറി,യെന്തിനോ ചിരി-
ച്ചാർത്തഴ്ലൂർണ്ണമിഴിയാം പ്രിയാമുഖം
പാർത്തു ശംഭുവദനേത്തിനാലെയ-
ല്ലാസ്ഥയോട്ടു മിഴിയാൽ നുകർന്നുതേ. 80

സോമമൌലി ജ്വലനം കനത്തൊരാ
ഹേമമേഖലയഴഞ്ഞ കാന്തയേ
കാമമോ,ക്കെ വിഭവങ്ങളൊത്തു ചേ-
ന്നാമണിപ്പുതുഗൃഹത്തിലേറിനാൻ. 81

അന്നമുഗ്ദ്ധമൃദുമേൽവിരിപ്പിനാൽ
ജാഹ്നവീപുളിനമൊത്തമെത്തയിൽ
ചേൎന്നു സോമനഥ, രോഹിണീവരൻ
ചെന്നു ശാരദഘനത്തിലാംവിധം. 82

ആടിയമ്പിളി കചഗ്രഹേ, നഖ-
പ്പാടിയന്നിതു, മുറിഞ്ഞു മേഖല,
തേടി മത്സര,മിറണ്ണമൊട്ടു കൂ-
ത്താടിയുഠംക്കൊതി വിടാതെതാൻ മൂഢൻ. 83

പാരമദ്ദയിതയിൽക്കനിഞ്ഞു താൻ
നേരമൊട്ടുപുലരാനടുക്കവേ
മാറണഞ്ഞുമ പുണൎന്നു സൌഖ്യമാ-
ണ്ടാറടച്ചു മിഴി ചന്ദ്രശേഖരൻ. 84

നാകവൈണികരണഞ്ഞു മംഗളം
പാകമായുഷസി പാടിവാഴ്ത്തവേ
ലോകവന്ദിതനവൻ സുവൎണ്ണപ-
ത്മാകരങ്ങളൊടുമൊത്തുണൎന്നുതേ. 85

ചെററ തണ്ടലർ വിടർത്തി, മാനസേ
മുററമോള,മുളവാക്കിയെത്തവേ
ഏററ ദമ്പതികൾ ഗന്ധമാദന-
ക്കാററ, പൂൽകിയൊരു കയ്യുഴച്ചവർ. 86

പുത്തനായ നഖമുദ്ര ചേൻറു ചേ-
ലൊത്ത തൽത്തുടകൾ നോക്കുമീശ്വരൻ
കുത്തഴഞ്ഞ വസനം മുറുക്കുവാ-
നോർത്ത ഗോത്രസുതയെത്തടുത്തുതേ. 87

വിട്ടു നിദ്ര മിഴി രക്തമായ്,മുറി-
പ്പെട്ടു ചുണ്ട,ളകമൊട്ടുചിന്തിയും
പൊട്ടു പൊട്ടിയുമെഴും പ്രിയാമുഖ-
ത്തിട്ടു കാമി കൊതികൂടി നോക്കിനാൻ. 88

പൊട്ടിടും രശന, കാലണിച്ചുവ-
പ്പൊട്ടിടഞ്ഞു ചുളിയും വിരിപ്പുമേ,
പെട്ടിടുന്ന മൃദുമെത്ത ശംഭു കൈ-
വിട്ടിടാതെ മരുവി വെളുപ്പിലും. 89

നേക്കുമാമുഖരസാ സദാ സുഖം
ചീക്കുമാറ നുകരാൻ കൊതിക്കയാൽ
ആക്കുമേ, വിജയ ചൊൽകിലും തദാ
പാക്കുവാനിട കൊടുത്തതില്ലവൻ. 90

ദിവസനിശകൾ നോക്കാക്കാമമാൎന്നങ്ങുപോയി
ശിവ,ന്റുശത,മല്ലൊന്നെന്നപോലെങ്കിലുംതാൻ
അവനു രതസുഖത്തിൽത്തൃപ്തി കൈവന്നതില്ലാ
ലവവു,മുദധിനീരിൽബ്ബാഡവാഗ്നിക്കുപോലേ. 91

എട്ടാംസർഗ്ഗം കഴിഞ്ഞു.

PRINTED AT THE VIDYA VINODINI PRESS, TRICHUR.

B 145

MUL
034829